# വിഷയവിവരം


1. ഗുരുനാഥനും നവവത്സരവും 1
2. എൻെറ ചില ബാല്യസ്മരണകൾ 3
3. സാഹിത്യാഭിരുചി 7
4. മീരാബായി 14
5. ബാബു അരവിന്ദഘോസ് 16
6. പാഠക്കുറിപ്പ് 25
7. അമേരിക്കയിലെ വലിയ മതവിപ്ലവം 31
8. അന്നത്തെ കൃതാർത്ഥത 34
9. ഈജിപ്ററിലെ ഒരു വിദ്യാഭ്യാസപ്രവർത്തക 36
10. നമ്മുടെ വിദ്യാഭ്യാസം 39
11. പുസ്തകാഭിപ്രായം 45
12. കുറിപ്പുകൾ 46

ഹെഡ്മാസ്റ്ററന്മാരും ഹെഡ്മിസ്റ്ററസ്സുകളും

# ശ്രദ്ധിക്കണം

ഡിപ്പാർട്ടുമെൻറ് മേലധികാരിയുടെ ലെററനുസരിച്ച് ഞങ്ങൾ, ഹെഡ്മാസ്റ്ററന്മാരുടേയും ഹെഡ്മിസ്റ്ററസ്സുകളുടേയും മേൽവിലാസത്തിൽ സ്കൂളുകളിലേയ്ക്ക് അയച്ചുകൊണ്ടിരിക്കുന്ന മാസികകൾ അവരിൽ പലക്കും കിട്ടാറില്ലെന്നു പരാതിയുള്ളതായി കാണുന്നു. അഞ്ചൽകുഴപ്പം മൂലമൊ, മററുവിധത്തിലൊ ഇങ്ങിനെ കിട്ടാതെവരുന്നത് എന്നറിയാനായി, ഹെഡ്മാസ്റ്ററന്മാരും, ഹെഡ്മിസ്റ്ററസ്സുകളും ഗുരുനാഥൻ വന്നുചേർന്നാൽ അപ്പോൾതന്നെ ഏതുമാസത്തെ മാസികയെന്നുകാണിച്ച് ഒരു ബുക്കിൽ ദയവായി കണക്കുവെയ്ക്കണമെന്നപേക്ഷ. ഏതെങ്കിലും ഒരു മാസത്തെ മാസിക കിട്ടാതെവന്നാൽ അടുത്തമാസം പത്താം തിയ്യതിക്കകം അറിവു തരേണ്ടതുമാണ്.

# വരിസംഖ്യ

ഗുരുനാഥൻെറ വരിസംഖ്യ എപ്പോഴും മുൻകൂറു കിട്ടിയിരിക്കണമെന്നാണു ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. അയച്ചുതന്നിട്ടുള്ള വരിസംഖ്യ തീർന്നാൽ അപ്പോൾ അടുത്തലക്കം ഞങ്ങൾ കൃത്യമായി വി. പി. അയക്കും. വി. പി. അയക്കാനിടവന്നാൽ പത്രബന്ധുക്കൾക്കു രണ്ടുമൂന്നണ അനാവശ്യനഷ്ടമാകയാൽ വരിസംഖ്യ മുൻകൂട്ടി മണിയാഡറയക്കുന്നതാണ് ഉത്തമം. വി. പി. നിഷേധിക്കുന്നവർ, വി. പി. ചിലവോടുകൂടിയ വരിസംഖ്യ മണിയാഡറയക്കാതെ, മാസിക അയക്കണമെന്നാവശ്യപ്പെട്ടാൽ മാസിക അയക്കുവാൻ നിവൃത്തിയില്ലെന്നുംകൂടി അറിയിച്ചുകൊള്ളുന്നു.

മാനേജർ,

ഗുരുനാഥൻ,

പറവൂർ.



പരേതനായ പ്രൊഫസ്സർ

## കെ. പരമുപിള്ള എം. എ.

"വിദ്യാഭ്യാസം സവർണ്ണഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും മാത്രമേ പാടുള്ളൂ എന്നില്ല. അവർണ്ണഹിന്ദുക്കളും അക്രൈസ്തവരും കരമായും മററും കൊടുത്തിട്ടുള്ള പണംകൊണ്ടു സർക്കാർ പണിയിച്ചിട്ടുള്ള വിദ്യാലയങ്ങളിൽ സകലർക്കും സമാവകാശം ഉണ്ടായിരിക്കേണ്ടതാണ്. നമ്പൂരിമാർക്കും, ക്രിസ്ത്യാനികൾക്കും മാത്രം പ്രവേശിക്കാവുന്ന വിദ്യാലയങ്ങൾ വേണമെങ്കിൽ അവരവർ തന്നത്താന്റെ സ്വന്തപണം ചിലവുചെയ്തു പള്ളിക്കൂടം പണിയിച്ചു വാദ്ധ്യാരെ ഇരുത്തി പഠിപ്പിച്ചുകൊള്ളണം. പൊതുമുതൽകൊണ്ടു നടത്തുന്ന വിദ്യാലയങ്ങളിൽ ഇതു നടപ്പില്ല. നായരല്ല, നമ്പൂരിയല്ല ആരുതന്നെ തടുത്താലും ഈ വിദ്യാലയങ്ങളിൽ ഈ ഈഴവരെ പ്രവേശിപ്പിക്കാതെ ഞാൻ പിൻമാറുന്നതല്ല. മാനവും മര്യാദയും ... വർ വഴക്കൊന്നും ഉണ്ടാക്കാതെ വീട്ടിൽപോയി കാര്യം നോക്കിക്കൊള്ളണം

Kadavoor K. Madhavan Pillai


# ഗുരുനാഥൻ

| | | |
|---|---|---|
| പുസ്തകം 6. | 1102 ചിങ്ങം | ലക്കം 1. |


## ഗുരുനാഥനും നവവത്സരവും.

ഈ ലക്കത്തോടുകൂടി ഗുരുനാഥൻ അതിന്റെ ആറാമത്തെ വയസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു എന്നു് വായനക്കാരെ അറിയിക്കുന്നതിൽ ഞങ്ങൾക്കനല്പമായ ചാരിതാർത്ഥ്യമുണ്ടു്. യാതൊരു മൂലധനവുംകൂടാതെ കേവലം സാധുക്കളായ അദ്ധ്യാപകന്മാരുടെ സന്നി[illegible]മായ സഹായത്തെമാത്രം ആശ്രയിച്ചു് ഒരു മാസിക നടത്തുകയെന്നുള്ളതു് അത്ര സുസാദ്ധ്യമാണോ എന്നു വായനക്കാർക്കുതന്നെ ഊഹിക്കാവുന്നതാണു്. എന്നിരുന്നിട്ടും, പ്രവർത്തകന്മാരുടെ സുസ്ഥിരമായ പരിശ്രമംകൊണ്ടും കൃത്യബോധംകൊണ്ടും മാത്രം മാസിക ഇത്രയുംകാലം നടത്താനിടയായി എന്നുപറഞ്ഞാൽ മതിയാകുന്നതാണു്. എന്നാൽ ഈ നവവത്സരാരംഭത്തോടുകൂടി ഈ വിഷയത്തിൽ ഞങ്ങൾക്കു് അല്പം ആശ്വാസത്തിനു് ഇടയായിട്ടുണ്ടെന്നു സന്തോഷപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. വിദ്യാഭ്യാസഡയറക്ടർ മിസ്റ്റർ ആർ കൃഷ്ണസ്വാമിഅയ്യരവർകളും ചീഫ് ഇൻസ്പെക്ടർ മിസ്റ്റർ ഒ. എം. ചെറിയാന്റെയും ശുപാർശ നിമിത്തം ഇയ്യാണ്ടു വിദ്യാലയങ്ങളുടെ ഉപയോഗത്തിനായി ഗുരുനാഥന്റെ ഏതാനും പ്രതികൾ ഗവർമ്മെണ്ടിൽനിന്നും എടുത്തിട്ടുള്ളതായി ഞങ്ങളെ അറിയിച്ചിട്ടുണ്ടു്. ഈ അവസരത്തിൽ ഞങ്ങൾ, ഈ രണ്ടു മഹാന്മാരോടും ഞങ്ങളുടെ നിഷ്കളങ്കമായ കൃതജ്ഞതയെ ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു. ഇതുപോലെതന്നെ സ്ത്രീവിദ്യാലയങ്ങളിലേയ്ക്കും കുറച്ചു പ്രതികൾ മുൻപെതന്നെ എടുത്തിട്ടുള്ളതിനു് അവയുടെ ഭാരവാഹികളോടും ഞങ്ങൾ നന്ദിപറഞ്ഞുകൊള്ളുന്നു. ഇപ്രകാരമുള്ള ആനുകൂല്യങ്ങൾ വിദ്യാഭ്യാസാധികൃതന്മാരിൽനിന്നും മേലും ഉത്തരോത്തരം ലഭിക്കുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ഗുരുനാഥൻ ഇപ്പോൾ കേരളത്തിൽ വിദ്യാഭ്യാസസംബന്ധമായു് മലയാളഭാഷയിൽ നടത്തിവരുന്ന ഏകമാസികയാണു്. എങ്കിലും അതിനു് ഇതേവരെ വേണ്ടിടത്തോളം പ്രചാരം സിദ്ധിക്കാൻ ഇടയായിട്ടില്ല. തിരുവിതാംകൂറിൽതന്നെയും, അതിനെ അദ്ധ്യാപകന്മാർ അലസദൃഷ്ടിയോടുകൂടിയാണു വീക്ഷിച്ചുവരുന്നതെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. കൊച്ചിയിലും മലബാറിലും ഇ

തീരെ കുറച്ചെ പ്രചാരം ലഭിച്ചിട്ടുണ്ട്. മേലാലെങ്കിലും ഭാഷാഭിമാനികളും, ദേശാഭിമാനികളും ആയ കേരളീയാധ്യാപകന്മാർ ഗുരുനാഥന്റെ പ്രചാരവിഷയത്തിൽ യഥാശക്തി ഞങ്ങളെ പ്രോത്സാഹിപ്പിക്കുമെന്നു ഞങ്ങൾ ആശിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. തിരുവിതാംകൂറിലെ നാട്ടുഭാഷാധ്യാപകന്മാരുടെ സ്ഥിതിയും അചിരേണ പരിഷ്കരിക്കപ്പെടുന്നതിനുള്ള ചില ലക്ഷണങ്ങളും ഇപ്പോൾ കണ്ടുതുടങ്ങിയിട്ടുള്ളതും ആശ്വാസജനകമാണ്. നിയമസഭയുടെ ശുപാശ് അനുസരിച്ചു ഗവമ്മെണ്ടിൽനിന്ന് ശമ്പളപരിഷ്കരണകമ്മറ്റി ഏപ്പെടുത്തിയ വിവരം ഞങ്ങൾ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇപ്പോൾ ആ കമ്മറ്റിയുടെ യോഗം നടന്നുവരുന്നുണ്ട്. ഇവരുടെ ഗാഢമായ ആലോചനയുടെ ഫലമായി ആശിച്ചപോലെയും അർഹതപോലെയും ആയില്ലെങ്കിലും വല്ലതും ചില ഗുണം അധ്യാപകന്മാക്കു സിദ്ധിക്കാതിരിക്കയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. എല്ലാംകൊണ്ടും ഈ നവവത്സരം അധ്യാപകലോകത്തിനു വിശേഷാനുഗ്രഹസത്ഭാവിയായി ഭവിക്കാൻ ഇടയുണ്ടെന്നാണു ഞങ്ങളുടെ ബോധം. ഞങ്ങളെ സംബന്ധിച്ചിടത്തോളം മാസികയുടെ പ്രയോജനത്തെ വധിപ്പിക്കുന്നതിനും തന്മൂലം അതിന്റെ പ്രചാരത്തെ കുറച്ചുകൂടി വിപുലമാക്കുന്നതിനും ഞങ്ങൾ സന്നദ്ധരായിട്ടാണിരിക്കുന്നതു്. അധ്യാപകന്മാരുടെ കൂടുതൽ പ്രോത്സാഹനവും ഗവമ്മെണ്ടിന്റെ സുസ്ഥിരമായ ആനുകൂല്യവും ഉണ്ടെങ്കിൽ കാലാന്തരത്തിൽ ഈ മാസിക ഉന്നതസ്ഥിതിയെ പ്രാപിക്കുമെന്നാണു ഞങ്ങൾ പ്രതീക്ഷിക്കുന്നതു്. അധ്യാപകന്മാക്കു് ഉപയുക്തങ്ങളായ വിവിധവിഷയങ്ങളെപ്പറ്റിയും മാസികയിൽ പ്രതിപാദിക്കുന്നതിനു ഞങ്ങൾ കഴിയുന്നത്ര ശ്രമം ചെയ്തുവരുന്നുണ്ട്. ഇതോടുകൂടി അധ്യാപകന്മാരുടെയും അവരുടെ അഭ്യുദയകാംക്ഷികളുടെയും വിദ്യാഭ്യാസവിദഗ്ദ്ധന്മാരായ ലേഖകന്മാരുടെയും ഔദാര്യപൂവ്വമായ സഹായം ഉണ്ടാകുന്നതായാൽ ഞങ്ങളുടെ പരിശ്രമം സവ്വപ്രകാരേണ സഫലമായി പരിണമിക്കുമെന്നുള്ളതിനു സംശയമില്ല.

ന സ്വയം ദൈവമാദത്തേ പുരുഷാത്ഥമപേക്ഷതെ

എന്നുള്ള തത്വം അവലംബിച്ചാണു് ഞങ്ങൾ സദാ വത്തിക്കുന്നത്. വരിക്കാരുടെ നിലയിലും, ലേഖകന്മാരുടെ നിലയിലും ഞങ്ങളെ സഹായിച്ചുവരുന്ന മാന്യന്മാരോടും ഗുരുനാഥൻമാസികയെ പ്രതിമാസം വൃത്തിയായും ഭംഗിയായും അച്ചടിച്ചുതരുന്ന രാമാനുജപ്രസ്സുടമസ്ഥന്മാരോടും ഞങ്ങൾക്കുള്ള കൃതജ്ഞതയെ ഇവിടെ പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു.

# എന്റെ ചില ബാല്യസ്മരണകൾ.

(ആർ. ഈശ്വരപിള്ള ബി. എ.)

ഈ ലേഖനകർത്താവു് അക്ഷരാഭ്യാസം കഴിഞ്ഞു് ആശാന്റെ കളരിയിൽനിന്നു പിരിഞ്ഞതിനു ശേഷവും ഇംഗ്ലീഷുവിദ്യാഭ്യാസം ആരംഭിക്കുന്നതിനു മുമ്പും കുറച്ചുകാലം താലൂക്കുകച്ചേരികളിൽ ഇരുന്നു് "ഓലവരയ്ക്കുക"യായിരുന്നു. അന്നത്തെ ചില സ്മരണകളെയാണു് ഇവിടെ രേഖപ്പെടുത്തുവാൻ പോകുന്നതു്. അന്നു താലൂക്കുകച്ചേരിയ്ക്കു "മണ്ഡപത്തിൻവാതിൽ" എന്നാണു പേരു പറഞ്ഞുവന്നിരുന്നതു്. ദിവാൻ മിസ്റ്റർ രാമയ്യങ്കാരാണു് ഇതിനു "താലൂക്കു" എന്ന പേരു നൽകിയതു്. അന്നത്തെ തഹശീൽദാരന്മാർ പോലീസ് ആഫീസരന്മാരുംകൂടി ആയിരുന്നു. സമ്പ്രതിപ്പിള്ള സബ്ബാഫീസരുമായിരുന്നു. ഇതു കൂടാതെ ഡാണാനായ്ക്കനും, ശിപായിമാർക്കും, പാർവ്വത്യകാരന്മാർക്കും, പിള്ളമാർക്കും, ദേശകാവൽക്കാർക്കും ചില ചില്ലറ പോലീസധികാരങ്ങൾ ഉണ്ടായിരുന്നു. പോലീസ് ആഫീസരന്മാരുടെ മേലധികാരം ദിവാൻജി അവർകൾക്കു ആണു്. ഇതിലേക്കു ഹജൂരിൽ "പോലീസുശിരസ്ത" എന്നൊരു ഉദ്യോഗവും അന്നുണ്ടായിരുന്നു. ഇതു കൂടാതെ തഹശീൽദാർക്കു് ഒരു താലൂക്കിലെ മററു സകല അധികാരങ്ങളും ഉണ്ടു്. ഈ ഉദ്യോഗസ്ഥനെ ജനങ്ങൾക്കു വളരെ ഭയവും ബഹുമാനവും ഉണ്ടായിരുന്നു. എഴുത്തുകുത്തുകൾ ഒക്കെയും അക്കാലത്തു് ഓലയിൽത്തന്നെയായിരുന്നു. പോലീസുകാര്യങ്ങൾക്കു കച്ചേരിയിൽ ഒരു ഗുമസ്തനും രണ്ടാം പിള്ളയും പണസംബന്ധമായ കാര്യങ്ങൾക്കു് ഒരു സമ്പ്രതിയും മുതൽപിടിയും കീഴ്ക്കൂട്ടം പിള്ളമാരും മററു റവന്യൂകാര്യങ്ങൾക്കു് ഒരു രായസംപിള്ളയും ഡെപ്യൂട്ടിരായസവും ഒരെഴുത്തുകാരനും ഉണ്ടായിരുന്നു. മേലാവിലെയ്ക്കെഴുതുന്ന "സാധനങ്ങൾ" "ഇവിടത്തെ ചെയ്തി അറിവിതു" എന്നുള്ള തമിഴ്‌വാചകംകൊണ്ടാണു് ആരംഭിച്ചിരുന്നതു്. അവസാനത്തിൽ "ഇച്ചെയ്തിയെല്ലാം" രായസംപിള്ള വായിച്ചു് ഇന്നാരെ കേൾപ്പിച്ചുവെയ്ക്കുയും വേണം" എന്നു് എഴുതിവന്നു. കീഴ്ക്കൂട്ടംവക കണക്കുകളൊക്കെയും നാടൻതമിഴിലാണു് എഴുതിവന്നിരുന്നതു്. മണ്ഡപത്തുംവാതുക്കൽ കൊടുക്കുന്ന ഹർജ്ജികളുടെയും സങ്കടങ്ങളുടെയും മററും ആദ്യവാചകം "ഇന്ന മണ്ഡപത്തുംവാതുക്കൽ ശ്രീപണ്ടാരകാര്യം ചെയ്യാകൾ മുമ്പാകെ" എന്നായിരുന്നു. എല്ലാ കച്ചേരികൾക്കും ഒരു വിളക്കുവെപ്പുകാരനും വിളക്കിനു് എണ്ണയും ഏതാനും ഇരിമ്പു "മാടമ്പിവിളക്കു"കളും ഉണ്ടായിരുന്നു. റവന്യൂകാര്യങ്ങൾക്കു് ഏതാനും "ചെറിയ കുഞ്ചുട്ടക്കാററു"മുണ്ടായിരുന്നു. കച്ചേരി സാധാരണ രാത്രിയിൽ പത്തുമണിവരെ ഉണ്ടായിരിക്കും. തഹശീൽദാരന്മാർ കച്ചേരിക്കുപോകുമ്പോൾ ഉടുപ്പും വില്ലയുമിട്ടു് രണ്ടു ശിപായിമാർ കക്ഷത്തിൽ വടിയുമായിട്ടു് മുമ്പിൽ നടക്കുക പതി

വാണ്. കച്ചേരിയിൽ തഹശീൽദാക്ക് ഇരിക്കുന്നതിന് ഒരു മെത്തപ്പായും ചാരുപലകയും ചാവട്ടയുമാണ് ഉണ്ടായിരുന്നതു്. മുമ്പിൽ ഒരു മേശപ്പെട്ടിയും ഉണ്ടായിരിക്കും. ഇതു് അപൂർവ്വമായിമാത്രം വേണ്ടിവരുന്ന കടലാസെഴുത്തിന്റെ ആവശ്യത്തിലേക്കാണ്. ഗുമസ്തന്മാക്കും മററും ഇരിക്കുന്നതിന് സാധാരണ പായകളും തടുക്കുകളും ഉപയോഗിച്ചുവന്നു. ഓലയായിരുന്നു അന്നത്തെ സ്റ്റേഷനറി. ഇതു് ഗവമ്മെന്റിൽനിന്നും കൊടുക്കും. നാരായവും പിശ്ശാത്തിയും മററും ഉദ്യോഗസ്ഥന്മാർ തന്നെ കരുതിക്കൊള്ളണം. "കൈകെത്തമുക്കുനാരായ"മാണ് അന്ന് അധികംപേരും ഉപയോഗിച്ചുവന്നതു്. വലിയ ഉദ്യോഗസ്ഥന്മാർ വെള്ളിയോ പൊന്നോ പൂശിയ നാരായം മുതലായവ ഉപയോഗിച്ചിരുന്നു. മിക്ക ഉദ്യോഗസ്ഥന്മാരും പിശ്ശാങ്കത്തിയും നാരായവും ചുരിയും ഒരു ഉറയിലിട്ട് എളിയിൽ തിരുകിയിരുന്നു. ഒരു തുണ്ടോലയും കയ്യിൽ കാണും. "സാധനങ്ങൾ" നീളമുള്ള വലിയഓലയിലും പ്രവൃത്തിയിലേക്കും ദേവസ്വത്തിലേക്കും ധർമ്മാവിലേക്കും മററുമുള്ള "ചീട്ടുകൾ" ഒരോലയുടെ പാതിയിലും എഴുതിവന്നു. ഹജൂരിലേക്കും മററുമുള്ള സാധനങ്ങളും അവിടെനിന്നുമുള്ള ഉത്തരവുകളും ഓലയിലെഴുതി തിരിച്ചുപിടിച്ച് ഒപ്പിട്ട് ഓല അററം വിട്ടുപിരിക്കാതെ രണ്ടായിപ്പിളന്ന് മടക്കി ഓലവാറുകൊണ്ടു കെട്ടി കടലാസുകൊണ്ടു പൊതിഞ്ഞ് മുദ്രവെച്ചാണ് കെട്ട് അഞ്ചലിൽ അയച്ചുവന്നിരുന്നതു്. സർ. ടി. മാധവരായർ ദിവാവാൻജിയായിരുന്നകാലത്തു് എതാനും എഴുത്തുകുത്തുകൾ മാത്രം കടലാസിലാക്കി. എന്നാൽ ശേഷയ്യാശാസ്ത്രിദിവാൻജിയുടെകാലത്താണ് ഓലയെ നിശ്ശേഷം നിഷ്കാസനം ചെയ്തതു്. അന്നത്തെ ഫയലുകൾക്ക് "ചുരുണകൾ" എന്നാണ് പറഞ്ഞുവന്നതു് ഇപ്പോൾ ഓലയുടേയും നാരായത്തിന്റേയും സ്ഥാനത്ത് കടലാസും ഫൌണ്ടൻപേനയും പ്രശോഭിക്കുന്നു. ഇനി ഇവയുടെ സ്ഥാനത്തു് എന്താണാവോ വരാൻപോകുന്നതു.? എന്തെങ്കിലുമാവട്ടെ.

"ആയാതമായതമപേക്ഷണീയം
ഗതംഗതംസർവ്വമുപേക്ഷണീയം"

എന്നുമാത്രമെ നമുക്ക് ആലോചിച്ചുപ്രവത്തിക്കുവാൻ കാര്യമുള്ളു. അന്ന് തഹശീൽദാരന്മാരുടെയും മററുദ്യോഗസ്ഥന്മാരുടെയും "കച്ചേരിഉടുപ്പ്" കട്ടിയും കവണിയുമായിരുന്നു. തലയിൽ ഒരു നേരിയതു് "കത്രികപൂട്ടി"ട്ട് കെട്ടിയുമിരിക്കും. തോളിൽ ഒരുമാതിരി ലേസുവിട്ടിരിക്കും. അന്ന് ഇന്നത്തെ മാതിരി ഉടുപ്പും മററും ആരും ഉപയോഗിച്ചിരുന്നില്ല. റസിഡന്റോ മററോ വരുന്ന ചില അപൂർവ്വസന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിന് ഒരു ഉടുപ്പ് കരുതിവച്ചിരിക്കും കച്ചേരിസമയം ക്ലിപ്തപ്പെടുത്തിട്ടില്ലായിരുന്നു. ചിലപ്പോൾ ഏഴുമണിമുതൽ പത്തുമണിവരെയും പിന്നീട് പന്ത്രണ്ടുമണിമു

തൽ രാത്രി പത്തുമണിവരെയുമായിരിക്കും. തഹശീൽദാരന്മാരും മററും അന്ന് സക്കീട്ടിനുപയോഗിച്ചിരുന്ന വാഹനങ്ങൾ മഞ്ചൽ, മേനാവ്, കുതിര മുതലായവയായിരുന്നു. വണ്ടികൾ അക്കാലത്ത് നടപ്പുണ്ടായിരുന്നില്ല. റോഡുകളും അവയുടെ അഭാവംകൊണ്ടാണു ശോഭിച്ചിരുന്നത്. ദേശകാവൽക്കാർ രാത്രി പന്ത്രണ്ടുമണിക്കും വെളുപ്പാൻകാലത്തും കച്ചേരിസ്ഥലത്തുകൂടി കാവൽവിളിക്കണമെന്നും ഏപ്പാടുണ്ടായിരുന്നു. രാത്രിയിൽ മോഷണംമുതലായ കുററങ്ങളൊ മററൊ ആരെങ്കിലും ചെയ്യുന്നുണ്ടോ എന്ന് അന്വേഷിക്കുന്നത് ഇവരുടെ ചുമതലയാണ്. ഇവരായിരുന്നു അന്നത്തെ "പെട്രോൾ" കൃത്യം നടത്തിവന്നത്. കുററക്കാരെ പിടിച്ച് ഏല്പിക്കുന്നതിനും ഇവക്കു ചുമതലയുണ്ടായിരുന്നു. കുററക്കാരെ ഒരുതരം ഇരുട്ടറകളായിരുന്ന ഡാണാവുകളിലാണു സൂക്ഷിക്കപ്പെട്ടിരുന്നത്. അന്നു മരവിലങ്ങാണു സാധാരണ ഉപയോഗിച്ചുവന്നത്. ഇതിന് "കയ്യാമം" എന്നു പേർ പറഞ്ഞുവന്നു. ഇതു രണ്ടററത്തും കൈയുടെ പത്തികൾ കടക്കത്തക്കവണ്ണമുള്ള ദ്വാരങ്ങളോടുകൂടിയ ഒരു തടിക്കഷണമായിരുന്നു. കൈ കടത്തിക്കഴിഞ്ഞിട്ട് ഊരിപ്പോകാതിരിപ്പാൻ ഓരോ ആപ്പുകളും തല്ലിക്കേററും. ഇത്തരം "കയ്യാമങ്ങൾ" പൊതുസ്ഥലങ്ങളിലും വഴികൾ തമ്മിൽ വിലങ്ങുന്ന സ്ഥലങ്ങളിലും ഒരു തൂണിൽ ഉറപ്പിച്ചു സ്ഥാപിക്കുന്ന പതിവുണ്ട്. ഇതു കുററംചെയ്താലുള്ള തല്ക്കാലഫലത്തെ ജനങ്ങൾക്കു ബോധ്യപ്പെടുത്തുന്നതിനായിരുന്നു. ഇതും ചുമന്നുംകൊണ്ടുവേണം കുററക്കാർ സദാ ഇരിക്കുവാൻ. ഇതുപോലെതന്നെ കാലിന്റെ പത്തി കടക്കത്തക്കവണ്ണം രണ്ടററത്തും ദ്വാരമുള്ള ഒരു ഉരുണ്ട തടിയിൽ കാലുകൾ കടത്തി ആപ്പു വെയ്ക്കുകയും ചെയ്യാറുണ്ട്. പക്ഷെ ഇതിൽ കാലുകൾ ഇട്ടാൽ പിന്നെ കിടക്കുകയൊ ഇരിക്കുകയൊ മാത്രമെ ചെയ്വാൻ പാടുള്ളു. ഇതിനു "തടിയിലിടുക" എന്നാണു പറയാറുള്ളത്. ഇരിമ്പുവിലങ്ങ് അക്കാലത്ത് അപൂർവ്വമായിരുന്നു. മോഷണവും മററും തെളിയിക്കുന്നതിനായി "കിട്ടി" എന്നൊരുപകരണം ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. ഓരോ ചാൺ നീളമുള്ള രണ്ട് അലകുകഷണങ്ങൾ ചീകി ഉരുട്ടി രണ്ടുംകൂടി ഒരററത്തു കയറുകൊണ്ടു കൂട്ടി മുറുക്കെ കെട്ടിയതാണ് ഈ ഉപകരണം. മറേറ അററം വിടർത്തി കുററക്കാരന്റെ കൈവിരലുകൾ അകത്താക്കിയിട്ട് അമർത്തുകയാണു ഇതിന്റെ പ്രയോഗം. വിരലുകളുടെ മുട്ടുകളിലാണ് സാധാരണ "കിട്ടി" ഇടുന്ന പതിവ്. ഈ പ്രയോഗത്തിന്റെ രുചി, എന്താണെന്ന് അനുഭവിച്ചവക്കു മാത്രമെ അറിവാൻ പാടുള്ളു. കരം കൊടുക്കാത്തവരെ കുനിച്ചുനിർത്തി മുതുകിൽ കല്ലുകയററുന്ന ഏപ്പാടും അക്കാലത്തുണ്ടായിരുന്നതായി കേൾവിയുണ്ട്. ഈ വിഷയത്തിൽ ഇന്ന് എത്രമാത്രം വ്യത്യാസം വന്നിട്ടുണ്ട്. ഇന്നു കരവുംകൊണ്ടു പ്രവൃത്തിക്കച്ചേരിയിൽ ചെന്നു ജനങ്ങൾ കാത്തുകിടക്കുകയാണ്. വാങ്ങിച്ച രസീതു കൊടുക്കുവാൻതന്നെ പ്രയാസം. അന്നു വസ്തുക്കൾക്ക് ഇന്നത്തേപ്പോ

ഒലയുള്ള പ്രിയം ഇല്ലായിരുന്നു. അനുഭവവും അങ്ങിനെതന്നെയാണ്. കരംകൊടുക്കാത്തവരെ ചിലപ്പോൾ ഠാണാവിലാക്കുകയും അന്നു നടപ്പുണ്ടായിരുന്നു. അക്കാലത്തു താലൂക്കുതോറും "വിരുത്തിക്കാർ" എന്നൊരു വക "ഊഴിയ" വേലക്കാരരും ഉണ്ടായിരുന്നു. ഇവക്കുള്ള പ്രധാനജോലി കോപ്പേൾപ്പിക്കയും ചുമടുചുമക്കയുമാണ് തിരുവനന്തപുരത്തു് ഉത്സവമഠത്തിൽ നെയ്യും തൈരും ഏത്തക്കായും ചേനയും ഇവർ കൊണ്ടുചെന്ന് ഏൾപ്പിക്കേണ്ടിയിരുന്നു. നെയ്യു തഹശീൽദാർ പരിശോധിച്ചു കുടങ്ങളിലാക്കി മുദ്രവച്ചു കൊടുത്തയക്കുന്നതു പതിവായിരുന്നു. തൈരു തിരുവനന്തപുരത്തു "കോനാന്മാരോടു" വാങ്ങിച്ചു കൊടുക്കയും കോപ്പുകൾക്കു വില കൊടുക്കയും ചെയ്തുവന്നു. എന്തായാലും പിന്നെയും കുടിശ്ശിക കിടക്കും. പേരിനു മാത്രം വിലയും ഇവക്കു കൊടുത്തുവന്നു. ഈ ലേഖകന്റെ തറവാട്ടേക്കും രണ്ടു വിരുത്തികൾ ഉണ്ടായിരുന്നതിനാൽ ഈ വകക്കാരുടെ കഷ്ടതയെപ്പററി ഒരു ഏകദേശജ്ഞാനം ഉണ്ടായിട്ടുണ്ട്. എല്ലാവരുടെ കൈയ്യും ഇവരുടെ പുറം ലാക്കായിരുന്നു സർ വി. പി. മാധവരായരവർകളുടെ അനുഗ്രഹീതഹസ്തത്താലാണ് ഇവർ ഈ ദുരിതത്തിൽനിന്നും മോചിപ്പിക്കപ്പെട്ടതു്.

ഒരു മണ്ടപത്തുംവാതുക്കലുള്ള സകല കാര്യങ്ങൾക്കും തഹശീൽദാരാണു ചുമതലപ്പെട്ടിരുന്നതു്. ഇദ്ദേഹം സർവ്വകാര്യധുർവ്വഹനായിരുന്നു. വഴികൾ പാലങ്ങൾ ഇവ നന്നാക്കിക്കുക, കുളങ്ങൾ വെട്ടിക്കുക, ഊട്ടു ദേവസ്വം ഇവ ശരിയായി നടത്തുക, കരം പിരിക്കുക, കുററക്കാരെ കണ്ടുപിടിച്ചു ശിക്ഷിക്കുക, റസിഡണ്ടുസായിപ്പിനും മററും സക്കീട്ടിൽ തപാൽമാററത്തിന് ഏർപ്പാടുചെയ്യുക മുതലായവയെല്ലാം നടത്തേണ്ടിയിരുന്നു. അന്നു തഹശീൽദാരന്മാരെ നേരട്ടു കൊട്ടാരത്തിൽനിന്നു കല്പിച്ചു തീട്ടുകൊടുത്താണു നിയമിച്ചുവന്നതു്. അന്ന് അവർ "തീട്ടുപിടിച്ച ഉദ്യോഗസ്ഥന്മാർ" എന്നു സബഹുമാനം വിളിക്കപ്പെട്ടിരുന്നു. 1010-ാമാണ്ടത്തെ ആറാം റഗുലേഷനായിരുന്നു അന്നത്തെ പോലീസ് നിയമവും ശിക്ഷാനിയമവും ക്രിമിനൽനടപടിനിയമവും. ഇതിന്റെ ഭാഷാരീതിയേയും ഉദ്ദേശത്തേയും കാണിക്കുന്നതിനായി അതിലെ മൂന്നാംവകുപ്പ് ഇവിടെ ഉദ്ധരിക്കുന്നതു് അസ്ഥാനത്തിലാകുകയില്ലെന്നു വിചാരിക്കുന്നു. "പൊല്ലീസാപ്പീസരന്മാർ അവരവരുടെ മണ്ടപത്തുംവാതുക്കൽ അതൃക്കകത്ത് ഇരിക്കുന്ന ജനങ്ങൾക്കു സൌഖ്യമായിരിക്കുംപ്രകാരം നോക്കി കാക്കുകയും മേലെഴുതിയവർ തങ്ങൾ ചെയ്യുന്ന കാര്യങ്ങളേയും പൊല്ലീസ് സംഗതികളിൽ തങ്ങൾ അറിഞ്ഞുവരുന്ന മുഖ്യമായ വർത്തമാനങ്ങളേയും അതാതുസമയംതന്നെ ദിവാൻ കച്ചേരിക്കു ബോധിപ്പിക്കയും വേണം. കുററംചെയ്തിട്ടുള്ളവരെ പിടിപ്പാനായിട്ടു പൊല്ലീസാപ്പീസരു തങ്ങളാൽ കഴിയുന്നിടത്തോളം എല്ലാ പ്രയത്നങ്ങളും ചെയ്കയും വേണം." ഇതു് ഒരു പരിഷ്കൃത

കാലത്തെ നിയമമാണെങ്കിലും ജനക്ഷേമത്തെ ആസ്പദമാക്കി അതിൽ ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ എത്രയോ ശ്ലാഘനീയങ്ങളും ഇന്നും അനുകരണീയങ്ങളുമായിട്ടുള്ളവയാകുന്നു. ഓരോ താലൂക്കിലുമുള്ള ജനങ്ങളുടെ സ്ഥിതിയെപ്പററി അപ്പോളപ്പോൾ ദിവാൻജി അറിഞ്ഞിരിക്കുന്നതു് അവരുടെ രക്ഷക്കു് എത്രമാത്രം ഉപയുക്തമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇന്നത്തെ നിലക്കു് അതു് എത്ര കടമ്പ കടന്നിട്ടുവേണം ദിവാൻജി അവർകളുടെ അടുക്കലെത്താൻ? അവിടെ എപ്പോഴെങ്കിലും എത്തുന്ന കാര്യംതന്നെ സംശയഗ്രസ്തമാണു്. ഗവമ്മെൻറധികാരകേന്ദ്രവിഭജനം നിമിത്തം ചുരുക്കം ചില കാര്യങ്ങൾ മാത്രമെ ആ മാന്യസ്ഥാനത്തു് ഇന്നു് എത്തുന്നൊള്ളു. അന്നത്തെ തഹശീൽദാരന്മാരും ഇന്നത്തെ ആ തരം ഉദ്യോഗസ്ഥന്മാരും തമ്മിൽ ഗജഗജാന്തരം ഉള്ളതായിക്കാണാം. അന്നു തഹശീൽദാരന്മാൎക്കു മുന്നൂറും നാനൂറും അഞ്ഞൂറും പണം വീതമായിരുന്നു ശമ്പളം, പടിയും മററുമൊന്നും ഇല്ലായിരുന്നു. ഇപ്പോൾ ജോലിയുടെ അളവും രീതിയും വേതനവും വളരെ ഭേദപ്പെട്ടിട്ടുണ്ടു്. ഇന്നു ജനങ്ങളുടെ ക്ഷേമത്തെക്കുറിച്ചു ശ്രദ്ധിക്കുന്നതിനു തഹശീൽദാരന്മാൎക്കു സമയം കിട്ടുകയില്ല. ഗവമ്മെൻറിൻെറ വ്യാപാരപരിധി വൎദ്ധിച്ചതോടുകൂടി ധനസ്ഥിതി സദാ ഒരു അസ്വാസ്ഥ്യഹേതുകമായ ചിന്താവിഷയമായിട്ടാണിരിക്കുന്നതു്. ഏതു കാര്യത്തിനും പണം മതിയാകാതെ വന്നിരിക്കുന്നു. അതുകൊണ്ടു നാം കുററം പറയുമ്പോൾ ഈ സംഗതിയുംകൂടി ആലോചിക്കേണ്ട ഒന്നാണു്. പഴയ മണ്ടപത്തുംവാതുക്കൽ കച്ചേരിയെപ്പററി "എഴുതിത്തീൎച്ച" "കൈമാററം" മുതലായി ഇനിയും പലതും പറവാനുണ്ടെങ്കിലും വിസ്താരഭയംകൊണ്ടു് അവയെ ഇപ്പോൾ വിട്ടുകളയാനെ നിവൃത്തിയുള്ളു എന്നു പറഞ്ഞുകൊള്ളുന്നു.

---

# സാഹിത്യാഭിരുചി.

---

വിദ്വാൻ, സി. എസ്സ്. നായർ.

കവിത എഴുതുവാനെന്നപോലെ കവിത വായിച്ചു രസിക്കുവാനും സ്വതഃസിദ്ധമായ ഒരു വാസന ഉണ്ടായിരിക്കണം. വാസനയില്ലാതിരുന്നാൽ കവിത നന്നായെഴുതുവാനോ, കവിത വായിച്ചു രസിക്കുവാനോ സാധിക്കുന്നതല്ല. വാസന എന്നതു്, പരിചയത്താലും പരിശ്രമത്താലും ആത്മാവിലുണ്ടാകുന്ന ഒരു 'സംസ്കാരം' അല്ലെങ്കിൽ ഒരു പ്രത്യേകമനസ്ഥിതിയാകുന്നു. ഈ സംസ്കാരം മനുഷ്യന്റെ ഇച്ഛാശക്തി (Will) ജ്ഞാനശക്തി (Wisdom) ക്രിയാശക്തി (Creative genius എന്നീ . ശക്തികളിൽക്കൂടി പുറത്തേക്കു പ്രകാശിക്കുമ്പോഴാണു് കലാസൃഷ്ടിക്കു കാര

ണമായ വാസനയായി പരിണമിക്കുന്നത്. സംഗീതം, സാഹിത്യം, ചിത്രനിർമ്മാണം, ശില്പവിദ്യ തുടങ്ങിയ ലളിതകലകൾ, വികാസമാനങ്ങളായ ഈ മൂന്നു ശക്തികളിൽക്കൂടെയും പ്രകാശമാനമായ സംസ്കാര(വാസന)ത്തിന്റെ സുന്ദരങ്ങളായ സൃഷ്ടികളാകുന്നു. മേൽപ്പറഞ്ഞ ഇച്ഛാശക്തി, ജ്ഞാനശക്തി, ക്രിയാശക്തി എന്നീ ശക്തിത്രയത്തിൽ ക്രിയാശക്തിയിൽക്കൂടെ പ്രകാശിക്കുന്നതിനു തക്കവണ്ണം വികാസത്തെ പ്രാപിക്കാത്ത സംസ്കാരത്തെ വാസന എന്നു പറയുന്നതിനേക്കാൾ അഭിരുചി എന്നു പറയുന്നതാണ് അധികം നന്നായിട്ടുള്ളത്. അപ്പോൾ കവിത എഴുതുന്നതിനുള്ള ശക്തി വാസനയും, കവിത വായിച്ചു രസിക്കുന്നതിനുള്ള ശക്തി അഭിരുചിയും ആണെന്നു വന്നുകൂടുന്നു. അഭ്യാസത്താലും സംസർഗ്ഗത്താലും സംസ്കാരരൂപമായ അഭിരുചി വളർന്നു വലുതായിത്തീരുമ്പോൾ സൃഷ്ടിശക്തിയായ വാസനയായിത്തീരുന്നതാണ്. വാസനയെ മനശ്ശാസ്ത്രപ്രകാരം വിവരിക്കുന്നതിനായി, അന്തഃകരണത്തിന്, ഉപാധിഭേദത്താലുള്ള വ്യാപാരഭേദത്തേയും തന്മൂലമുള്ള വിഭാഗത്തേയും കുറിച്ചു കുറഞ്ഞൊന്നിവിടെ പ്രതിപാദിക്കുന്നത് അത്യാവശ്യമാണ്.

അന്തഃകരണത്തിനു വികാരമയമായും വിചാരമയമായും രണ്ടു തരം 'വൃത്തി'കൾ അല്ലെങ്കിൽ വ്യാപാരവിശേഷങ്ങൾ ഉണ്ട്. അന്തഃകരണത്തെ വികാരമയമായ വൃത്തിയെ ഉപാധീകരിച്ച്, മനസ്സെന്നും, വിചാരമയമായ വൃത്തിയെ അധിഷ്ഠാനപ്പെടുത്തി ബുദ്ധി എന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. വികാരമയ (Emotional) മായ മനസ്സ്, സന്തോഷം, സുഖം, സന്താപം, വേദന മുതലായ 'ഭാവ'(Feeling)ങ്ങളെ അനുഭവിക്കുകയും, സന്തോഷസുഖങ്ങൾ വീണ്ടും വീണ്ടുമുണ്ടാകുവാനും സന്താപവേദനകൾ ഒരിക്കലും ഉണ്ടാകാതെയിരിക്കുവാനും ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു അന്തഃകരണവൃത്തിയാണ്. ശ്രോത്രം, നേത്രം മുതലായ ബാഹ്യേന്ദ്രിയങ്ങൾക്ക്, ശബ്ദം, രൂപം മുതലായ ബാഹ്യഭാവങ്ങളോടു സന്നികർഷം ഉണ്ടാകുന്നതിന്റെ ഫലമായി, മനസ്സിനു സുഖം ദുഃഖം മുതലായ ഭാവങ്ങൾ അനുഭവപ്പെടുവാനിടയാകുന്നു. ബാഹ്യേന്ദ്രിയങ്ങൾക്കു പരിസരവസ്തുക്കളോടു സന്നികർഷമുണ്ടാകുന്നതിനും, ആ സന്നികർഷത്തിൽ മനസ്സിന്, സന്തോഷസന്താപാദി ഭാവങ്ങൾ അനുഭവപ്പെടുന്നതിനും മൂലകാരണമായി, ഇന്നതു സുന്ദരമെന്നും, ഇന്നതു അസുന്ദരമെന്നും, ഇന്നതു നല്ലതെന്നും, ഇന്നതു ചീത്തയെന്നും, ഇന്നതു സുഖമെന്നും, ഇന്നതു ദുഃഖമെന്നും ഉള്ള ഒരു ബോധം സംസ്കാരാത്മനാ മനസ്സിൽ ലയിച്ചുകിടപ്പുണ്ട്. ഈ ബോധം ബലപ്പെട്ടുവരുമ്പോഴാണു മനുഷ്യനു പ്രകൃതിയുടെ സൌന്ദര്യത്തെ ആസ്വദിക്കുവാനും, അനുകരണംകൊണ്ട് അതിനെ പ്രകാശിപ്പിക്കുവാനും, അനുകൃതമായ ആ സൌന്ദര്യ(കലാശില്പ)ത്തിൽ രസിക്കുവാനും സാധിക്കുന്നത്. മനസ്സിന്റെ ഈ ബോധം സ്ഥിതിചെയ്യുന്ന ഭാഗത്തെ സൌന്ദര്യബോധമാ

യമായ അംശം*(Aesthetic element) എന്നു പറയുന്നു. സുഖം വരുത്തുവാനും ദുഃഖം പരിഹരിക്കുവാനും ഉള്ള മനസ്സിന്റെ ആഗ്രഹത്തെയാണ് ഇച്ഛാശക്തി (Will) എന്നു പറയുന്നതു്. സുഖസമ്പാദനത്തിനും, ദുഃഖപരിഹാരത്തിനുമായുള്ള സംരംഭത്തിൽ മനുഷ്യൻ ചില നിയമങ്ങൾക്കു വിധേയനായിത്തീരുവാൻ നിർബ്ബന്ധിതനായിത്തീരുന്നുണ്ടു്. എനിക്ക് അതുണ്ടായിരിക്കണം, ഇതുണ്ടായിരിക്കുവാൻ പാടില്ലെന്നുള്ള ആഗ്രഹവും, ഇതെന്റേതെന്നും, ഇതന്യന്റേതെന്നും ഉള്ള അഭിമാനവും, ഞാൻ ഇതു ചെയ്യും, ഞാനതു ചെയ്കയില്ലെന്നുള്ള നിശ്ചയവും കൂടിക്കലൎന്നതായ ഇച്ഛാശക്തി(Will)യുടെ വ്യാപാരം മുൻപറഞ്ഞ നിയമങ്ങൾക്കധീനമായിട്ടാണിരിക്കുന്നതു്; അതായതു് ഇന്നതു ശരിയെന്നും, ഇന്നതു തെററെന്നും, ഇന്നതു ഗുണമെന്നും ഇന്നതു ദോഷമെന്നും, ഉള്ള പ്രകൃതിസിദ്ധമായ വ്യവസ്ഥയ്ക്കു കീഴടങ്ങിക്കൊണ്ടാണ് ഇച്ഛാശക്തി സുഖത്തെ സമ്പാദിക്കുവാനും ദുഃഖത്തെ പരിഹരിക്കുവാനും വേണ്ടി വ്യാപരിക്കുന്നതു്. മനുഷ്യനിലുള്ള ശുദ്ധസത്വമയമായ ഈശ്വരചൈതന്യം മനസ്സാക്ഷി എന്ന നിലയിൽ നിന്നുംകൊണ്ടു്, ഇന്നതു ശരിയെന്നും, ഇന്നതു തെററെന്നും, ഇതു ധൎമ്മമെന്നും, ഇതധൎമ്മമെന്നും നിരക്ഷരമായ ഭാഷയിൽ ചെയ്യുന്ന ശാസനംതന്നെയാണു മേൽപ്പറഞ്ഞ നിയമം അല്ലെങ്കിൽ വ്യവസ്ഥ എന്നറിയണം. ഈ വ്യവസ്ഥയ്ക്കു കീഴ്പ്പെടുന്നതിന്റെ ഫലമായി, മനുഷ്യനു മററാരോടും ബന്ധമില്ലാതെയുള്ള സ്വന്തംപ്രത്യേകനിലയോടൊപ്പംതന്നെ മററുള്ളവരോടു ബന്ധപ്പെടുന്ന സാമുദായികനില എന്ന അവസ്ഥകൂടി ഉണ്ടാകുന്നുണ്ടു്. ഇങ്ങിനെ, ഇന്നതു ശരിയെന്നും, ഇന്നതു തെററെന്നും ഉള്ള ബോധത്തോടുകൂടിയും, ആ വ്യവസ്ഥയ്ക്കു കീഴടങ്ങിയും ഇരിക്കുന്ന മനസ്സിന്റെ ആ നിലയ്ക്കു സദാചാരനിഷ്ഠ അല്ലെങ്കിൽ ധൎമ്മപ്രതിപത്തി എന്നു പേർ പറയും. ഈ സദാചാരനിഷ്ഠ, വിദ്യാഭ്യാസംകൊണ്ടും സജ്ജനസമ്പൎക്കംകൊണ്ടും വികസിച്ചു ബലിഷ്ഠമായിത്തീരുമ്പോൾ, മനുഷ്യൻ സൎവ്വാത്മനാ ധൎമ്മത്തെ സ്വീകരിക്കുകയും അധൎമ്മത്തെ നിരാകരിക്കുകയും ചെയ്യുന്നതാണ്. മനസ്സിന്റെ മുമ്പറഞ്ഞ സൌന്ദൎയ്യബോധത്തിൽനിന്നു കവിത മുതലായ സുന്ദരകലകൾ സമുല്പന്നങ്ങളാകുന്നു; മനസ്സിന്റെ ധൎമ്മബോധത്തിൽനിന്നു സന്മാൎഗ്ഗികതത്വങ്ങളും, ധൎമ്മശാസ്ത്രവും (Ethics) ഉത്ഭവിക്കുന്നു.

അന്തഃകരണത്തിന്റെ വിചാരമയമായ അംശമായിട്ടുള്ള ബുദ്ധി (Intellect) ബാഹ്യേന്ദ്രിയങ്ങളാൽ ഗൃഹീതങ്ങളാകുന്ന 'വിഷയ' (പ്രകൃതിയുടെ പ്രതിഭാസ)ങ്ങളെ 'നിരീക്ഷണ(Observation)ത്തിൽ കണ്ടതുപ്രകാരമുള്ളവതന്നെയോ അല്ലയോ എന്ന പരീക്ഷണം(Experiment)കൊണ്ടു പരിശോധിച്ചു തിട്ടപ്പെടുത്തി ജ്ഞാനാധാരമായ തലച്ചോറിൽ രേഖപ്പെ

* Aesthetic എന്നതിനു സൌന്ദൎയ്യബോധമയം എന്ന തൎജ്ജിമ ഒട്ടും മതിയായിട്ടില്ല. ശരിയായ ഒരു പദം കിട്ടാത്തതുകൊണ്ടു് ഈ തൎജ്ജിമപദം ഉപയോഗിച്ചു എന്നേയുള്ളു.

ടുത്തുകയും, ചിന്തനംകൊണ്ട് അവയെ തരംതിരിച്ചു ക്രമപ്പെടുത്തുകയും, ചില 'ഭൂമിക'കൾ അല്ലെങ്കിൽ 'ഗമനിക'കൾ (Hypotheses) കല്പിച്ച് അനുമാനം(Induction)കൊണ്ടു ചില 'നിഗമന' (Deduction)ങ്ങൾ (സിദ്ധാന്തങ്ങൾ)(Conclusions) സ്ഥാപിക്കുകയും ചെയ്യുന്നു. പ്രകൃതിയെസ്സംബന്ധിക്കുന്ന ഈ സിദ്ധാന്തങ്ങളാണു ശാസ്ത്രീയമായ ജ്ഞാനത്തിന്റെ ഘടകാംശങ്ങൾ എന്നു പറയാം. മുൻകാണിച്ചപ്രകാരത്തിലുള്ള 'പ്രക്രിയ' (Process)യോടുകൂടിയ ബുദ്ധിയുടെവ്യാപാരത്തിൽനിന്നുശാസ്ത്രം(Science) ഉത്ഭവിക്കുന്നു.

മനുഷ്യബുദ്ധി ഇങ്ങിനെ ഭൗതികലോകത്തിന്റെ മൂലോപാധികളെ അപഗ്രഥനംചെയ്തു കണ്ടുപിടിക്കുന്നതുകൊണ്ടും തൃപ്തിപ്പെടുന്നില്ല. പ്രത്യക്ഷങ്ങളായ പദാൎത്ഥങ്ങളുടെ സൂക്ഷ്മാംശങ്ങളേയും അവയിൽ അന്തൎല്ലീനങ്ങളായ ചൈതന്യാംശങ്ങളേയും, പ്രത്യക്ഷമായ ഈ നാനാത്വ(Diversity)ത്തിന്റെ പിന്നിലുള്ള പരോക്ഷമായ ഏകത്വ(Unity)ത്തേയും കണ്ടുപിടിച്ചു മനസ്സിലാക്കുവാൻ അതാഗ്രഹിക്കുന്നു. ഗത്തിന്റെ ഏവംരൂപമായ പരിണാമത്തെസ്സംബന്ധിച്ച് ശരിയായും യുക്തിയുക്തമായുമുള്ള ഒരു വിവരണം കിട്ടാതെ മനുഷ്യബുദ്ധിക്കു തൃപ്തിയും വിരാമവുമുണ്ടാകുന്നില്ല. മനശ്ശാസ്ത്രം, തൎക്കശാസ്ത്രം, തത്വശാസ്ത്രം അദ്ധ്യാത്മവിദ്യ എന്നീ 'ദൎശന'ങ്ങൾ ബുദ്ധിയുടെ ഈ തത്വാന്വേഷണത്തിന്റെ ഫലമായി ആവിൎഭവിക്കുന്നവയാണ്. മനുഷ്യനു താൻ ഏതൊരു ആദിമൂലകേന്ദ്രത്തിൽനിന്ന് ഈ ലോകത്തിലേയ്ക്കു വന്നുവോ ആ അന്തിമസങ്കേതത്തിൽത്തന്നെ എത്തിച്ചേരുന്നതിനുള്ള ഒരു വാസന (Instinct) സ്വതസ്സിദ്ധമായുള്ളതുകൊണ്ട് ആ സങ്കേതം കണ്ടെത്തുന്നതുവരെ അവന്റെ ബുദ്ധി അകത്തേയ്ക്കു തുരന്നു കടന്നുചെല്ലുന്നതും, ആ അവസാനഘട്ടത്തിൽവെച്ചു വിരമിക്കുന്നതുമാകുന്നു. മേൽപ്പറഞ്ഞ ഈശ്വരാന്വേഷണവാസനയിൽനിന്നാണു മനുഷ്യനു മതമുണ്ടായതെന്ന സംഗതികൂടി ഇവിടെ എടുത്തുപറയേണ്ടതുണ്ട്.

അന്തഃകരണത്തിന്റെ നാനാമുഖങ്ങളായ വ്യാപാരങ്ങളെക്കുറിച്ചുചെയ്ത ഈ വിവരണത്തിൽനിന്നു മനസ്സിന്റെയും ബുദ്ധിയുടേയും പ്രത്യേകവിഷയങ്ങളും, വ്യാപാരഭേദങ്ങളും എന്തെല്ലാമാണെന്നും എങ്ങിനെയെല്ലാമാണെന്നും ഏതാണ്ടൊന്നു വെളിപ്പെട്ടുകഴിഞ്ഞു എന്നു വിചാരിക്കുന്നു. വികാരമയമായ മനസ്സിന്റെ മൂലമായ ഒരു ഭാവമാണു വാസന എന്നു മനസ്സിന്റെ വിവരണംകൊണ്ടു വിശദമായിത്തീൎന്നിട്ടുണ്ടല്ലോ. കലാസൃഷ്ടിക്കു കാരണമായിത്തീരത്തക്കവണ്ണം പരിപക്വമാകാത്തതും, കലാസൌന്ദൎയ്യം ആസ്വദിക്കുന്നതിന്റെ അതിൎത്തിയിൽവെച്ചവസാനിക്കുന്നതുമായ വാസനയെ അഭിരുചി എന്നു പറയുന്നതാണു യുക്തം എന്നും, ആ അഭിരുചി വളൎന്നു ബലപ്പെട്ടുവരുമ്പോൾ കലാസൃഷ്ടിക്കു ശക്തമായ വാസനയായിപ്പരിണമിക്കുമെന്നും മുമ്പു പറഞ്ഞിട്ടുള്ളതു് ഇവിടെ അനുസന്ധേയമാണ്. ക

ലാസാമാന്യത്തെസ്സംബന്ധിച്ചു പറയുമ്പോൾ ഈ അഭിരുചിയെ സൌന്ദൎയ്യാഭിരുചി (Aesthetic taste) എന്നും, സാഹിത്യകലയെ പ്രത്യേകിച്ചു പറയുമ്പോൾ സാഹിത്യാഭിരുചി എന്നും, സഹൃദയത്വം എന്നും പറയാവുന്നതാണു്. "കവിയുടെ ഹൃദയമുള്ളവർ പലരുമുണ്ടു്; പക്ഷേ കവിയുടെ നാവുള്ളവർ വളരെ കുറച്ചുമാത്രമേയുള്ളു" എന്നും, "ഏറക്കുറേ മിക്കപേരുടേയും ഹൃദയത്തിൽ കവിതയുണ്ടു്; എന്നാൽ എത്രയോ കുറച്ചുപേൎക്കുമാത്രമേ അതിനെ പ്രകാശിപ്പിക്കുവാനുള്ള ഭാഷയുള്ളു" എന്നും ഉള്ള 'ചൊല്ലുകൾ' സഹൃദയത്വ(സാഹിത്യാഭിരുചി)ത്തിനും, കവിത്വ(സാഹിത്യസൃഷ്ടിശക്തി)ത്തിനും തമ്മിലുള്ള ബന്ധത്തെയും വ്യത്യാസത്തേയും വ്യക്തമായി വെളിപ്പെടുത്തുന്നുണ്ടു്.

സാഹിത്യാഭിരുചി എന്നതു ചിന്തനസുകൃതങ്ങളുടെ പരിപാകത്തിൽ തെളിഞ്ഞുവരുന്ന ഒരു ആത്മസംസ്കാരമാണെന്നു പറയപ്പെട്ടിരിക്കുന്നു. യഥാൎത്ഥമായ സൌന്ദൎയ്യം അവലോകനംചെയ്തു രസിക്കുവാൻ സാധിക്കുക എന്ന അവസ്ഥ എത്രയോ 'അനുഗൃഹീത'മായ ഒരു ഭാഗ്യവിശേഷമാണെന്നുവേണം പറയുവാൻ. സൌന്ദൎയ്യം, ശരിയായ വിധത്തിൽ വെളിപ്പെട്ട ശരിയായ സത്യമായിട്ടുള്ളതാകയാൽ അതു് ഈശ്വരചൈതന്യത്തിന്റെ ദൃഷ്ടിഗോചരമായ ഒരു സ്വരൂപമാകുന്നു. എവിടെയെവിടെ ശരിയായ സൌന്ദൎയ്യം കാണുന്നുവോ അവിടവിടെയെല്ലാം ഈശ്വരചൈതന്യം വിശേഷവിധിയായി വിളയാടുന്നുണ്ടെന്നു പറയാം. അപ്രകാരമിരിക്കുന്ന സൌന്ദൎയ്യത്തെ പ്രകാശിപ്പിക്കുന്നവയായ സംഗീതം, കവിത മുതലായ കലാവിദ്യകളിൽ രസിക്കുന്നതിനു സാധിക്കുന്ന ആ അവസ്ഥയ്ക്കുള്ള വൈശിഷ്ട്യം വചോഗോചരമല്ലതന്നെ.

കലാവിദ്യകൾ സൌന്ദൎയ്യത്തെ പ്രകാശിപ്പിക്കുന്നതു് ഏതുപ്രകാരത്തിലാണെന്നും അവ രസികജനങ്ങളുടെ സൌന്ദൎയ്യാഭിരുചിയെ സംതൃപ്തിപ്പെടുത്തുന്നതു് എങ്ങിനെയെന്നും ഇവിടെ വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. അരിസ്റ്റോട്ടിൽ, കലാവിദ്യകളെ ലളിതകലകൾ (Fine Arts) എന്നും, ഉപയോഗികലകൾ (Useful Arts) എന്നും രണ്ടായി തിരിച്ചു്, താഴെ പറയുംപ്രകാരം അവയ്ക്കു തമ്മിലുള്ള ഭേദങ്ങളെ വിവരിക്കുന്നു. ലളിതകലകൾ മനുഷ്യന്റെ സൌന്ദൎയ്യബോധത്തെ ഉണൎത്തി ആനന്ദത്തെ പ്രദാനംചെയ്യുന്നവയാകയാൽ അവയുടെ കൃത്യം സൌന്ദൎയ്യപ്രകാശനവും, പ്രയോജനം ആനന്ദപ്രദാനവുമാണു്. കവിത, സംഗീതം മുതലായ സുകുമാരവിദ്യകൾ ലളിതകലകളാകുന്നു. ലളിതകലകൾ പ്രകൃതിയെ അനുകരിക്കുന്നു. ഉപയോഗികലകളാകട്ടെ പ്രകൃതിയെ ദാസീകരിക്കുന്നു. ഒന്നു പ്രകൃതിയെ അനുകരിച്ചുംകൊണ്ടു് അതിൽ രസിക്കാനുള്ളതെന്തെന്നു ബോധപ്പെടുത്തുമ്പോൾ, മറേറതു പ്രകൃതിയെദാസീകരിച്ചുകൊണ്ടു പ്രായോഗികജീവിതത്തിൽ അതിനെ എങ്ങിനെ ഉപയോഗപ്പെടുത്താമെന്നു പഠിപ്പി

കുന്നു. ലളിതകലകളുടെ ധൎമ്മം പ്രകൃത്യനുകരണമാണെങ്കിൽ അവയുടെ പ്രയോജനത്തെ രണ്ടു കോടിക (Points) ളെ മുൻനിൎത്തിക്കൊണ്ടു പൎയ്യാലോചനം ചെയ്യേണ്ടിയിരിക്കുന്നു. ഒന്നാമതു് അനുകരണത്തിൻെറ വിഷയത്തെ (Object of Imitation) നോക്കിയും രണ്ടാമതു് അനുകരണത്തിൻെറ ഫലത്തെ നോക്കിയും ആണു കലാവിദ്യയുടെ പരമപ്രയോജനം നിശ്ചയിക്കേണ്ടിയിരിക്കുന്നതു്. അനുകരണത്തിനു വിഷയങ്ങളായിത്തീരുന്നതു് ഒന്നുകിൽ പ്രകൃതിയിലുള്ള വസ്തുക്കളൊ, അല്ലെങ്കിൽ മനുഷ്യജീവിതത്തിലുള്ള സംഭവങ്ങളൊ ആയിരിക്കുമല്ലൊ. പ്രകൃതിയെയും ജീവിതത്തെയും അനുകരിക്കുന്നവയാണു് എന്നു പറഞ്ഞതുകൊണ്ടു് അവയെ അതേ നിലയിൽ പകൎക്കുന്നവയാണു കലാവിദ്യകൾ എന്നു അൎത്ഥമാകുന്നില്ല. കലാവിദ്യകളെസ്സംബന്ധിച്ചിടത്തോളം അനുകരണം എന്നതു പകൎക്കലല്ല, ഒരു തരം സൃഷ്ടിക്കലാണു് എന്നു പറയേണ്ടിയിരിക്കുന്നു. മനോഹരമായ ഒരു പുഷ്പത്തെ വൎണ്ണിക്കുകയൊ ചിത്രത്തിൽ എഴുതുകയൊ ചെയ്യുന്ന കലാകുശലൻ ആ പുഷ്പത്തിൻെറ ബാഹ്യസ്വരൂപത്തെ അപ്പടി പകൎത്തിവെക്കുകയല്ല, ആ പുഷ്പം കാണുമ്പോൾ സൌന്ദൎയ്യബോധസമ്പന്നരായ കാഴ്ചക്കാൎക്കുണ്ടാകുന്ന വികാരവും വിചാരവും ഏതോ അതേ വികാരവും വിചാരവുംതന്നെ ശക്തിമത്തായി അവൎക്കു് അനുഭവപ്പെടത്തക്കവണ്ണം വാക്കുകൊണ്ടോ, 'വൎണ്ണം' (Colour) കൊണ്ടോ, അതിനെ അനുകരിച്ചു കാണിക്കുകയാണു ചെയ്യുന്നതു്. ഇതിൽനിന്നു്, കലാവിദ്യയുടെ അനുകരണം ശരിയായും നന്നായും ഇരിക്കുന്നുണ്ടോ എന്നു നിശ്ചയിക്കുന്നതു് ആ അനുകരണം സഹൃദയന്മാൎക്കുണ്ടാക്കുന്ന അനുഭവം എങ്ങിനെയിരിക്കുന്നു എന്നു നോക്കിയിട്ടാണെന്നു സിദ്ധമാകുന്നുണ്ടു്. ഇതുതന്നെ വേറൊരു ഭാഷയിൽ പറയുകയാണെങ്കിൽ, കലാവിദ്യ അനുകരിച്ചു കാണിക്കുന്നതെന്തായാലും അതു് ആദൎശഭൂതമായിട്ടുള്ളതാണോ എന്നറിയുന്നതിനുള്ള ഉപായം അതു്, കലാരസികന്മാരുടെ ഹൃദയത്തിൽ ഉളവാക്കുന്ന അനുഭവമാണെന്നു വന്നുകൂടുന്നു. കവനകലയെസ്സംബന്ധിച്ചിടത്തോളം അരിസ്റ്റോട്ടിൽ മുഖ്യമായ മൂന്നുപാധികളെ മുൻനിൎത്തിക്കൊണ്ടാണു നിരൂപണം ചെയ്തിട്ടുള്ളതു്. ഒന്നാമതു കവിതയുടെ കൃത്യം മറ്റുള്ള സുന്ദരകലകളുടേതെന്നപോലെ അനുകരണം (Imitation) ആകുന്നു; ഉപദേശമല്ല. രണ്ടാമതു്, കവനകലയുടെ അനുകരണത്തിനുള്ള വിഷയം 'വിശേഷ' (Particular) മല്ല. 'സാമാന്യ' (Universal) മാണു്. മൂന്നാമതു്, കവിതയിലെ അനുകരണം ശരിയായും ഭംഗിയായും ഇരിക്കുന്നുണ്ടോ എന്നു നിശ്ചയിക്കേണ്ടതു്, അതു് ജനസമുദായത്തിനു നിരുപാധികമായ ആനന്ദം ജനിപ്പിക്കുന്നുണ്ടോ എന്നു നോക്കിയിട്ടാണു്; അല്ലാതെ കവി അതിൽ ആഹ്ലാദിക്കുന്നുണ്ടോ എന്നു നോക്കിയിട്ടല്ല.

പ്ലേറെറാ എന്ന തത്വജ്ഞാനി കലാവിദ്യ അനുകരണാത്മകമായുള്ള

കൊണ്ടു് അസാന്മാൎഗ്ഗികമായിട്ടുള്ളതാണെന്നു പറയുന്നു. അനുകരണം യഥാൎത്ഥത്തിലുള്ള ഒരു വസ്തുവിൻെറ അപൂൎണ്ണമായ സാരൂപ്യത്തെ കൃത്രിമമായി സൃഷ്ടിക്കുന്ന ഒന്നായതുകൊണ്ടു്, അനുകരണാത്മകമായ കലാവിദ്യ വാസ്തവത്തിൽ ഇല്ലാത്തതുണ്ടെന്നു തോന്നിച്ചു്, കൃത്രിമമായ അടിസ്ഥാനത്തിന്മേൽ ആളുകൾക്കു് ആഹ്ലാദം ഉണ്ടാക്കുന്നുവെന്നാണു് അദ്ദേഹത്തിൻെറ ആക്ഷേപം. അരിസ്റ്റാട്ടിൽ ഈ വാദത്തിനെതിരായി അനുകരിക്കലും അതിലുള്ള വിനോദിക്കലും മനുഷ്യസ്വഭാവമായതുകൊണ്ടു്, അനുകരണാത്മകമായ കലാവിദ്യ സന്മാൎഗ്ഗവിരുദ്ധമായിട്ടുള്ളതല്ലെന്നു സ്ഥാപിച്ചിരിക്കുന്നു. അരിസ്റ്റോട്ടിൽ, കവിത മുതലായ കലാവിദ്യകളുടെ ഉൽപത്തിയെപ്പററി പറയുന്നതിങ്ങിനെയാണു്:—“കവിതാദികളായ കലകൾ സാമാന്യമായി രണ്ടു കാരണങ്ങൾ കൊണ്ടുണ്ടാകുന്നവയാണു്. അവ രണ്ടും മനുഷ്യസ്വഭാവത്തിൽത്തന്നെ വേരുറച്ചു കിടക്കുന്നവയുമാണു്. അവയിൽ ഒന്നാമത്തേതു്, അനുകരണത്തിനുള്ള വാസനയാകുന്നു. ഈ അനുകരണവാസന ശൈശവം മുതൽക്കുതന്നെ മനുഷ്യനിൽ തെളിഞ്ഞു കാണാം. അനുകരണവാസനയുടെ വികാസത്താലാണു മനുഷ്യൻ മററെല്ലാ ജീവികളേക്കാളും മെന്മയേ പ്രാപിച്ചിരിക്കുന്നതു്. രണ്ടാമത്തേതു്, അനുകരണത്തിലുള്ള സന്തോഷമാണു്. അനുകൃതങ്ങളായ വസ്തുക്കളെ കണ്ടു രസിക്കുന്നതിൽ ഏറക്കുറെ എല്ലാ മനുഷ്യൎക്കും വളരെ താല്പൎയ്യമുണ്ടു്. അനുകരണംകൊണ്ടുണ്ടാകുന്നവയായ ചിത്രം പ്രതിമ മുതലായവയ്ക്കു് അവയുടെ 'മൂലവസ്തു' (Original) ക്കളോടുള്ള സാരൂപ്യം കാണുമ്പോൾ മനുഷ്യൻ വിസ്മയപ്പെടുകയും അനുമാനസരണിയിൽക്കൂടെ കടന്നു്, ചില വിശേഷസംഗതികളെ ഊഹിച്ചറിയുകയും ചെയ്യുന്നു. അതുകൊണ്ടു് അവന്നു് അനുകരണം കാണുമ്പോൾ അളവററ ആഹ്ലാദം ഉളവാകുന്നു.

കവിതാദികലാവിദ്യകളുടെ ധൎമ്മം പ്രകൃത്യനുകരണമാണെങ്കിൽ, കവി ചിത്രകാരൻ മുതലായ കലാകുശലന്മാൎക്കു പ്രകൃതിയെ യഥാൎത്ഥരൂപത്തിൽ പ്രദൎശിപ്പിക്കുവാനല്ലാതെ മാതൃകാഭൂതമായ നിലയിൽ അതിനെ പ്രകാശിപ്പിക്കുവാൻ സ്വാതന്ത്ര്യമുണ്ടോ എന്നൊരു ചോദ്യം ഇവിടെ സ്വാഭാവികമായി പുറപ്പെടാവുന്നതാണു്. എന്നാൽ, അനുകരണം എന്നാൽ പകൎക്കലല്ലെന്നു മുമ്പു പറഞ്ഞിട്ടുള്ളതു്, ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയും, പ്രകൃതിയെ അനുകരിക്കുന്ന കലാവിദ്യയും സൃഷ്ടിക്കുന്നതു് ഒരുപോലെയാണെങ്കിലും, രണ്ടിൻേറയും സൃഷ്ടിയുടെ പ്രയോജനവും, പ്രകാരവും, ഉപകരണവും ഭിന്നങ്ങളായിട്ടുള്ളവയാണു്. അതിനാൽ പ്രകൃതിയേയും കലാവിദ്യയേയും നാം ഒരേ ദൃഷ്ടിവെച്ചുനോക്കുന്നതു ശരിയായിരിക്കയില്ല എന്നു തീൎച്ചയാണു്. കലാവിദ്യ പ്രകൃതിക്കു വിരുദ്ധമായവിധത്തിൽ പ്രവൎത്തിക്കുവാൻ പാടില്ലെന്നല്ലാതെ, പ്രകൃതിപോകുന്ന വഴിയിൽക്കൂടെതന്നെ പോകേണമെന്നു നിയ

മമില്ല. ചുരുക്കത്തിൽ, കലാവിദ്യ പ്രകൃതിയുടെ ആജ്ഞാനുവർത്തിനിയായ ഒരു ദാസിയല്ല, സ്വതന്ത്രയായ ഒരു സൈരന്ധ്രിയാണ് എന്നു പറയാം. പ്രകൃതിയിൽ നമുക്കു കാണേണ്ടതും, നാം കാണുന്നതുമായ സംഗതി, 'യാഥാർത്ഥ്യ'(Realism)മാകുന്നു. കലാവിദ്യയിലാകട്ടെ, നഗ്നമായ യാഥാർത്ഥ്യത്തെയല്ല, മഗ്ന*മായ സത്യത്തെയാണു നമ്മൾ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുന്നതു്. കവിതമുതലായ കലാവിദ്യകളിലെ അനുകരണത്തിനുള്ള വിഷയം 'സാമാന്യ'മാണെന്നും 'വിശേഷ'മല്ലെന്നും അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുള്ളതു് അതുകൊണ്ടുതന്നെയാണ്. അനുകരണത്തിന്റെ വിഷയം 'സാമാന്യ'മാണെന്നുള്ള സംഗതിയെ അരിസ്റ്റോട്ടിൽ ഒരിടത്തു് ഇപ്രകാരം വിശദീകരിക്കുന്നു:—"കവിയുടെ കൃത്യം, ലോകത്തിൽ നടന്നതെന്താണെന്നു റിപ്പോർട്ടുചെയ്യുന്നമട്ടിൽ പറയുകയല്ല. പ്രകൃതിനിയമപ്രകാരം ലോകത്തിൽ നടക്കാവുന്നതെന്താണെന്നു നിരൂപണം ചെയ്യുകയാണ്. ഇവിടെവെച്ചാണു ചരിത്രവും കവിതയും തമ്മിൽ അകന്നുപോവുന്നതു്. ചരിത്രം, ലോകസ്ഥിതിവിശേഷങ്ങളെ രേഖപ്പെടുത്തുമ്പോൾ കവിത ലോകസ്ഥിതിസാമാന്യത്തെ അനുകരിച്ചു പ്രകാശിപ്പിക്കുന്നു".

(തുടരും)

---

# മീരാബായി

(ഗാഥ)

[പ്രഥമഖണ്ഡം]

(ജി. ശങ്കരക്കുറുപ്പ്.)

"ഭീമാപമാനത്തീവെയ്ലേറ്റുരുകുന്ന മാമകാത്മാവായ മാമ്പൂവിന്നു
അംബ, കളിന്ദജേ, നിന്മധുരാമൃത-ചുംബനവർഷം കുളിർപ്പിച്ചാവൂ!"

കൂചവിജനവനത്തിലുയർന്നോരീ ലോലസ്വരത്താലപ്പാതിരാവിൽ
കൂട്ടമായ് സംഭ്രമംമൂലം ചിറകടി കൂട്ടിനീർക്കോഴികൾ കൂകീടവേ,
തീരദ്രുമത്തിന്റെശാഖകൾക്കേ ബിംബിതതാരകസ്വേദകണങ്ങളാലേ
മാനസാകർഷകമാം നിജശ്യാമളമാറിലണച്ചൂ ഛത്രപാതരളം
പായലളകങ്ങൾ പാറിയും പൂവിഴി പാതിയടഞ്ഞും പരിശ്രാന്താഭം
ഗൌരപുളിനമാം ദന്തതല്പത്തിന്മേൽ സ്വൈരമുറങ്ങുന്ന ശൈവാലിനി
ഞെട്ടിയുണർന്നുപോയെൻ നറപ്പൂന്താരം പൊട്ടിത്തകർന്നോളക്കൈകൾതട്ടി
ശാന്തസുഭഗയാം ശാരദശർവ്വരി ശ്രാന്തമരതകനെൽപ്പാടത്തെ

---

* മറഞ്ഞുകിടക്കുന്ന സത്യം എന്നർത്ഥം. പ്രകൃതിയിൽ അന്തർല്ലീനമായ സൌന്ദര്യാത്മകമായ സത്യമാണല്ലോ കലാവിദ്യ വെളിവാക്കുന്നതു്.

പ്രേമസുരഭിലസ്വപ്നംപോകന്നുള്ളിൽ കോൾമയിർക്കൊള്ളിച്ചുകൊണ്ടിരി-
ലജ്ജിച്ചുനിശ്ശബ്ദംനില്ക്കുംശശിലേഖ ലബ്ധസന്ദർഭത്തെപ്പോഴാകവേ [ക്കെ,
മന്ദസ്മിതാർദ്രമണഞ്ഞുപുണരുവാൻ സുന്ദരവെൺമുകിലാരംഭിക്കെ,
ജാതത്രപാമുഗ്ദ്ധചന്ദ്രികാസുസ്നിഗ്ദ്ധ ശീതളചുംബനാനന്ദത്താലേ
പാതിയടഞ്ഞദലമിഴികോലുന്ന പാതിരപ്പൂവുചിരിച്ചുനിൽക്കെ,
ശ്യാമത്തിരതന്നാദയാശ്ലേഷത്തിനാൽ താമരമൊട്ടുതളർന്നിരിക്കെ,
പുത്തൻതാരുണ്യത്തേൻപാത്രംവററിക്കവേ മത്തവധൂവരതൃഷ്ണാധരം,
പേലവചുംബിതംമർമ്മരത്താലേതോ ബാലകരയിപ്പൂതീരോർവ്വിയെ.

പീലികണക്കഴിഞ്ഞാനീലകുന്തളം പീനവക്ഷസ്സിലുംപിൻപുറത്തും
അശ്രദ്ധമട്ടിൽവിണ്ണൂററിൻകരദ്യോതോ സ്വശ്രോണിനിന്നില്ക്കുന്നുണ്ടേകാകിനി;
ശ്യാമളമേഘശകലാകുലയായ കോമളവാർഷികസന്ധ്യപോലെ
അഞ്ചിങ്ങിളംകരിഞ്ചുണ്ടികലന്നൊളി തിങ്ങിയചെന്താമരെന്നപോലെ

ലാവണ്യത്തെപ്പുത്തേൻതുളുമ്പുംമിഴിക്കരിങ്കൂവളത്താരിളംവാരിതളിൽ
ചൂട്ടറവെൺനിനെയുണ്ടായതുളുടച്ചിട്ടവാൻപാരിടംനിർദ്ദയമോ?
പ്രേമത്തിൻകാൽകഴുകാനെങ്കിലിക്കണ്ണീർത്തുമുത്തുകളേക്കാൾമൂല്യവത്താം!
താരങ്ങളെക്കാളുംപാരമെന്നാലശ്രു പൂരകണംതന്നെചേതോരമം!
മാമലതന്മാറിൽകണ്ണുനീരായിട്ടു മാധുര്യമേറുന്നതൻജീവിതം
ചേണററുതിക്ക്വന്നവർഷാകാദംബിനി ചേർക്കുംകടമ്പിനുരോമഹർഷം.

ചെമ്പവിഴങ്ങൾചലിക്കയായ് പിന്നെയും സ്തംഭിച്ചുനില്ക്കുത്തടദ്രുമങ്ങൾ:
"സുരകുമാരികകാന്തനിഷ്കാസിത 'മീര'തൻനേർക്കുകനിയേണമേ!
നന്മധുതള്ളിയവള്ളിതന്മർമ്മര മന്ദ്രമയലിവോടേകേൾപ്പോളല്ലോ
പാവനയായമന്മാതാവുതന്മുലപ്പാലുവഴിക്കെൻഹൃദന്തരത്തിൽ
പാവിമുളപ്പിച്ചഭക്തിയെഗ്ഗോവിന്ദ പാരിജാതത്തിൽപടർത്തിക്കൊണ്ടേ,
ധ്യാനത്താൽനിത്യവുംനന്നായുള്ളംവളച്ചു, മാനന്ദക്കണ്ണുനീരാൽനനച്ചും, (ട്ടാതെ
വാണുഞാൻശൈശവഹാരത്തിൻമുത്തുകൾ വീണുപോയ് തീർന്നതറിഞ്ഞതീ

താരുണ്യത്തിൻറമനോജ്ഞപ്രഭാതത്തിൽ താവുംവികാരക്കിളിക്കിടാങ്ങ
പൊങ്ങിപ്പറക്കവേരാഗപ്പനിനീർപ്പൂ തിങ്ങിയനിർജ്ജനച്ചോലവക്കിൽ [ൾ
വന്നപഥികനുനൽകിനേൻസാദരമെന്നതിക്ഷുദ്രഹൃദയാതിഥ്യം
ആവിശിഷ്ടാതിഥിതൻകൈനിറച്ചുമജ്ജീവിതനിസ്സാരസംഭാവന,
ഭൂതിലകായിതസാമ്രാജ്യത്താലുമേ പാതിനിറയാത്തതായിരിക്കെ!
പാരംകൃതാർത്ഥയായ് ഞാനതിദുർല്ലഭവീരവധൂപദലാഭത്താലേ
നേരകന്നുഴിവിളക്കിവിലസുന്ന സൂരകിരണമാമോദിയാകെ
ധന്യമായ്തൻജന്മമെന്നഭിമാനിച്ചു വന്യകുസുമംമതിമറന്നു!

രാജന്യചന്ദ്രൻറരാജമാനാത്ഭുത രാജധാന്യാഡംബരാംബുരാശി
വേലിയേററംകൊണ്ടെൻജീവിതസൈകതം വേഗമടിച്ചുകളഞ്ഞിട്ടാലും.

നീട്ടാറാവല്ലവപുണ്യപ്രണയത്തിൻ ചൂടുകുറഞ്ഞീലാ പുണ്യതാരേ
രാഗംപ്രവൃദ്ധമായ് മൽപ്രാണനാഥനും രാധാനന്ദത്തിനുംമദ്ധ്യത്തൂടേ
സ്വച്ഛന്ദംപോകയായ് തീരങ്ങൾ ചുംബിച്ചു സ്വച്ഛജലയാംതടിനിപോലെ

കാലത്തിൻ തൂണീരംസൂക്ഷിച്ചിരിക്കുന്ന കാരിരുമ്പമ്പിനെക്കാണാതേതും
ദാമ്പത്യമൈതാനംതന്നിലതിസുഖദായകവിശ്വാസപ്പൂന്തണലിൽ
പേടിതടവാതെയിക്കൊച്ചുസാധുമാൻ പേടയഥേഷ്ടംവിഹരിക്കയായ്.

നാലഞ്ചുകൊല്ലമാമുൽക്കകളങ്ങിനെ കാലനഭസ്സിങ്കൽപാഞ്ഞുമാഞ്ഞു.

ഏഷണി,വഞ്ചനയെന്നീമഹാഖല ഭീഷണസർപ്പവിഷപ്പല്ലുകൾ
മാമകജീവിതാലംബത്തിൻനിർവ്യാജ പ്രേമത്തെക്കൊത്തിത്തളർത്തിവീഴ്ത്തി!
ദുർന്നിവാരാസൂയതന്നടിയേറ്റെൻറ മന്നിലെസ്വർഗ്ഗമടഞ്ഞന്നു!
ചാരിത്രംജീവിതസൌന്ദര്യമെന്നുവിചാരിച്ചുപാലിച്ചുപോരുമെന്നെ
“ലോക കുലട പുരാതന നായിക”ൻ ദൈവ-മാകമ്പിതാധരമുച്ചരിക്കെ,
എന്നമൃതംപൊഴിക്കുന്നമാമകി,ലിന്നഗ്നിത്തീപ്പൊരിവർഷിക്കവെ,
ക്ഷോണീതലംപിളർന്നാരാൽപാതാളത്തിൽ വീണാലനുഗ്രഹമായേനേമേ!
വ്യോമംകൈവാളാംമിന്നൽവീശിയാലെൻജീവൻ തൂമലർമാലയായ് കൈ-
[ക്കൊണ്ടേനേ!”

ഒതാണ്ടയിൽബാഷ്പംതടഞ്ഞു സതിക്കു,കാർ കൊണ്ടഗഗനംപോലുന്നി-
പാരംവിതുമ്പുന്നാത്മികളെല്ലാമധീരം തലപൊക്കിനോക്കിയാലും [രുണ്ടു
ദൈവനിഹതയാംമീരയെക്കാണ്കയാൽ വൈവശ്യമാർന്നുമുഖംകുനിച്ചു.
താരകനായകൻദുഃഖാഗ്നിമൂർച്ഛിതൻ താനേപതിച്ചുകടലിൻകൈയിൽ
താരകാംതൻകവിൾകാളിമകൈക്കൊണ്ടു ഭീരുതരുക്കൾ പകച്ചുനിന്നു.
മാരിക്കരിങ്കാറിൽവിള്ളുല്ലതപോലെ ക്രൂരിരുൾക്കുള്ളിൽനിലാവുപോലെ
നീലിമകോലുമക്കാളിന്ദീനീരിലാബ്ബാലികമാഞ്ഞുകഴിഞ്ഞുവേഗാൽ
വാനത്തിലുൽക്കണ്ഠാഭാരതരളങ്ങൾ ദീനനക്ഷത്രങ്ങൾനോക്കിനിൽക്കെ!
വാരേലുമമ്പിളിമാഞ്ഞതിന്നുള്ളഴൽ തീരേണ്ടതിന്നുഷസ്സുണ്ടാമെന്നാൽ
മീര,നിൻവേർപാടാൽ,മന്നിന്നുറന്നകണ്ണീരെന്തുകൊണ്ടുണ്ടാവറവുമാവോ!

---

### ആധുനികഭാരതത്തിലെ യോഗിവര്യൻ
### അഥവാ
## ബാബു അരവിന്ദഘോസ്.

1.

സി. ജി. അനന്തൻപിള്ള, ബി. എ.

“ചിലർ ‘സ്വാതന്ത്ര്യം’ എന്നു പറയുവാൻകൂടി ഭയപ്പെടുന്നു! എൻെറ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രയത്നിക്കുകയാണ് എൻെറ ജീ

വിതോദ്ദേശം. സ്വാതന്ത്ര്യം എന്റെ ജീവിതമന്ത്രമായതുകൊണ്ടു ഞാൻ അതിനെ പലപ്പോഴും ഉപയോഗിക്കാറുണ്ട്. സ്വാതന്ത്ര്യലബ്ധിക്കായി പരിശ്രമിക്കുന്നതു കുററകരമാണെങ്കിൽ ഞാൻ വലിയ കുററക്കാരൻതന്നെ. എന്നെ തടവിൽ പാർപ്പിച്ചുകൊള്ളട്ടെ. എന്നെ ചങ്ങലകൊണ്ടു ബന്ധിച്ചുകൊള്ളട്ടെ. എന്നാൽ സ്വാതന്ത്ര്യം എന്നു പറയുന്നതുകൊണ്ട് അക്രമം പ്രവർത്തിക്കണമെന്ന് അർത്ഥവുമില്ല. ഈ പുണ്യഭൂമിയിലെ സന്താനങ്ങളുടെ നിലയിൽ നമ്മുടെ ധർമ്മം നിറവേററണം. അതാണു നാം ചെയ്യേണ്ടതു്."

---

"ഈ കേസിന്റെ ലഹളയെല്ലാം അവസാനിച്ച്, ഈ കലഹവും പ്രക്ഷോഭണവുമെല്ലാം ശമിച്ച് അരവിന്ദഘോസ് മരിച്ച് എത്രയോ കാലം കഴിഞ്ഞിട്ടുകൂടി അദ്ദേഹത്തെ ഒരു സ്വരാജ്യസ്നേഹിയായ കവിയായും, ഉത്തമനായ ദേശീയപ്രവാചകനായും മനുഷ്യസ്നേഹിയായും ജനങ്ങൾ സ്മരിക്കും. ഭാരതത്തിൽ മാത്രമല്ല, വിദൂരരാജ്യങ്ങളിലും വിദൂരസാഗരങ്ങളിലും അദ്ദേഹത്തിന്റെ വാക്കുകൾ ധ്വനിച്ചും പ്രതിധ്വനിച്ചുംകൊണ്ടിരിക്കും." ഇപ്രകാരമായിരുന്നു ആലിപ്പൂർ ജഡ്ജി മിസ്റ്റർ ബീച്ചുക്രോഫ്റ്റിന്റെ കോടതിയിൽവച്ചു നടന്ന കേസുവിസ്താരത്തിൽ കുററക്കാരനെന്നു സംശയിച്ചിരുന്ന ബാബു അരവിന്ദഘോസിന്റെ ഭാഗം വാദിച്ച ദേശബന്ധുദാസ്, തന്റെ പ്രൗഢഗംഭീരമായ പ്രസംഗം അവസാനിപ്പിച്ചതു്. 'സ്വരാജ്യസ്നേഹിയായ കവി', 'ഉത്തമനായ ദേശീയപ്രവാചകൻ', 'മനുഷ്യസ്നേഹി'—ഹാ! എന്തു വാക്കുകൾ! എന്തു വികാരപരങ്ങളായ വാക്കുകൾ! എന്തു ശക്തിയുള്ള വാക്കുകൾ! ഭാരതഭൂഖണ്ഡത്തിന്റെ നാനാഭാഗങ്ങളിൽ നിവസിക്കുന്ന ലക്ഷോപലക്ഷം പുരുഷന്മാരുടേയും സ്ത്രീകളുടെ ഹൃദയങ്ങളിൽ ശുഷ്കാന്തിയോടുകൂടി അവ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. ആർക്കുവേണ്ടി ഈ സ്തോത്രഗീതങ്ങൾ പുറപ്പെട്ടു, ആരുടെ കാരാഗൃഹവിമോചനം രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹത്തിന്റെ അനുയായികളല്ലാത്തവരെക്കൂടി ആനന്ദസാഗരനിമഗ്നരാക്കിയോ, ആരുടെ ഓരോ വാക്കുകളെയും സ്വദേശവാസികൾ നിഷ്കളങ്കമായ സ്നേഹബഹുമാനാദരവോടും ഉത്സാഹത്തോടും താല്പര്യത്തോടുംകൂടി കേൾക്കുന്നുവോ, ശക്തിയേറിയതും സർവ്വാധിപത്യം വഹിക്കുന്നതുമായ ഏകച്ഛത്രാധിപത്യം ആരു വിറപ്പിച്ചിരുന്നുവൊ, ആരുടെ നേരെ ഭരണാധികാരികളും പൊല്ലീസുദ്യോഗസ്ഥന്മാരും തങ്ങളുടെ ഭടസമൂഹംകൊണ്ടു അമർത്തുവാൻ പരാജിതരായൊ, ആ പുരുഷകേസരി അല്പകാലം മുമ്പെ ആരായിരുന്നു? ഭാരതദേശത്തിന്റെ ഒരു വിദൂരമൂലയിലെ ഒരധ്യാപകൻ—ജീവിതത്തിൽ പരാജിതനായി രംഗത്തുനിന്നും മാറിയിരുന്ന ഒരാൾ—അക്കാലത്തെ ഇളകിമറിഞ്ഞുകൊണ്ടിരുന്ന രാഷ്ട്രീയനഭോമണ്ഡലത്തിന്ന് അപ്രാമാണ്യനും അപരിചിതനും അവഗണനീയനുമായ ഒരു ദേഹം ആയിരുന്നു അദ്ദേഹം. 1905-ൽ കൂടി, അടുത്തുണ്ടാകുവാൻ പോകുന്ന സമാധാനഭഞ്ജകമായ മേഘപടലം

ബങ്കാൾരാഷ്ട്രീയാന്തരീക്ഷത്തിൽ വ്യാപിച്ചുകൊണ്ടിരുന്നപ്പോൾ— ശരിയായി വളൎന്ന് ഇപ്പോൾ രാജ്യത്തിന്നു ധാരാളം നന്മയെ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന ആ ദേശീയപ്രസ്ഥാനത്തിൻെറ പ്രസവവേദന ഭാരതഭൂമി അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ— ഭാരതഭൂമിയുടെ പടിഞ്ഞാറെ അററത്തുനിന്നും തൻെറ അധ്യാപകജോലിയെ ഉപേക്ഷിച്ചുവന്ന് അരവിന്ദൻ ചുഴലിക്കാററിൽ ആരോഹണം ചെയ്തു കൊടുങ്കാററിനെ ജയിക്കുമെന്ന് ആരറിഞ്ഞിരുന്നു! ആരു സ്വപ്നേപി വിചാരിച്ചിരുന്നു! അനിതരസാധാരണമായ ഗുണപൌഷ്കല്യവും അനുപമമായ സാമൎത്ഥ്യവുമുള്ള നേതാക്കന്മാർ നമ്മുടെ ഇടയിൽ ഉണ്ടായിട്ടില്ലേ? വിശ്വവിഖ്യാതരും നല്ല പരിചയമുള്ളവരുമായ അനവധി മഹാന്മാർ ഭയങ്കരങ്ങളായ കൊടുങ്കാററുകളെ തരണം ചെയ്തു സ്വരാജ്യസേവനവൃത്തികൊണ്ടുതന്നെ തലമുടി നരപ്പിച്ചിട്ടില്ലേ? അവരുടെ വാക്കുകളെ ശ്രദ്ധിച്ച് അവരുടെ ഉപദേശങ്ങളെ സ്വീകരിച്ചനുസരിച്ച് അവരുടെ കാലടികളെ പിൻതുടൎന്ന് അവർ നയിക്കുന്നിടത്തേക്കു നമുക്കു പോകരുതേ? അഥവാ നാം പോകേണ്ടതല്ലേ? ആ പൌരാണികഭീമന്മാരുടെ സ്ഥാനം ബറോഡയിലെ മൌനിയായ ഒരു അപരിചിതൻ എങ്ങിനെയാണു കൈക്കലാക്കിയതു്? മററുള്ളവരുടെ ശക്തിയും തഴമ്പുമുള്ള ഹസ്തങ്ങളിൽനിന്നും ന്യസ്തമായിരുന്ന കടിഞ്ഞാണിനെ ആ യുവാവിൻെറ പരിചയമില്ലാത്ത മൃദുകരപല്ലവങ്ങൾ എങ്ങിനെയാണു മുറുകിപ്പിടിച്ചതു്? ഏതായാലും ഇവയെല്ലാം സംഭവിച്ചുകഴിഞ്ഞുവല്ലോ. പ്രശാന്തനും, മൌനിയും, ഗൌരവബുദ്ധിയും എന്നാൽ ചില കനകപ്രസംഗങ്ങൾ ചെയ്തിട്ടുള്ള ദേഹവുമായ ആ ഗംഭീരാശയൻ രാജ്യവാസികളുടെ ഹൃദയത്തിൽ സുസ്ഥിരമായ സ്ഥാനംപിടിച്ചു കഴിഞ്ഞു. ഇന്ന് അദ്ദേഹത്തിൻെറ ആ വിശിഷ്ടനാമത്തിൻെറ മാന്ത്രികശക്തി, ഭാരതഖണ്ഡമൊട്ടുക്കു വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തിൽനിന്നും പുറപ്പെടുന്ന ഓരോ വാക്കും ഈ മഹാരാജ്യത്തിലെ ലക്ഷോപലക്ഷം ജനങ്ങൾക്ക് ആശ്വാസസുവിശേഷവും മുക്തിസന്ദേശവുമായിത്തീൎന്നിരിക്കുന്നു.

ആശ്ചൎയ്യകരമായ ഈ മാററം എങ്ങിനെ സംഭവിച്ചു? ഇതുവരെ സ്നേഹത്തേയും വിശ്വാസത്തേയും ബഹുമാനത്തേയും വലിച്ചെടുത്ത ആ ദിവ്യസ്വരൂപത്തിൻെറ രഹസ്യമെന്തു്? അരവിന്ദഘോസ് ഏതുതരത്തിലുള്ള ഒരാളാണ്? അദ്ദേഹത്തിൻെറ പ്രകാശമാനങ്ങളായ ഭാഗങ്ങളെ വായനക്കാരുടെ മുമ്പിൽ പ്രദൎശിപ്പിക്കുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നതു്. വായനക്കാർതന്നെ അവയിൽനിന്നും സാരങ്ങളുണ്ടെങ്കിൽ ഗ്രഹിച്ചുകൊള്ളുമല്ലോ. ഘോസിൻെറ സ്വഭാവത്തെ അപഗ്രഥനം ചെയ്യണമെന്നു വിചാരിക്കുന്നില്ല. ആ ശ്രമം നിഷ്പ്രയോജനവും അനാവശ്യവുമാണെന്നു തോന്നുന്നു. അദ്ദേഹം ലോകത്തിന് ഇപ്പോൾ അപരിചിതനല്ലല്ലോ. അദ്ദേഹത്തിൻെറ വിശ്വാസവും മതവും അഭിപ്രായങ്ങളും ആദൎശങ്ങളും ജന

ങ്ങൾ വായിക്കുന്നതിനും തദ്വാരാ അദ്ദേഹത്തെ അറിയുന്നതിനുമായി ലോകത്തിൽ അരവിന്ദൻ അവതരിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാലും എല്ലാ മനുഷ്യരുടേയും ജീവിതത്തിൽ ഒരു രഹസ്യഭാഗമുണ്ട്; അതിനെപ്പററിയുള്ള അല്പജ്ഞാനം അയാളുടെ സ്വഭാവത്തെ മനസ്സിലാക്കുന്നതിന് ഉപയോഗപ്രദമായി പരിണമിക്കുന്നതാണ്. തദ്വാരാ ആദ്ദേഹത്തിന്റെ ആദർശങ്ങളേയും അഭിപ്രായങ്ങളേയും നല്ലപോലെ മനസ്സിലാക്കുന്നതിനും സാധിക്കുന്നതാകുന്നു. ഒരു മനുഷ്യന്റെ യഥാർത്ഥചിത്രം, ആ മനുഷ്യനെപ്പററി അനവധി കടലാസ്സുകൾ നിറച്ച് എഴുതിയിട്ടുള്ള വിസ്തൃതങ്ങളേക്കാൾ വിലയേറിയതാണെന്നു ചെൽസിയിലെ മുനിവര്യനായിരുന്ന തോമസ് കാർലൈൽ പറയുക സാധാരണമായിരുന്നു. അങ്ങനെയുള്ള ഒരു യഥാർത്ഥചിത്രത്തേയും അഥവാ അങ്ങിനെയുള്ള ഒന്നിന്റെ ചരിത്രസംഗ്രഹത്തേയും അതോടുകൂടി അരവിന്ദൻ നമ്മുടെ ദേശീയജീവിതത്തിനു ചെയ്തിട്ടുള്ള പ്രത്യേകസഹായങ്ങളേയും പററി പ്രസ്താവിക്കാം.

## II. സ്വദേശിപ്രസ്ഥാനത്തിനു മുമ്പ്.

### ജനനം, മാതാപിതാക്കന്മാർ, വിദ്യാഭ്യാസം.

പൌരാണികകാലംമുതൽക്കുതന്നെ ബങ്കാളം, ഭാരതത്തിന്റെ ഒരു പ്രധാനഭാഗമാണെന്നു ഭാരതീയചരിത്രം വായിച്ചിട്ടുള്ളവർക്കു നിർവ്വിശങ്കം മനസ്സിലാക്കാവുന്നതാണ്. വിവിധകലകളിൽ സുപ്രസിദ്ധന്മാരായ അനവധി മഹാന്മാരുടെ ജന്മഭൂമിയായിരിക്കുവാനുള്ള മഹാഭാഗ്യം ബങ്കാളിനെപ്പോലെ ഭാരതത്തിലെ മറെറാരു പ്രദേശത്തിനും ഉണ്ടായിട്ടില്ല. സാഹിത്യകേസരികളായ രവീന്ദ്രനാഥടാഗോർ, ബങ്കിമചന്ദ്രചാററർജി സുപ്രസിദ്ധവാഗ്മികളും രാഷ്ട്രീയപ്രവർത്തകന്മാരുമായ സുരേന്ദ്രനാഥബാനർജി വിപിനനാഥചന്ദ്രപാലൻ, വിദ്യാഭ്യാസപ്രസക്തനായിരുന്ന ആശുതോഷമുക്കർജി, സമുദായപരിഷ്കാരിയും ബ്രഹ്മസമാജസ്ഥാപകനുമായ രാജാ റാമോഹൻറായി, വിധവാവിവാഹത്തിനുവേണ്ടി അക്ഷീണപരിശ്രമം ചെയ്ത പണ്ഡിത ഈശ്വരചന്ദ്രവിദ്യാസാഗർ, ശാസ്ത്രപാരംഗതന്മാരായ ജെ. സി. ബോസ്, പി. സി. റോയി, നിയമപാണ്ഡിത്യത്തിൽ കീർത്തിമാന്മാരായ റാഷ്ബിഹാരിഘോഷ്, ചിത്തരഞ്ജദാസ്, പത്രപ്രവർത്തനത്തിൽ അദ്വിതീയനായിരുന്ന മോട്ടിലാൽഘോഷ്, മതവിഷയത്തിൽ ജീവത്യാഗം ചെയ്ത ശ്രീരാമകൃഷ്ണപരമഹംസൻ, വിവേകാനന്ദസ്വാമികൾ മുതലായ ഭാരതീയനേതാക്കന്മാരുടെ ജന്മഭൂമി ബങ്കാളമാണെന്നു പറഞ്ഞാൽ അതിന്റെ മാഹാത്മ്യവും ശ്രേഷ്ഠതയും ഏകദേശമെങ്കിലും അനുമാനിക്കാവുന്നതാണല്ലോ. ഈ ഓമനസന്താനങ്ങളുടെ മാതൃപദംകൊണ്ടും പുത്രവത്സലയായ ബങ്കാളം തൃപ്തിപ്പെട്ടില്ല. ജഗൽപ്രസിദ്ധനായ അരവിന്ദഘോസിന്റെ മാതൃപദംകൂടി സ്വീകരിച്ചപ്പോഴേ ബങ്കാളത്തിന് ഉത്തമസന്താനലാഭത്തിൽ അല്പമെങ്കിലും തൃപ്തിയുണ്ടായുള്ളൂ. ഉത്തമരായ സന്താനങ്ങ

ളെ ബങ്കാളം ഇനിയും ഭാരതത്തിനു നല്കട്ടെ. കുറെക്കാലം ഭാരതത്തിന്റെ തലസ്ഥാനവും ബങ്കാളത്തിലെ എന്നുമാത്രമല്ല ഇൻഡ്യയിലെ ഇന്നത്തെ ഒരു പ്രധാനനഗരവുമായ കൽക്കത്തായിൽ 1872 ആഗസ്റ്റ്മാസം 15-ാം ൹ അരവിന്ദൻ ജാതനായി. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരേയും പൂർവ്വികന്മാരേയും പററി അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണല്ലോ. അദ്ദേഹത്തിന്റെ മാതാവ് ബാബുരാജനാരായണബോസിന്റെ മൂത്തപുത്രിയായിരുന്നു. രാജനാരായണബോസ് ആകൃതികൊണ്ടും പ്രകൃതികൊണ്ടും ഒരു മഹാനായിരുന്നു. നമ്മുടെ ദേശീയകാര്യങ്ങളെപ്പററി ചുരുക്കം ചിലരുടെ ഇടയിലെങ്കിലും ബോധമുണ്ടാകയൊ, ആരെങ്കിലും അവയെപ്പററി പ്രസംഗിക്കുകയൊ, എഴുതുകയൊ ചെയ്യുന്നതിനു മുമ്പുതന്നെ അദ്ദേഹം ദേശീയകാര്യങ്ങളെ മനസ്സിലാക്കിയിരുന്നു. ഭാരതത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ മുത്തച്ഛൻ എന്നാണ് അദ്ദേഹത്തിന്റെ അപരനാമധേയം.

പാശ്ചാത്യപരിഷ്കാരവും പാശ്ചാത്യസംസ്കാരവും ഭാരതഭൂമിയിൽ ആദ്യമായി പ്രചരിക്കുവാൻ തുടങ്ങിയ കാലത്താണ് നാരായണബോസ് ജീവിച്ചിരുന്നതു്. അവയുടെ മിനുലും ബാഹ്യമോടിയും പ്രഭയും ആകർഷണവും ഈ രാജ്യത്തിലെ യുവാക്കന്മാരെ അതിന്റെ മാന്ത്രികശക്തിയിൽ വീഴിച്ചുതുടങ്ങി. രാജ്യത്തിലെ ഉൽകൃഷ്ടമാനസന്മാർ അവരുടെ ദേശീയജീവിതത്തെ പാശ്ചാത്യദേശീയജീവിതതത്വങ്ങളെ അനുകരിച്ചു നയിക്കുവാൻ ഉദ്യുക്തരായി. എന്നാൽ പാശ്ചാത്യവിദ്യാഭ്യാസത്തിലും സംസ്കാരത്തിലും നല്ലപോലെ ഇടപെട്ടിരുന്ന നാരായണബോസ്, തന്റെ രാജ്യത്തിലെ സാമുദായികദൂഷ്യങ്ങളെ പരിഹരിക്കുന്നതിന് ആഗ്രഹിച്ചിരുന്നെങ്കിലും അസ്ഥിരചിത്തനാകയൊ, കാലുതെററി കുഴിയിൽ വീഴുകയൊ ചെയ്തില്ല. എന്നുമാത്രമല്ല, ഹൈന്ദവപരിഷ്കാരത്തിന്റെ ഉത്തമമായ ആദ്ധ്യാത്മികതത്വത്തെ അദ്ദേഹം കാണാതിരിക്കയും ചെയ്തില്ല. ഹിന്ദുമതത്തിന്റെ ശ്രേഷ്ഠതയേയും മാഹാത്മ്യത്തേയും പററി അദ്ദേഹം ശക്തിയോടുകൂടി പ്രസംഗിക്കുകയും എഴുതുകയും, പൂർവ്വകാലത്തേയും വർത്തമാനകാലത്തേയും കുറിച്ചു വ്യസനസമേതം താരതമ്യം ചെയ്യുകയും ദേശീയതത്വത്തെ സംരക്ഷിക്കുന്നതിനു സമാജങ്ങൾ സ്ഥാപിക്കുകയും, ബങ്കാളികളുടെ ആരോഗ്യസംരക്ഷണത്തിനായി പലതും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹം ചെയ്തിട്ടുള്ള സകല പ്രവൃത്തികളിലും പ്രസംഗങ്ങളിലും അദ്ദേഹത്തിനുണ്ടായിരുന്ന വികാരപരമായ സ്വരാജ്യസ്നേഹവും സഹോദരസ്നേഹവും പ്രത്യക്ഷപ്പെട്ടിരുന്നു. ഒരു വിദേശവംശക്കാർ ഭാവിക്കുന്ന ഔന്നത്യത്തെ അദ്ദേഹം വകവെച്ചുകൊടുത്തിരുന്നില്ല. നാരായണബോസിന്റെ ഈ വിശിഷ്ടഗുണങ്ങളും ബുദ്ധിശക്തിയും സന്മാർഗ്ഗികനിഷ്ഠയും ആദ്ധ്യാത്മികതീക്ഷ്ണതയും അരവിന്ദനു ലഭിച്ചു.

നാരായണബോസ് ഒരു സ്വരാജ്യസ്നേഹിമാത്രമല്ലായിരുന്നു. പൂൎവ്വകാലംമുതൽക്കുതന്നെ അനുസരിച്ചുവന്നിരുന്ന ആചാരങ്ങളെ അദ്ദേഹം കണ്ണടച്ചു് അനുസരിച്ചിരുന്നില്ല. അവയിലുള്ള ദുഷ്യഭാഗങ്ങളെ പരിഹരിക്കുന്നതിന് അദ്ദേഹം ശ്രമിച്ചിരുന്നു. ഭാരതത്തോടു് അതീതമായ സ്നേഹവും ഭാരതീയസാമാനങ്ങളോടു പ്രത്യേക പ്രേമവും ഉണ്ടായിരുന്ന അദ്ദേഹം ഭാവനയേയും അസത്യത്തേയും വെറുത്തിരുന്നു. രാജ്യത്തിലെ പൌരുഷവളൎച്ചയുടെ സകല പ്രതിഘാതങ്ങളേയും അദ്ദേഹം നിന്ദിച്ചിരുന്നു. തന്റെ രാജ്യത്തിനും രാജ്യസ്ഥാപനങ്ങൾക്കും വേണ്ടി അദ്ദേഹം പോരാടി. തുറന്നുസംസാരിക്കുന്നതിലോ, പരസ്യമായി പ്രവൎത്തിക്കുന്നതിലോ അദ്ദേഹത്തിനു വിമുഖത ഉണ്ടായിരുന്നില്ല.

ഈ വന്ദ്യവയോധികനും അരവിന്ദന്റെ പിതാവായ കൃഷ്ണധൻഗോസും തമ്മിൽ അധികം സാമ്യത ഉണ്ടായിരുന്നില്ല. ധൈൎയ്യം, ദയ, അനുകമ്പ, സൌഹാൎദ്ദത, മാനസോല്ലാസം, രഞ്ജന മുതലായ ഗുണങ്ങൾ രണ്ടുപേരിലുമുണ്ടായിരുന്നു. എന്നാൽ അതോടുകൂടി അവർതമ്മിലുള്ള സാമ്യം അവസാനിക്കുന്നു. കൃഷ്ണധൻഗോസ് അരവിന്ദന്റെ മാതാവിനെ വിവാഹം ചെയ്യുമ്പോൾ ഒരു പ്രസിദ്ധ ഡാക്ടരായിരുന്നു. അനന്തരം അദ്ദേഹം ഇൻഡ്യൻ മെഡിക്കൽ സൎവീസിൽ പ്രവേശിക്കുന്നതിനു വേണ്ട യോഗ്യത സമ്പാദിക്കുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി. ബിലാത്തിയിൽ താമസിച്ചിരുന്ന കാലത്തു പാശ്ചാത്യപരിഷ്കാരത്തിനടിമപ്പെട്ട് നമ്മുടെ ദേശീയതത്വത്തെ നിരാകരിക്കയുണ്ടെന്നു് ശത്രുക്കൾ പ്രത്യേകം എഴുതിയിരുന്നു. എന്നാൽ അതിനെ സ്വീകരിച്ചില്ലെന്നു് അദ്ദേഹം വ്യസനസമേതം തന്റെ ജീവചരിത്രത്തിൽ എഴുതിയിരിക്കുന്നു. കൃഷ്ണധൻഗോസ് പാശ്ചാത്യപരിഷ്കാരത്തിലും സംസ്കാരത്തിലും വളരെ ഭ്രമമുള്ള ആളായിരുന്നു. ഒരു ഇംഗ്ലീഷുകാരനേക്കാൾ കൂടുതൽ ആംഗ്ലേയത്വവുംകൊണ്ടാണു് അദ്ദേഹം ഇൻഡ്യയിലേക്കു തിരിച്ചുവന്നതു്. ബിലാത്തിക്കു പോയിവന്നപ്പോൾ ഈ ഭ്രമം കുറേക്കൂടി വൎദ്ധിച്ചതേ ഉള്ളൂ. എന്നാൽ ഹൃദയാന്തൎഭാഗത്തിലെ കനകത്തെ ആംഗ്ലേയപരിഷ്കാരത്തിന്റെ പുറംപൂച്ചിനു മൂടുവാൻ സാധിച്ചില്ല. അദ്ദേഹം ആ പണ്ടത്തെ ദയാലുവും സന്തോഷചിത്തനും സഹൃദയനും സുഹൃത്തുമായിരുന്നു. സാധുക്കളുടെ ബന്ധുവും മിത്രവുമായ അദ്ദേഹത്തെ ഡാക്ടർജോലിക്കു പോയിട്ടുള്ള സകല സ്ഥലങ്ങളിലും സാധുക്കൾ രണ്ടുകൈകൊണ്ടും അനുഗ്രഹിച്ചിരുന്നു.

തന്റെ കുട്ടികൾക്കു പൂൎണ്ണമായ വിദ്യാഭ്യാസം നൽകണമെന്നു ഡാക്ടർ ആഗ്രഹിച്ചിരുന്നു. തദ്ദേശസാദ്ധ്യത്തിനായി അദ്ദേഹം അരവിന്ദനെ ആദ്യം ഡാർജീലിങ്ങിലെ സെൻ്റ് പാൾസ് സ്കൂളിലേക്കും അനന്തരം ഏഴു വയസ്സായതോടുകൂടി ബിലാത്തിയിലേക്കും അയച്ചു. തന്റെ കുട്ടികളെ സ്വഭാഷയായ ബങ്കാളി പഠിപ്പിക്കുന്നതിൽ അദ്ദേഹത്തിനു ശ്രദ്ധയു

ണ്ടായിരുന്നില്ല. പതിനെട്ടോ പത്തൊമ്പതോ വയസ്സു പ്രായമാകുന്നതുവരെ അരവിന്ദനു ബങ്കാളി അറിഞ്ഞുകൂടായിരുന്നു എന്നുള്ളതു് എല്ലാവർക്കും അത്ഭുതകരമായി തോന്നിയേക്കാമെങ്കിലും പരമാർത്ഥം അങ്ങനെതന്നെയാണു. സിവിൽസർവ്വീസ് പരീക്ഷക്കു ചേരുന്നതിനു് അന്നു് അദ്ദേഹം മാതൃഭാഷയിൽ അല്പം ജ്ഞാനം സമ്പാദിക്കുകയാണു ചെയ്തതു്. അതുപോലെതന്നെ ധാരാളം ഇംഗ്ലീഷു വിദ്യാർത്ഥികളും ഈ പരീക്ഷയിൽ വിജയികളാകുന്നതിനു സംസ്കൃതത്തിലോ ഹിന്ദുസ്ഥാനിയിലോ അല്പം ജ്ഞാനം സമ്പാദിക്കുക സാധാരണമാണു്. ഇംഗ്ലണ്ടിൽ ആദ്യം മാഞ്ചെസ്റ്ററിലും അതിനുശേഷം ലണ്ടനിലെ സെൻറ് പാൾസ് സ്കൂളിലും അദ്ദേഹം പഠനം ആരംഭിച്ചു. ഇവിടെ ഒരുകാര്യം പ്രത്യേകം പറയേണ്ടതുണ്ടു്. അരവിന്ദന്റെ പിതാവിനു ധാരാളം വരവുണ്ടായിരുന്നെങ്കിലും ലോകത്തെയോ ലോകകാര്യങ്ങളെയോ പററി അല്പജ്ഞാനംപോലുമുണ്ടായിരുന്നില്ല. അദ്ദേഹം ഭീമമായ തുകകൾ ധർമ്മവിഷയങ്ങളിൽ ചിലവഴിച്ചിരുന്നതുകൊണ്ടു പലപ്രാവശ്യവും പുത്രന്മാർക്കു് ഇംഗ്ലണ്ടിലേക്കു് അയച്ചുകൊടുക്കുവാൻ പണമില്ലാതെ വന്നിട്ടുണ്ടു്. അതുകൊണ്ടു് കുട്ടികൾക്കു ദീർഘകാലത്തോളം പണം കിട്ടാതെ ദാരിദ്ര്യമനുഭവിക്കേണ്ടിവരികയും തന്മൂലം ബാല്യകാലംമുതല്ക്കുതന്നെ ദാരിദ്ര്യവുമായി പരിചയപ്പെടുകയും അതിന്റെ വൈഷമ്യങ്ങളെ അറിയുകയും ചെയ്തു.

സിവിൽസർവ്വീസുപരീക്ഷാപരാജയം.

1890-ൽ അരവിന്ദൻ സിവിൽസർവ്വീസു പരീക്ഷയിൽ ചേർന്നു. സാഹിത്യപരിശോധനയിൽ പത്താമനായി ജയിച്ചു. എന്നാൽ കുതിരസവാരിയിൽ ജയിക്കുവാൻ അദ്ദേഹത്തിനു സാധിക്കാഞ്ഞതുകൊണ്ടു സിവിൽസർവ്വീസിൽ പ്രവേശിക്കുന്നതിനു കഴിഞ്ഞില്ല. ഈ പരാജയം അരവിന്ദന്റെ അനന്തരജീവിതത്തെ പാടെ ഭേദപ്പെടുത്തി എന്നും പരാജിതനായിരുന്നില്ലെങ്കിൽ ഇന്നു് ഒരു ഉത്തമദേശാഭിമാനിയായിരിക്കുന്ന അരവിന്ദൻ സിവിൽസർവ്വീസിലെ ഒരംഗമായിരുന്നേനെ എന്നും പറയുന്നതു്—മുമ്പെ അങ്ങനെ പലരും പറഞ്ഞിട്ടുണ്ടു്—സർവ്വാബദ്ധമാണെന്നു വേണം പറയുവാൻ. ഇതു് അദ്ദേഹത്തിന്റെ പ്രകൃതിയെപ്പററിയുള്ള മിഥ്യാബോധംകൊണ്ടു മാത്രമല്ല; അദ്ദേഹത്തിന്റെ ജീവിതത്തിലെ ബാഹ്യസംഗതികൾതന്നെ അതിനെ ഖണ്ഡിക്കയും ചെയ്യുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ കുതിരസവാരിയിൽ പരാജിതനായതിനു ശേഷം, സിവിൽസർവ്വീസിനു നല്കാവുന്നിടത്തോളംതന്നെ ലൌകികാഭിവൃദ്ധികരമായ മറെറാരു സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. ബറോഡാസർവ്വകലാശാലയിലെ വൈസ് പ്രിൻസിപ്പാളായി ഒരു വലിയ തുക ശമ്പളം വാങ്ങിയിരുന്നിട്ടുകൂടി, രാജ്യത്തിൽനിന്നുമുള്ള ആഹ്വാനം ആദ്യമായി കർണ്ണപുടങ്ങളിൽ എത്തിയപ്പോൾ എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നതും മുറുകിപ്പിടിക്കുന്നതുമായ സു

പദത്തെയും സ്ഥാനമാനത്തെയും ധനത്തെയും സംശയംവിനാ ഉപേക്ഷിച്ചു സ്വരാജ്യസേവനത്തിനായി കാഹളം മുഴക്കിക്കൊണ്ടു യാത്ര ആരംഭിച്ചു. അതിനെപ്പററി കൂടുതലായി പിന്നീടു പറയാമെന്നു വിചാരിക്കുന്നു. പ്രാപ്തനായ ഒരുദ്യോഗസ്ഥനെ ഇൻഡ്യാഗവമ്മെണ്ടിനു നഷ്ടമായെങ്കിലും നിഷ്കളങ്കനും ദേശാഭിമാനിയുമായ ഒരു നേതാവിനെ ഭാരതത്തിനു ലഭിച്ചു.

സിവിൽസവ്വീസു പരീക്ഷയെ സംബന്ധിച്ചുതന്നെ ഒരു സംഗതികൂടി മനസ്സിലാക്കേണ്ടതുണ്ടു്. ആ കൊല്ലത്തിൽ അരവിന്ദനോടുകൂടി ബീച്ച്ക്രാഫ്റ്റ് എന്നൊരു ഇംഗ്ലീഷു യുവാവും പരീക്ഷക്കു ചേന്നിരുന്നു. ഗ്രീക്കു പരീക്ഷയിൽ അരവിന്ദൻ ഒന്നാമനായും ബീച്ച്ക്രാഫ്റ്റ് രണ്ടാമനായും ജയിച്ചു. 18 കൊല്ലത്തിനു ശേഷം ആ ഇംഗ്ലീഷുകാരൻതന്നെ ആലിപ്പൂരിലെ ജഡ്ജിയായിരിക്കുമ്പോൾ അരവിന്ദനെ രാജദ്രോഹകുററം ചുമത്തി കൈയ്യും വിലങ്ങുംവച്ചു് അദ്ദേഹത്തിന്റെ മുമ്പിൽകൊണ്ടുവന്നു കുററവിസ്താരത്തിനായി കൂട്ടിൽ കയററുകയുണ്ടായി. യോഗബലം! വിധിയുടെ ക്രൂരതയും നോക്കുക! ഗ്രീക്കു ഭാഷാപരീക്ഷയിൽ രണ്ടാമനായിരുന്ന ബീച്ച്ക്രാഫ്റ്റ് ജഡ്ജിയുടെ സ്ഥാനത്തും ഒന്നാമനായിരുന്ന അരവിന്ദൻ കുററക്കാരന്റെ കൂട്ടിലും! തന്റെ സഹപാഠി ജഡ്ജിയുടെ സ്ഥാനത്തിരുന്നു തന്നെ രാജ്യദ്രോഹകുററത്തിനു വിസ്തരിക്കുമ്പോൾ എന്തെല്ലാം വിചാരവികാരങ്ങളാണു മനസ്സിൽ ഉദ്ഭൂതമാകുക. അരവിന്ദന്റെ സ്ഥാനത്തു നമ്മളിൽ ആരെങ്കിലുമാണെങ്കിൽ നമ്മുടെ സ്ഥിതി എന്തായിരിക്കും?

സിവിൽസവ്വീസുപരീക്ഷാപരാജയത്തിനു ശേഷം അരവിന്ദൻ ഒരു വിദ്യാത്ഥിവേതനത്തോടുകൂടി കേംബ്രിഡ്ജിലെ കിങ്ങ്സുകാളേജിൽ ചേന്നു. പിതാവു് ഇതിനിടയിൽ മരിച്ചുപോയിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ചിലവുകൾക്കായി കാളേജിൽനിന്നും ലഭിച്ച ധനസഹായത്തെ സ്വീകരിക്കേണ്ടിവന്നു. 1892-ൽ കാളേജിൽനിന്നും ഉൽകൃഷ്ടമായ ബിരുദ നേടി.

അതോടുകൂടി അരവിന്ദന്റെ വിദ്യാഭ്യാസജീവിതം അവസാനിച്ചു. അദ്ദേഹത്തിനു ജീവനസന്ധാരണത്തിനായി ശരിയായ ഒരു മാഗ്ഗം അന്വേഷിക്കേണ്ടിവന്നു. എന്നാൽ ഇക്കാര്യത്തിൽ അരവിന്ദനു് അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. എന്താണു ചെയ്യേണ്ടതെന്നു് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണു വിശാലഹൃദയനും പരിഷ്കൃതമാനസനുമായ ബറോഡാ രാജാവു് ഇംഗ്ലണ്ടു സന്ദശിച്ചതു്. 1892-ൽ അരവിന്ദൻ മഹാരാജാവുമായി പരിചയപ്പെടുകയും അടുത്ത കൊല്ലത്തിൽതന്നെ വിശ്വസ്തനായ 'പേഴ്സനൽ അസിസ്റ്റണ്ടായി' അദ്ദേഹത്തിന്റെ കീഴിൽ സേവനം ആരംഭിക്കുകയും ചെയ്തു.

## ബറോഡയിൽ.

ബറോഡയിൽ വന്നതോടുകൂടി അരവിന്ദന്റെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുന്നു. അപ്പോൾ അദ്ദേഹത്തിനു 21 വ

യസ്സു പ്രായമായിരുന്നു. അതിൽ അധികം ഭാഗവും ഇംഗ്ലണ്ടിലാണു കഴിഞ്ഞുപോയതു്. സംസാരം, വസ്ത്രധാരണരീതി, പെരുമാററം, ആചാരം മുതലായവയിൽ അദ്ദേഹം ഒരു ഇംഗ്ലീഷുകാരനായിരുന്നെങ്കിലും ഹൃദയത്തിൽ അദ്ദേഹം ഒരു യഥാൎത്ഥഭാരതീയനായിരുന്നു. യൂറോപ്യൻ ജീവിതത്തോടും ആചാരനടപടികളോടും അദ്ദേഹത്തിനുണ്ടായിരുന്ന ദീൎഘകാലത്തെ പരിചയം അദ്ദേഹത്തിനു വിലയേറിയ പാഠം നൽകി. പാശ്ചാത്യപരിഷ്കാരത്തിന്റെ മിനുക്കവും പ്രഭയും അദ്ദേഹത്തെ ആകൎഷിച്ചില്ല. ചായംതേച്ചു മിനുക്കി ഭംഗിപ്പെടുത്തിയിരുന്ന ബാഹ്യചൎമ്മം ഭേദിച്ചു് അതിനകത്തു കടന്നു് അവിടത്തെ പൊരുപൊരുപ്പിന്റെയും പല ശൂന്യതയുടെയും മൃഗീയതലത്തിന്റെയും അഗാധതയെ അദ്ദേഹം അളന്നുനോക്കി. യൂറോപ്പിലെ ഭൌതികപരിഷ്കാരത്തിന്റെ ആത്മശൂന്യമായ കാന്ത, പ്രധാനങ്ങളായ ജീവിതവിഷയങ്ങളെയും സാമുദായികവിഷയങ്ങളെയും പററിയുള്ള അതിന്റെ അപൂൎണ്ണമായ തീരുമാനം, വ്യക്തിയുടെയും സമുദായത്തിന്റെയും അവകാശങ്ങളെ യോജിപ്പിക്കുവാനുള്ള അതിന്റെ ത്രാണിയില്ലായ്മ മുതലായവ, മനുഷ്യരെയും മനുഷ്യകാൎയ്യങ്ങളെയുംപററി അവധാനപൂൎവ്വം ആലോചിച്ചിരുന്ന ബുദ്ധിമാനും ശാന്തനുമായ നമ്മുടെ വിദ്യാൎത്ഥിയുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുകയും പൌരസ്ത്യദേശത്തിലെ പൌരാണികപരിഷ്കാരത്തിന്റെ സാരമായ സമാധാനത്തെയും ഐക്യതയെയും ഹൃദയംഗമമായി ആഗ്രഹിക്കുകയും ചെയ്തു. തന്റെ പൂൎവ്വികന്മാരുടെ രാജ്യത്തിന്റെ സംസ്കാരത്തിലും പരിഷ്കാരത്തിലും മുങ്ങിനോക്കുന്നതിനും, വളരെ ചെറുപ്പത്തിൽതന്നെ ഇംഗ്ലണ്ടിലേക്കു പോയതുകൊണ്ടു സ്വരാജ്യത്തോടും സ്വരാജ്യവാസികളോടുമുള്ള ശൃംഖലാബന്ധത്തിനു പററിയ അററകുററത്തെ തീൎക്കുന്നതിനും, സാമുദായികകാൎയ്യങ്ങളെ മനസ്സിലാക്കുന്നതിനും ഉള്ള സന്ദൎഭം ഇതാ ആസന്നമായി. അരവിന്ദന്റെ പന്ത്രണ്ടു സംവത്സരത്തെ ബറോഡാജീവിതം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു പ്രധാനഭാഗമാണു്. അതായിരുന്നു അദ്ദേഹത്തിന്റെ ആത്മാവിന്റെ ഹിതകാലം. അക്കാലത്തെ ഭാരതത്തിലെ ജീവിതവും ചിന്തയും സംസ്കരണവുമായി ഇടപെടുന്നതിനു് ആ ജീവിതം അത്യാവശ്യകമായിരുന്നു. ബറോഡയിൽവെച്ചാണു് അരവിന്ദൻ തന്റെ രാജ്യത്തിന്റെ ചരിത്രവും രാഷ്ട്രീയസ്ഥിതിയും നല്ലപോലെ മനസ്സിലാക്കിയതു്.

ബറോഡയിൽ അദ്ദേഹം വിവിധ ഉദ്യോഗങ്ങളിലും വിജയകരമാംവണ്ണം ജോലിനോക്കി. ഡിവാണാപ്പീസിൽ കുറച്ചുനാൾ ജോലിനോക്കിയതിന്റെ ശേഷം അദ്ദേഹത്തെ കാളേജിലെ ഒരു പ്രൊഫസറായി നിയമിച്ചു. പിന്നീടു കുറച്ചുനാളത്തേക്കു ബറോഡരാജാവിന്റെ പ്രൈവററുസിക്രട്ടറിയായിരുന്നു. അവസാനത്തിൽ പ്രതിമാസം 750 രൂപ ശമ്പളത്തിൽ കാളേജിലെ വൈസ് പ്രിൻസിപ്പാളായി അദ്ദേഹത്തെ നിയമിച്ചു. ബറോഡയിലെ

അരവിന്ദന്റെ ബാഹ്യജീവിതത്തെപ്പററി അധികമൊന്നും പറയുവാനില്ല. അവിടെ കഴിച്ചുകൂട്ടിയ കാലം വളൎച്ചക്കും വികാസത്തിനും പൎയ്യാപ്തമായിത്തീൎന്നു; പഠിത്തത്തിനും സൂക്ഷ്മനിരീക്ഷണത്തിനും ഉള്ള കാലവും അതുതന്നെയായിരുന്നു. ലൌകികകാൎയ്യങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് അവിടെ പരമസുഖമായിരുന്നു എന്നു് സംശയംകൂടാതെ പറയാം. വിദ്യാൎത്ഥികളുടെ സ്നേഹബഹുമാനാദരങ്ങൾക്കും ജനാവലിയുടെ നല്ല അഭിപ്രായത്തിനും ബറോഡാരാജാവിന്റെ വിലയേറിയ പ്രശംസക്കും അദ്ദേഹം പാത്രമായി. ഇന്നു് അങ്ങിനെയുള്ള അധ്യാപകന്മാർ എത്രപേരുണ്ടെന്നു് അന്വേഷിക്കേണ്ടതുതന്നെയാണു്. അരവിന്ദൻ ആഗ്രഹിച്ചിരുന്നു എങ്കിൽ പടിപടിയായി ബറോഡയിലെ ഏററവും വലിയ ഉദ്യോഗപീഠത്തെയും അദ്ദേഹത്തിന് അലങ്കരിക്കാമായിരുന്നു. എന്നാൽ ഈ സുഖലോലുപജീവിതം അധികം നാൾ നീണ്ടുനിന്നില്ല. ബറോഡയിലെ ഏകാന്തതയിലിരുന്നു തുരുമ്പുപിടിക്കാതെ ഭാരതദേവിയുടെ ആ ഓമനപ്പുത്രന് വേറെ മാഹാത്മ്യമേറിയ പ്രവൃത്തികൾ ചെയ്യുവാനുണ്ടായിരുന്നു.

## പാഠക്കുറിപ്പ്.

### ക്ലാസ് VI.

### സിക്ക് ചരിത്രസംക്ഷേപം.

സമയം 50 മിനിട്ട്.

അദ്ധ്യാപകൻ:— ഡി. ഗോവിന്ദൻ കൎത്താവ്.

| പാഠ്യവിഷയം | പാഠ്യസമ്പ്രദായം |
| --- | --- |
| I. ആരംഭം:—<br><br>മുന്നറിവു:—വയ്ക്കം സത്യാഗ്രഹം. അകാലികളുടെ ധൎമ്മഭോജനം. അകാലികൾ പഞ്ചാബു സ്വദേശികളായ സിക്കുകാർ. | നമ്മുടെ രാജ്യത്തു് സഞ്ചാരസ്വാതന്ത്ര്യത്തിനായി അടുത്ത കാലത്തു് ഒരു വലിയ പ്രക്ഷോഭണം നടന്നല്ലോ. അതു എവിടെയാണ്? ആ പ്രക്ഷോഭണത്തിനു പേരെന്തു്?<br>വയ്ക്കം സത്യാഗ്രഹക്കാരെ സഹായിക്കാനുവേണ്ടി ധൎമ്മഭോജനം നടത്തിയവരാര്?<br>അകാലികളുടെ സ്വദേശം ഏതു്? ഇത്യാദി ചോദ്യങ്ങളാൽ മുന്നറിവു പരിശോധിച്ചു് അകാലികൾ സിക്കുമതക്കാരാണെന്നു ധരിപ്പിക്കുക. |

II. ഉദ്ദേശ്യപ്രസ്താവന:—

സിക്കുകാരുടെ ചരിത്രം ചുരുക്കമായി പഠിക്കാം.

1. സിക്കുകാർ എവിടെ എന്നുണ്ടായി?
2. എങ്ങിനെ ഉണ്ടായി—?
3. അഭിവൃദ്ധിയും അതിൻെറ കാരണങ്ങളും.
4. അഭിവൃദ്ധിക്കു ഹേതുഭൂതന്മാർ.
5. പ്രാബല്യം എങ്ങിനെ ക്ഷയിച്ചു
6. ഇപ്പോഴത്തെ നിലയെന്തു്?

അകാലികളുടെ ധാർമ്മികവൃത്തിയെ ആസ്പദമാക്കി കുട്ടികളിൽ അവരെ കുറിച്ചു ഒരു മതിപ്പുണ്ടാക്കുക.

മതിപ്പിനെ ആസ്പദമാക്കി സിക്ക്കാരെ കുറിച്ചു അറിയാനുള്ള ജിജ്ഞാസയെ ഉണർത്തി ഉദ്ദേശ്യം പ്രസ്താവിക്കുക. സിക്ക്കാരെപ്പററി നിങ്ങൾക്ക് എന്തു അറിവാനാണ് ആഗ്രഹം? ഇത്യാദി ചോദ്യങ്ങളാൽ സഹായിച്ച് എതിരെ കുറിച്ചിരിക്കുന്ന ആറു സംഗതികളും കുട്ടികളെക്കൊണ്ടു ചോദിപ്പിച്ചു ബോർഡിൽ ഒരു ഭാഗത്തു കുറിക്കുക. (യുക്തംപോലെ പറഞ്ഞുകൊടുത്തു ബോർഡിൽ കുറിച്ചാലും മതിയാകും)

III. പ്രശ്നം:—

1. സിക്ക്കാർ പഞ്ചാബ് രാജ്യത്തിൽ 15-ാം ശതാബ്ദത്തിൻെറ ഒടുവിൽ ഉണ്ടായി.

അകാലികളുടെ സ്വദേശം ഓർമ്മിപ്പിച്ചു പഞ്ചാബിൽ എന്നു പറയിക്കുക. ഇന്ത്യാപടത്തിൽ പഞ്ചാബ് കാണിക്കുക. തിരുവിതാംകൂറിൻെറ സ്ഥാനം കാണിക്കുക. പഞ്ചാബിൽനിന്നും തിരുവിതാംകൂറിലേക്കുള്ള ദൂരമെന്തു്?

പഞ്ചാബിൽക്കൂടി ഒഴുകുന്ന നദികൾ ഏതെല്ലാം? ജലസമൃദ്ധിയുള്ള മൈതാനപ്രദേശമെന്നു പറയിക്കുക. ഫലസമൃദ്ധിയെ അനുമിപ്പിക്കുക.

പഞ്ചാബിൻെറ തലസ്ഥാനം ഏതു്? ഇൻഡ്യയുടെ തലസ്ഥാനം ഏതു്? ഡൽഹിയിൽനിന്ന് എങ്ങോട്ടു പോയാൽ ലാഹോറിൽ എത്താം? പഞ്ചാബിൽ സിക്ക്കാരുടെ പുണ്യസ്ഥലം ഏതു്?

ഹിന്ദുക്കളുടെ ഏററവും പ്രധാനപ്പെട്ട പുണ്യസ്ഥലം ഏതു്?

കാശിയും അമൃതസരസ്സും കാണിക്കുക. കാശിയിൽനിന്നു് എങ്ങോട്ടു പോയാൽ അമൃതസരസ്സിൽ എത്താം?

| | |
|---|---|
| | അമൃതസരസ്സ് ലാഹോറിൻെറ ഏതു ഭാഗത്തു്? ഇങ്ങിനെയുള്ള ചോദ്യങ്ങളാൽ സ്ഥലനിൎണ്ണയം വരുത്തി ഇന്ത്യാപടം ബോർഡിൽ വരച്ചു സിന്ധുവും പഞ്ചനദവും ഗംഗയും അടയാളപ്പെടുത്തി കാണിക്കുക. |
| | കാശ്മീരരാജ്യംകൂടി ചേൎന്നുള്ള പഞ്ചാബ് അടയാളപ്പെടുത്തുക. |
| | കാശി, ഡൽഹി, ലാഹോർ, അമൃതസരസ്സ് ഈ പട്ടണങ്ങളുടെ സ്ഥാനവും ബോർഡിൽ അടയാളപ്പെടുത്തുക. |
| | സിക്ക്കാരുടെ സ്വന്തരാജ്യം ഏതു്? ഈ വൎഗ്ഗക്കാർ ആദ്യമുണ്ടായതെവിടെ? അവരുടെ പുണ്യസ്ഥലം ഏതു്? ഇത്യാദി ചോദ്യങ്ങളാൽ ആവൎത്തിക്കുക. |
| | കാലം പറഞ്ഞു കൊടുക്കുക. ശതാബ്ദത്തെപ്പററിയുള്ള ജ്ഞാനം പരീക്ഷിക്കുക. |
| 2. നാനാക്ബാബായുടെ അനുഗാമികൾ. | ക്രിസ്ത്യാനികൾ ഏശുക്രിസ്തുവിൻെറയും മഹമ്മദീയർ മഹമ്മദ്നബിയുടേയും അനുഗാമികളെന്നു വരുത്തി, അതുപോലെ ഒരാളുടെ അനുഗാമികളാണ് സിക്ക്കാർ എന്നു പറയിച്ചു പേരുപറഞ്ഞു ബോർഡിൽ കുറിക്കുക. |
| നാനാക്ബാബ 1769-ൽ ജനിച്ചു | ജനനകാലം പറഞ്ഞു കൊടുത്തു ബോർഡിൽ കുറിക്കുക. ഏതു ശതവൎഷത്തിൽ? അന്നു ഉത്തരഇൻഡ്യയിലെ പ്രധാന ഭരണാധികാരികൾ ആരു്? (പട്ടാണി രാജാക്കന്മാർ) |
| ഏകദൈവവിശ്വാസികൾ, സാഹോദൎയ്യബുദ്ധിയുള്ളവർ, സമാധാനപ്രിയന്മാർ, സദാചാരതല്പരന്മാർ. | നാനാക്കിൻെറ ഉപദേശങ്ങൾ ഏതെല്ലാമെന്നു പറഞ്ഞുകൊടുത്തു സ്വഭാവഗുണങ്ങളെ അനുമിപ്പിക്കുക. |

| | |
|---|---|
| 3. നാനാക്കിന്റെ പിൻവാഴ്ചക്കാരായ ഏഴു ഗുരുക്കന്മാരുടെ കാലം കഴിഞ്ഞു. അക്കാലത്തിന്നിടക്കു സിക്കുമതാവലംബികളായി ഒരു വലിയ ജനസംഘമുണ്ടായി. (കാലം ഏകദേശം 200 വർഷം) | പറഞ്ഞു കൊടുക്കുക. സംഘത്തിന്റെ അഭിവൃദ്ധി അനുമിപ്പിക്കുക. 200 (വർഷംകഴിഞ്ഞകാലത്തെ) സ്മരിപ്പിക്കുക. ഏതു നൂററാണ്ടാണ്? |
| ൯-ാമത്തെ ഗുരുവിനെ ഔറംഗസീബ് ചക്രവർത്തി വധിപ്പിച്ചു. | അന്നത്തെ ഭരണാധികാരി ആര്? ഔറംഗസീബ് ചക്രവർത്തിയുടെ മതപ്രതിപത്തിയേയും ഇതരമതവിദ്വേഷത്തേയും ഓർമ്മിപ്പിച്ചു പറയിക്കുക. |
| ൧൦-ാമത്തെ ഗുരുവായ ഗോവിന്ദഗുരു സിക്കുകാരെ യുദ്ധപരിശീലനം ചെയ്യിച്ചു സ്വരക്ഷക്കു പ്രാപ്തന്മാരാക്കി. | മഹമ്മദീയരുടെ ഉപദ്രവംകൊണ്ടു സ്വരക്ഷക്കായി യുദ്ധപരിശീലനം ചെയ്യേണ്ട ആവശ്യത്തെ പറയിക്കുക. ഗോവിന്ദഗുരുവിന്റെ പേരു് ബോർഡിൽ കുറിക്കുക. |
| സമാധാനപ്രിയന്മാരായ സിക്കുകാർ മത്സരസ്വഭാവികളായി തീർന്നു. | യുദ്ധപരിശീലനം ചെയ്വാൻ കാരണമെന്തു്? മത്സരസ്വഭാവം സിക്കുകാരിൽ എങ്ങിനെ ഉണ്ടായി? "ഉളകുത്തിയാൽ ചേരയും കടിക്കും" ഈ പഴഞ്ചൊല്ലിന്റെ അർത്ഥമെന്തു്? ഉളകുത്തിയതാരു്? കടിക്കാൻ മുതിർന്ന ചേരയുടെ സ്ഥാനം ആർക്കു്? |
| 4. ഗോവിന്ദഗുരുവിന്റെ മരണശേഷം പഞ്ചാബിൽ പല ഭാഗങ്ങളിലും കോട്ടകൾ ഉറപ്പിച്ചു സിക്കുപ്രഭുക്കന്മാർ ഭരണം തുടങ്ങി. | പറഞ്ഞു കൊടുക്കുക. മുഗൾചക്രവർത്തികളുടെ പ്രാബല്യം ക്ഷയിച്ചതിനെ ഓർമ്മിപ്പിക്കുക. മുഗൾസാമ്രാജ്യാധഃപതനത്തിന്നു സിക്കുകാരുടെ സ്വാതന്ത്ര്യം ഒരു കാരണമായിരുന്നു എന്നു പറയിക്കുക: |
| 19-ാം ശതാബ്ദത്തിന്റെ ആരംഭത്തിൽ രഞ്ജിററ്സിംഗ് ലാഹോർ കൈവശപ്പെടുത്തി പ്രഭുക്കന്മാരെ കീഴ്പെടുത്തി പഞ്ചാബിലെ പൊതു രാജാവായിത്തീർന്നു. | പറഞ്ഞു കൊടുക്കുക. |
| രഞ്ജിററ്സിംഗ് (റന്നജിത്സിംഹൻ) പ്രകൃതി, യുദ്ധവീരൻ, ആജ്ഞാശക്തിയുള്ള രാജാവ്, സിംഹപരാക്രമി. | പടം കാണിച്ചു ആകൃതിയുടെ വൈരൂപ്യവും മറവും അനുമിപ്പിക്കുക. പഞ്ചാബിലെ പുരുഷസിംഹം. |

| | |
|---|---|
| | എന്ന വിരുതുപേരിൽനിന്നു പരാക്രമം അനുമിപ്പിക്കുക. ഏകാധിപത്യഭരണത്തിന്നു വേണ്ട ഗുണങ്ങൾ ഏവ? |
| ഇക്കാലത്തു പഞ്ചാബിൽ സമാധാനവും ക്ഷേമവും വർദ്ധിച്ചുവന്നു. 1839-ൽ രഞ്ജിററ്സിംഗ് മരിച്ചു. | അനുമാനചോദ്യങ്ങളാൽ പറയിക്കുക. പറഞ്ഞു കൊടുക്കുക. ഇക്കാലത്തു് ഉത്തരഇൻഡ്യയിലെ പ്രധാന ഭരണാധികാരികൾ ആരു്? ഇംഗ്ലീഷ്കാരുടേയും സിക്കുകാരുടേയും രാജ്യാതിർത്തി ഏതു്? |
| 5. രഞ്ജിററ്സിംഗിൻെറ പിൻഗാമികളുടെ അപ്രാപ്തിയാൽ അന്തഃഛിദ്രം. സേനാനായകന്മാരും പ്രഭുക്കന്മാരും സ്വതന്ത്രരായി. രാജശക്തിയെ ബഹുമാനിക്കാതായി. | പറഞ്ഞുകൊടുത്തു് ഫലിപ്പിക്കുക |
| സിക്ക് സൈന്യം ഇംഗ്ലീഷ് രാജ്യാതിർത്തിയിൽ കടന്നു കൊള്ള നടത്തി. ഇംഗ്ലീഷുകാരുമായി യുദ്ധം (ഒന്നാംസിക്കു യുദ്ധം) | പൊതുനാഥൻെറ അപ്രാപ്തിയാൽ വരാവുന്ന വൈഷമ്യങ്ങളെ ധരിപ്പിച്ചു ഗ്രഹിപ്പിക്കുക. യുദ്ധത്തിനുള്ള ഹേതു എന്തു്? |
| സിക്കുരാജ്യത്തിൻെറ വടക്കു ഭാഗം (കാഷ്മീർ) വിററു ഇംഗ്ലീഷുകാൎക്കു യുദ്ധച്ചെലവു കൊടുത്തു. | പറഞ്ഞുകൊടുത്തു നഷ്ടപ്പെട്ട കാഷ്മീർ രാജ്യം വേർതിരിച്ചു് ബോർഡിൽ അടയാളപ്പെടുത്തുക. ഇപ്പോൾ കാശ്മീരം ഭരിക്കുന്നതാരു്? |
| രഞ്ജിററ്സിംഗിൻെറ മരണശേഷം ആറുകൊല്ലംകൊണ്ടു ഇത്രയും കുഴപ്പമുണ്ടായി. | കാലം പറഞ്ഞു കൊടുക്കുക. ഇതിൽനിന്നു ഭരണാധികാരികളുടെ അപ്രാപ്തി വെളിവാക്കുക. |
| പിന്നീടു രണ്ടുവൎഷം കഴിഞ്ഞപ്പോൾ രണ്ടാം സിക്കുയുദ്ധം. ഇംഗ്ലീഷ്കാർ പഞ്ചാബിലെ ഭരണാധികാരികളായി. | പറഞ്ഞുകൊടുക്കുക. പഞ്ചാബ് ഇപ്പോൾ ആരു ഭരിക്കുന്നു? |
| 6. സിക്കുകാർ കൃഷിചെയ്തുപജീവിക്കുന്നു. എന്നാൽ ബ്രിട്ടീഷ് പട്ടാളത്തി | പറഞ്ഞു കൊടുക്കുക. ജൎമ്മൻ യുദ്ധത്തിൽ സിക്കുകാർ യൂറോപ്പിൽ |

| | |
|---|---|
| ലെ പ്രധാന ഭാഗം സിക്കുകാരാണ്. സ്വമതത്തിൽ പ്രത്യേകാഭിമാനമുണ്ട്. | പോയി യുദ്ധം ചെയ്ത സംഗതി ഓർമ്മിപ്പിക്കുക. അകാലി ജാത്തയെ സ്മരിപ്പിച്ച് മതാഭിമാനം തെളിയിക്കുക. |
| IV. ആവൎത്തനം. | സിക്ക്കാർ എവിടെ ഏതു കാലത്തുണ്ടായി? അവരുടെ ആദിഗുരു ആര്? സിക്ക് മത തത്വങ്ങൾ ഏവ? അഭിവൃദ്ധിക്കു കാരണഭൂതന്മാർ ആരെല്ലാം? അഭിവൃദ്ധിക്കു ഹേതുവെന്തായിരുന്നു? രഞ്ജിററ് സിംഗിൻെറ പ്രകൃതി എങ്ങിനെ? സിക്കുകാരുടെ പ്രാബല്യം ക്ഷയിക്കുന്നതിനു ഹേതുവായ രണ്ടു സംഭവങ്ങൾ പറയുക. സിക്ക് പ്രാബല്യം എന്നുവരെ നിലനിന്നു? ഇപ്പോഴത്തെ കാശ്മീരരാജ്യം ഉണ്ടായതെങ്ങിനെ? സിക്കു ജനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്തു? ഇത്യാദി ചോദിച്ചു ആവൎത്തിച്ചുറപ്പിക്കുക. |

### ബി. ബി. സ്കെച്ച്.

ഒരു ഭാഗത്തു ഇൻഡ്യാപടം വരച്ചു പഞ്ചാബും മററും അടയാളപ്പെടുത്തിയിരിക്കും.

1. സിക്കുകാർ എവിടെ? എന്നു ഉണ്ടായി?—15-ാം ശതാബ്ദത്തിൻെറ ഒടുവിൽ പഞ്ചാബ്ബിൽ.

2. എങ്ങിനെ ഉണ്ടായി:—നാനക്ക്ബാബായുടെ അനുയായികളായിത്തീൎന്നവർ (ജനനം 1769-ൽ)

3. അഭിവൃദ്ധിയും കാരണങ്ങളും:—മഹമ്മദീയർ തുടൎച്ചയായി ഉപദ്രവിച്ചു. സ്വരക്ഷക്കു ആയുധാഭ്യാസം ശീലിച്ചു.

4. ഹേതുഭൂതന്മാർ:—ഗോവിന്ദഗുരു, രഞ്ജിററ് സിംഗ്
(18-ാം ശതാബ്ദമദ്ധ്യം) (19-ാം ശതാബ്ദാരംഭം).

5. പ്രാബല്യക്ഷയം:-അന്തഃഛിദ്രം. പ്രഭുക്കന്മാരുടേയും സൈന്യങ്ങളുടെയും സ്വാതന്ത്ര്യം. ഇംഗ്ലീഷ്കാരുമായുണ്ടായ രണ്ടു യുദ്ധങ്ങൾ.

6. ഇപ്പോഴത്തെ നില:—പഞ്ചാബിലെ ജനവിഭാഗം. കൃഷിയും സൈന്യവൃത്തിയും. മതാഭിമാനികൾ.

# അമേരിക്കയിലെ വലിയ മതവിപ്ലവം.

(തുടൎച്ച)

(സി. ജി. മാധവൻപിള്ള)

## സയൻസിൻെറ വിജയം

പരിണാമവാദത്തെ സംബന്ധിച്ചുള്ള ഈ കേസിൻെറ വിചാരണനിമിത്തം അമേരിയ്ക്കൻ നാഗരീകത്വത്തിനു കൂടുതൽപ്രയോജനം സിദ്ധിക്കുമൊ? സാരതത്വവാദികളുടെ പലേ സംഘങ്ങളും സയൻസിനെയും സയൻസുസംബന്ധമായ നിഗമങ്ങളേയും സംബന്ധിച്ചുള്ള വാദപ്രതിവാദം ജനങ്ങളുടെ ഇടയിൽ പരക്കുന്നതു് ആപല്ക്കരമല്ലെ എന്നു ഭയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, ഒരു ചൎച്ച്കളേയും അവയുടെ അവാന്തരവിഭാഗങ്ങളേയും നിലനിൎത്തിക്കൊണ്ടുപോകാൻ തടസ്സമാക്കിത്തീൎക്കാനിടയുണ്ടു് എന്നു വിശ്വസിക്കുന്നു. എന്നുവല്ലാൽ പരിണാമവാദമെന്ന ആ 'ശനിയൻതത്വം' ഉണ്ടാക്കിത്തീൎത്തേക്കാവുന്ന ഫലങ്ങളെക്കുറിച്ചു് അവർ വളരെ പരിഭ്രാന്തചിത്തന്മാരായിത്തീൎന്നിരിക്കുന്നു എന്നു ചുരുക്കം. 'ശിശുക്കളെ സ്തന്യം നല്കി പുലൎത്തുന്ന ജന്തുവിഭാഗത്തിൽ ഉൾപ്പെട്ട സാധുക്കളായ' ഈ സാരതത്വവാദികൾ വേദപുസ്തകത്തിലെ ഓരോ വാക്കും ദൈവോപദിഷ്ടമായി സ്വീകരിക്കുന്നതിൻെറ മാത്തരം യഥാകാലം മനസ്സിലാക്കുകതന്നെ ചെയ്യും. നമുക്കു ഭൂതകാലത്തിലേയ്ക്കു് ഒന്നു തിരിഞ്ഞുനോക്കാം; 'ഒരു മന്ത്രവാദിനി ജീവിച്ചിരിക്കാൻ നീ അനുവദിച്ചുകൂടാ' എന്ന വേദപുസ്തകവാക്യത്തിൻെറ അധികാരത്തിൻകീഴിൽ പണ്ടു യൂറോപ്പിലും അമേരിക്കയിലും മന്ത്രവാദിനിവേട്ട പ്രചാരത്തിൽ ഇരുന്നിരുന്നു. ആ "പരിശുദ്ധ"വാക്യത്തെ പ്രമാണമാക്കിക്കൊണ്ടു് അടുത്തകാലംവരെ ക്രിസ്തീയരാജ്യങ്ങളിൽ എല്ലായിടത്തും വാൎദ്ധക്യംകൊണ്ടും ലോകക്ലേശങ്ങൾകൊണ്ടും പീഡിതരായ അനേകലക്ഷം സാധുസ്ത്രീകളെ വേട്ടയാടിയും വെള്ളത്തിൽ മുക്കിയും തീയ്യിലിട്ടും ദേഹപീഡ ഏല്പിച്ചും കൊന്നുവന്നിരുന്നു. 'മെത്താഡീസം' എന്ന ഒരു ക്രിസ്തുമതവിഭാഗത്തിൻെറ ജനയിതാവായ 'ജാൺവെസ്‌ലി' മന്ത്രവാദത്തിൽ വിശ്വസിച്ചിരുന്നു. 'മാസച്ചുസെററ്സ്' രാജ്യത്തിൽ ആ വിശ്വാസത്തിനു വിപരീതമായി ഒരു ചട്ടം പാസ്സാക്കിയ കാലത്തു് അദ്ദേഹം അമേരിക്കയിലെ തൻെറ അനുയായികളോടു് ഇച്ഛാഭംഗത്തോടുകൂടി ഇങ്ങിനെ പറഞ്ഞു. "മന്ത്രവാദിനികളുടെ. ദോഷകൎമ്മദക്ഷത്വത്തിൽ ഉള്ള ജനവിശ്വാസത്തെ രാജ്യത്തിന് അപഹരിക്കാമെങ്കിൽ ക്രിസ്ത്യാനികൾക്കു ബൈബിളിലുള്ള വിശ്വാസത്തെയും ഇല്ലായ്മചെയ്യാൻ ഭരണാധികാരികൾക്കു് അധികാരമുണ്ടു്." വസ്തുത ഇങ്ങിനെയാണെങ്കിലും മന്ത്രവാദംനിമിത്തം ദോഷകൎമ്മങ്ങൾ ചെയ്യാനു കഴിയുമെന്നുള്ളതു ക്രിസ്ത്യാനികളുടെ സാരതത്വങ്ങളിൽ ഉൾപ്പെട്ട ഒന്നല്ലെന്നു തലതിരിഞ്ഞുപോയിട്ടില്ലാത്ത ക്രിസ്ത്യാ

നികളെല്ലാം ഇന്നും വിശ്വസിച്ചുപോരുന്നു. ഒരു മുക്കാൽ ശതവർഷത്തിനു മുമ്പു രോഗികളെ ബോധമില്ലാതാക്കി വേദനകൂടാതെ ആപ്പറേഷൻ നടത്തുന്നതിനുള്ള ഔഷധങ്ങൾ കണ്ടുപിടിച്ച് ഡാക്ടർമാർ പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ വൈദികന്മാർ വേദപുസ്തകങ്ങളിലെ ചില വാക്യങ്ങളെ ഉച്ചരിച്ചുകൊണ്ടു ബഹളംകൂട്ടി ശക്തിയായി പ്രതിഷേധിച്ചു. "മനുഷ്യർ വേദന അനുഭവിക്കണമെന്നാണു ദൈവമതം. 'ക്ലോറൊഫാറം' തുടങ്ങിയ ഔഷധങ്ങൾ മൂലം മനുഷ്യരെ വേദനയിൽനിന്നു മോചിപ്പിക്കുന്നതു ദൈവേച്ഛക്കു വിപരീതമായി പ്രവർത്തിക്കുകയാകുന്നു" എന്നാണ് അവർ ഘോഷാകൂട്ടിയതു്. അപ്പോൾ ഒരു ഡാക്ടർ ഉല്പത്തിപുസ്തകത്തിലെ ഒരദ്ധ്യായത്തെ സ്മരിപ്പിച്ചുകൊണ്ടു് ആദ്യമായി ദൈവംതന്നെ നടത്തിയ ശസ്ത്രക്രിയയുടെ ഒരു റിക്കാർഡാണ് അതു് എന്നു് അല്പം ഒരു പരിഹാസസ്വരത്തിൽ അവർക്കു വിവരിച്ചുകൊടുത്തു. സൃഷ്ടികർത്താവ് 'ആദാ'മിനെ സുഷുപ്തിയിൽ ആക്കിക്കൊണ്ടു 'ഔവ്വാ'യെ—സൃഷ്ടിക്കുന്നതിനു് അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്തു എന്നാണ് ആ ഭാഗം വ്യക്തമായി തെളിയിക്കുന്നതു്. ഡാക്ടർ പറഞ്ഞു; "സയന്റിസ്റ്റ്കളായ ഞങ്ങളും ശസ്ത്രക്രിയയ്ക്കുമുൻപു ബോധംകെടുത്തുന്നതിനുള്ള മരുന്നു കൊടുക്കുമ്പോൾ ചെയ്യുന്നതും ഇതുതന്നെയാകുന്നു. വൈദികരുടെ ഇതിനെ സംബന്ധിച്ചുള്ള പ്രതിഷേധങ്ങളെല്ലാം സയൻസുശാസ്ത്രവിദഗ്ദ്ധനായ ആ ഡാക്ടരുടെ ഈ 'കൊട്ടപ്പു'കൊണ്ടു് അവസാനിച്ചു

അനേകശതവർഷകാലം ചർച്ച്, രാജാധികാരത്തിന്റെ സഹായത്തോടുകൂടി സയൻസിനെ കഴുത്തു ഞെക്കിക്കൊല്ലാൻ ശ്രമിച്ചിരുന്നു. 'കോപ്പർനിക്കസ്സ്' എന്ന ശാസ്ത്രജ്ഞൻ ഭൂമി സൂര്യനെ പ്രദക്ഷിണം ചെയ്യുന്നു എന്നുള്ള തത്വത്തെ ആദ്യമായി പ്രസ്താവിച്ചപ്പോൾ അന്നു ജീവിച്ചിരുന്നിരുന്ന പ്രൊട്ടസ്റ്റന്റ് ചർച്ച് ജനയിതാവായ 'മാർട്ടിൻലൂതറും' കത്തോലിക്ക ചർച്ചുകാരും അദ്ദേഹത്തെ "ഇന്നലെ പെയ്ത മഴയ്ക്കു് ഇന്നു കരുത്ത തകര"യായ ജ്യോതിശ്ശാസ്ത്രജ്ഞൻ എന്നു പറഞ്ഞു പരിഹസിച്ചു. പിന്നീടു 'ഗലീലിയൊ' എന്ന ശാസ്ത്രജ്ഞൻ 'കോപ്പർനിക്കസ്സ്' പറഞ്ഞിരുന്നതിനെ തന്നെ സ്ഥാപിച്ചപ്പോൾ അദ്ദേഹം ബന്ധനസ്ഥനാക്കപ്പെട്ടു. ക്രിസ്ത്യാനികളുടെ മോക്ഷപ്രാപ്തിക്കുള്ള സമതലപ്രദേശാന്തരീക്ഷം അദ്ദേഹം ദൂഷിപ്പിച്ചുകളഞ്ഞു എന്നു അവർ അദ്ദേഹത്തോടു പറഞ്ഞു. വിദ്വാന്മാരായ ചർച്ച് ഉദ്യോഗസ്ഥന്മാർ വാദിച്ചതു് അദ്ദേഹം പറഞ്ഞതുപോലെ മററു ഗ്രഹങ്ങളുമുണ്ടെങ്കിൽ ദൈവം യാതൊന്നും നിഷ്പ്രയോജനമായി സൃഷ്ടിച്ചിട്ടില്ലെന്നുള്ള തത്വാനുസരണം അവയും ജനവാസമുള്ളതായിത്തന്നെയിരിക്കണമെന്നും എന്നാൽ ആ ജനങ്ങൾ 'ആദാ'മിൽനിന്നുത്ഭവിച്ചവരാകാനിടയില്ലാത്തതുകൊണ്ടു് അവരും അവരുടെ ഗ്രഹങ്ങളും ഉണ്ടായിരിക്കാൻ മാർഗ്ഗമില്ലെന്നും ആയിരുന്നു. പാവപ്പെട്ട 'ഗലീലിയൊ' താൻ പ്രസ്താവിച്ച

പോയ മതദ്രോഹകരമായ ആ അബദ്ധത്തെ—ഭൂമി സൂര്യനെച്ചുററി പ്രദക്ഷിണം ചെയ്യുന്നു എന്നു പറഞ്ഞുപോയ അബദ്ധത്തെത്തന്നെ— ശപിക്കാൻ, ചർച്ചിൻെറ പരിശുദ്ധന്മാരായ ആർക്കാർ രാജാധികാരത്തിൻെറ പിൻതാങ്ങലോടുകൂടി നിർബ്ബന്ധിച്ചു. ഈയിടയായി ചർച്ചിൻെറ ആളുകൾക്കു പരിശുദ്ധമായ സുവിശേഷഗ്രന്ഥത്തോട് അത്യധികമായ താല്പര്യമുണ്ടായിട്ടും സയൻസിൻെറ മുന്നോട്ടുള്ള പോക്കിനെ നിറുത്താൻ ഒരിക്കലും സാധിച്ചിട്ടില്ല. ഭൂമിയുടെ നാലു മൂലകളിലും നാലു ദൈവദൂതന്മാർ നില്ക്കുന്നു എന്നു ബൈബിളിൽ ഭക്തിജനകമാംവണ്ണം വിവരിക്കപ്പെട്ടിട്ടുണ്ടെങ്കിലും മിസ്റ്റർ 'ബ്രയൻ'പോലും ഭൂമി ഉരുണ്ടതാണെന്നുള്ള നിഗമനത്തിലേയ്ക്കു ക്രമേണ വന്നുകൊണ്ടിരിക്കുന്നു എന്നു അറിയപ്പെടുന്നു.

ഇന്നത്തെ സയൻസുകാരിൽ ആരുംതന്നെ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ പരിണാമവാദികളല്ലാത്തവരായി ഇല്ല. 'ഹക്സിലി' പറയുന്നു:—"പരിണാമവാദം ഇപ്പോൾ കേവലം ഒരു സങ്കല്പമല്ല, ചരിത്രസംബന്ധമായ വസ്തുതയ്ക്കുള്ള ഒരു മൊഴിയാകുന്നു. എല്ലാത്തരം തത്വജ്ഞാനികളും സമ്മതിച്ച പ്രവർത്തിഃച്ചമതിയാവൂ എന്നുള്ള അംഗീകരിക്കപ്പെട്ട തത്വങ്ങളിൽ ഒന്നായി മററുള്ളവയുടെ സമീപത്തു് അതും സ്ഥാനം ഉറപ്പിച്ചിരിക്കുന്നു." യുണൈറെറഡ് സ്റ്റേററ്സിലെ പ്രൊഫസ്സർ കെല്ലോഗ് പറയുന്നതു, പ്രകൃതിശാസ്ത്രത്തിൽ ആകർഷണം എന്ന തത്വം ഏതുപോലെയോ അതുപോലെതന്നെയാണ ജീവശാസ്ത്രത്തിൽ പരിണാമവാദവും എന്നാകുന്നു. 'ഹക്സിലി'യാലും മററു പരിണാമവാദികളാലും സ്ഥാപിക്കപ്പെട്ട പ്രമാണങ്ങളെ അസാധുവാക്കുന്നതിനു പലരും ശ്രമിച്ചിട്ടുണ്ടു്. ബിഷപ്പ് 'വിൽബർഫോർസ്' അവരിൽ ഒരാളായിരുന്നു. 'ഗ്ലാഡ്സ്റ്റൺ' മറെറാരാൾ. എന്നാൽ ഒരു നിരൂപകൻ പറയുന്നു:— ഇതിൻെറ "ആകെക്കൂടിയുള്ള ഫലം മഹാനായ ആ വൃദ്ധൻെറ-ഗ്ലാഡ്സ്റ്റൻെറ-പഴക്കംകൊണ്ടു വന്ദ്യമാഹാത്മ്യമുള്ള തോലിയെ പൊളിക്കമാത്രമായിരുന്നു." അദ്ദേഹം മിയ്ക്കവാറും ജീവനോടെ തൊലിയുരിക്കപ്പെട്ടു.

അമേരിക്കയിലെ, സയൻസിൻെറയും വിദ്യാഭ്യാസത്തിൻെറയും ജ്ഞാനാഭിവൃദ്ധിയുടെയും പ്രതിനിധികൾ അന്ധകാരകാലത്തെ അജ്ഞതകൊണ്ടു തൃപ്തിപ്പെടുന്നില്ല. മതവൈരാഗികളായ പരിണാമതത്വവാദവിപരീതികൾ സയൻസു സംബന്ധമായ തത്വങ്ങളുടെ അഭിവൃദ്ധിക്കു 'കണ്ടകോടാലി'കളാണെന്നാണ് അവർ വാദിക്കുന്നതു്. സാരതത്വവാദമെ ഈ ഇരുപതാം നൂററാണ്ടിൽ ഉണ്ടാകാൻ പാടില്ലാത്ത ഒരു അസംബന്ധമാകുന്നു. ഡേററണിലെ പരിണാമവാദവിസ്താരം അവസരോചിതമായി സംഭവിച്ച ഒന്നുതന്നെ. അതു് അചിരേണ ചിന്തയുടെ അഭിവൃദ്ധിയ്ക്കും ജ്ഞാനത്തിൻെറ വികാസത്തിനും, പക്ഷെ കൂട്ടതലായ മനുഷ്യസഹിഷ്ണുതയ്ക്കും ഇടയാക്കിത്തീക്കാതിരിയ്ക്കയില്ല*.

* സ്കോപ്പിനെ ശിക്ഷിക്കയാണുണ്ടായതു്. കേസ്സിപ്പോൾ അപ്പീൽകോടതിയിലാ

# അന്നത്തെ കൃതാൎത്ഥത.

(വെള്ളായ്ക്കൂൽ ഗോവിന്ദമേനോൻ)

ഇതാരുമെയ്യൊന്നു ചുളിച്ചു, തന്നെ-
ത്താനൊന്നൊതുങ്ങിസ്മിതവക്ത്രനായി
ത്താനങ്ങുടുത്തെത്തുവതും സമീക്ഷി-
ച്ചോരാൾ വഴിയ്ക്കങ്ങിനെ നിന്നിടുന്നു? 1

അടുത്തു ഞാൻ, 'അപ്പുവിനെസ്മരിയ്ക്കു-
ന്നില്ലായിരിയ്ക്കാമവിടുന്നിദാനീം;'
എന്നുള്ള ശബ്ദത്തിനെന്നിയ്ക്കൊരെട്ടു-
കൊല്ലം പഴക്കം കുറയാതെകാണും. 2

പാഠങ്ങളെല്ലാ ക്രമമായ് പഠിയ്ക്കു-
മെന്നാലുമോരോ വികൃതിത്തരങ്ങൾ
കാട്ടീടുമാറുള്ളൊരു കുട്ടി'യപ്പു'-
വാണീ യുവാവെന്നു മനസ്സിലായി. 3

ഹാഹന്ത! കൌമാരമനോഹരശ്രീ
വിളങ്ങിരുന്നാവദനാംബുജത്തിൽ
പററിപ്പിടിച്ചുള്ളൊരു പായലല്ലോ
നമ്മെക്കുറച്ചൊന്നു കുഴക്കിലാക്കി. 4

പെട്ടെന്നുമന്മാനസമെട്ടുപത്തു
കൊല്ലങ്ങൾ പിന്നാക്കമെടുത്തു ചാടി
അങ്ങുള്ളതൊന്നാകെ നിരീക്ഷണം ചെ-
യ്തുരക്ഷണംകൊണ്ടു മടങ്ങിയെത്തി. 5

'മറക്കുവാനത്രവയസ്സനല്ല
തെറെറാന്നുമേചെയ്തതുമില്ല'നിങ്ങൾ;
കാലക്കടൽക്കോളിൽ മറഞ്ഞതൊന്നു
തപ്പിത്തിരഞ്ഞീടുക വേണ്ടിവന്നു. 6

എങ്ങിപ്പൊ,ളെന്താണുവിശേഷ,മെത്ര-
ത്തോളംപഠിച്ചു, പണിയൊന്നുമില്ലേ?
ഇവണ്ണമോരോന്നുതുടൎന്നു ചോദി-
ച്ചീടുന്നൊരെന്നോടുരചെയ്തിതായാൾ. 7

---

കുന്നു. ഇത്തരമാതിരി കേസ്സുകൾ വീണ്ടും അമേരിക്കയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ശാസ്ത്രതത്വങ്ങൾക്കു ചില മതസിദ്ധാന്തങ്ങളേക്കാൾ മേന്മയുണ്ടെന്ന് ഈ മാതിരി കേസ്സുകൾ നിമിത്തം ജനബോദ്ധ്യം വരുവാൻ സാധിക്കുന്നതുകൊണ്ട് അവ ലോകോൽഗതിക്കായിട്ടുതന്നെ സംഭവിക്കുന്നുവെന്നു നമുക്കു സമാധാനപ്പെടാം.

‘ഹൃത്താമരയ്ക്കുള്ളിലനേകകാര്യ-
ഗണങ്ങൾ സൂക്ഷിച്ചുവരുന്നമർത്ത്യർ
വേണ്ടുന്നനേരത്തതിൽനിന്നുവേണ്ട-
തെടുത്തിടുന്നാകിൽ മറക്കലാമോ? 8

യുഷ്മാദൃശാനുഗ്രഹവായ്പിനാൽ ഞാൻ
ജയിച്ചു ബിയ്യേയ്ക്കു കഴിഞ്ഞകൊല്ലം
സ്വൈരം പുരാരാതിപുരത്തിലിപ്പോൾ
ലഭിച്ചൊരുദ്യോഗമൊടും വസിപ്പൂ. 9

ബാലോചിതം തെററുകൾ വല്ലതും ഞാൻ
ചാപല്യമാർന്നങ്ങിനെ ചെയ്തിരിക്കിൽ
കാരുണ്യരാശേ, കനിവാർന്നതെല്ലാം
പൊറുത്തു നൽകീടുകനുഗ്രഹങ്ങൾ. 10

ഇജ്ജീവിതായോധനരംഗഭൂവി-
ലിറങ്ങിഞാൻ കിട്ടിയ വാളുമേന്തി
എതിർത്തമററാരെയമർത്തു കീർത്തി
നേടുന്നതിന്നേകുകനുഗ്രഹങ്ങൾ. 11

കഴിഞ്ഞതിൻലാഘവവും പരംമേൽ
വരുന്നതിൻഗൌരവവും മനസ്സിൽ
അറിഞ്ഞയാളോതിയവാക്കുകേട്ടു
സന്തോഷമുൾക്കൊണ്ടുരചെയ്തു ഞാനും. 12

‘അജ്ഞാനമാം ചേററിലിടയ്ക്കു കീട-
പ്രായം ജനിപ്പൂ വികൃതിത്തരങ്ങൾ
വിജ്ഞാനമാർത്താണ്ഡമരീചിയേല്ക്കെ
വിനഷ്ടമാകുന്നിതവററയെല്ലാം. 13

കാട്ടുന്ന വിദ്യാർത്ഥികൾ തെററനേകം
കോപിയ്ക്കുമദ്ദേശികരാ ചിലപ്പോൾ
ശിഷ്യർക്കെഴും മേന്മനിനച്ചുചെയ്യു-
മതൊക്കെയപ്പപ്പൊഴുതേ കഴിഞ്ഞു. 14

അക്കോപശിക്ഷാദികൾതൻഫലങ്ങ-
ളായിട്ടുശിഷ്യാഭ്യുദയം ഭവിച്ചാൽ
വിഷൌഷധന്യായവശാലതെല്ലാം
ഗുണങ്ങളെന്നോർത്തു സമാശ്വസിയ്ക്കാം. 15

വിശുദ്ധഹൃത്താർന്നവിനീതഭാവം,
വിശിഷ്ടരാം മർത്ത്യരൊടൊത്തുസംഗം,

നിത്യം സ്വകൃത്യങ്ങളിൽ നിഷ്ഠ,യെന്നു-
ള്ളതൊക്കെയേകും വിജയം ജഗത്തിൽ. 16
ഫലങ്ങൾതിങ്ങും തരുവംങ്ങ് കതിശീർഷം
താഴ്ത്തുന്നു, നൽകുന്നിതു കണ്ടവർക്കായ്
പാദത്തിൽനിന്നങ്ങു മുറിയ്ക്കുവോനും
വീഴുംവരെയ്ക്കും തണലേകിടുന്നു. 17
എടുത്തിടുന്നൂ ലവണാബ്ധിയിങ്കൽ
ചേരും ജലം സൂര്യ്യ,നതൊട്ടുചെന്നാൽ
സംശുദ്ധമാക്കിജ്ജനതോപകാരം
കഴിഞ്ഞു നൽകുന്നിതതിന്നുതന്നെ. 18
അല്പാഭമാകും തിരിയിങ്കൽനിന്നു
കൊളുത്തിടും പന്തമതെന്നപോലെ
ആചാര്യരെക്കാളധികം പ്രശസ്തി
കൈക്കൊണ്ടുനീ വെല്ക, ജഗത്തിൽനീണാൾ, 19
എന്നോമക്കമയോരോന്നുരചെയ്തു ഞാനു-
മായാളുമങ്ങു പിരിഞ്ഞിതന്നാൾ
ജലം കുറച്ചെങ്കിലുമേ പകന്ന
മരംഫലിക്കെസ്സുകൃതാർത്ഥനായ് ഞാൻ. 20

---

ഈജിപ്റ്റുകാരിയായ

## ഒരു വിദ്യാഭ്യാസപ്രവർത്തക.

---

(ഞങ്ങൾ)

ഈജിപ്റ്റിലെ ഒരു പ്രധാന വിദ്യാഭ്യാസപ്രവർത്തകയായ മിസ്സ് സാക്കിയാസുലെമാൻ ഓരോരോ രാജ്യങ്ങളിൽ സഞ്ചരിച്ച് ഇതാ അലഹബാദിൽ എത്തിയിരിക്കുന്നു. അനവധി പേർ ആ മഹതിയെ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. ഈജിപ്റ്റിലെ വിദ്യാഭ്യാസത്തിൽ കിൻററ് ഗാർട്ടൻ പ്രസ്ഥാനത്തിൻെറ നേതാവ് അവരാണ്. ഈജിപ്റ്റിൽ സ്ത്രീകളുടെ അഭിവൃദ്ധിക്കുവേണ്ടി തുടങ്ങിയിട്ടുള്ള പ്രസ്ഥാനത്തിൻെറ മേലധ്യക്ഷയും അവർതന്നെ. നാലു കൊല്ലം അവർ കയറോവിൽ വിദ്യാഭ്യാസം ചെയ്തതിൻെറ ശേഷം ചെൽട്ടൻഹാമിൽ സ്ത്രീ സർവ്വകലാശാലയിൽ ചേന്നു. അനന്തരം യൂറോപ്പിലെ വിവിധരാജ്യങ്ങളിലെ വിദ്യാഭ്യാസസ്ഥിതികളെ—പ്രത്യേകിച്ച് ഫ്രാൻസിലെ ശിശുവിദ്യാലയത്തേയും റോമിലെ മോണ്ടിസ്സോറിപദ്ധതിയേയും— മനസ്സിലാക്കുന്നതിനായി യൂറോപ്പിൻെറ നാനാഭാഗ

ങ്ങളിലും സഞ്ചരിച്ചു. അവർ ഇൻഡ്യയിലേയ്ക്കു് ഇപ്പോൾ വന്നിട്ടുള്ളതു് ഇവിടത്തെ വിദ്യാഭ്യാസസ്ഥിതിയേയും സാമുദായികസ്ഥിതിയേയും മനസ്സിലാക്കുന്നതിനാണു്. അതുകൂടാതെ ചെല്ലുന്നിടത്തെല്ലാം കിൻറർഗാർട്ടൻ പ്രസ്ഥാനത്തെ പ്രചരിപ്പിച്ചു സുസമ്മതമാക്കുകയും ചെയ്യുന്നുണ്ടു്. 1914-ൽ ആണു് ഈജിപ്റ്റിൽ കിൻറർഗാർട്ടൻ ഏർപ്പെടുത്തിയതു്. 1924-വരെ അതു് ഉറങ്ങിക്കിടന്നിരുന്നു അന്നുവരെ രണ്ടു ശിശുവിദ്യാലയങ്ങളേ ഉണ്ടായിരുന്നുള്ളു ആ സ്ഥാപനങ്ങൾ ഉണ്ടെന്നുതന്നെ ജനങ്ങൾ അറിഞ്ഞിരുന്നില്ല. 1920 മുതൽ മിസ്സ് സാക്കിയസുലൈമാൻ വിദ്യാഭ്യാസത്തിനുവേണ്ടി പ്രവർത്തിച്ചു തുടങ്ങിയെങ്കിലും 1924-ൽ ആണു ഡിപ്പാർട്ടുമെണ്ടു് അവരുടെ നിയന്ത്രണത്തിൽ വന്നതു്. ഇന്നു് ആറു കിൻറർഗാർട്ടൻ വിദ്യാലയങ്ങൾ അവിടെയുണ്ടു്. കൂടാതെ എല്ലാ പ്രൈമറി വിദ്യാലയത്തോടും ഓരോ കിൻറർഗാർട്ടൻ ഡിപ്പാർട്ടുമെണ്ടിനെ കൂടി സംഘടിപ്പിച്ചിട്ടുണ്ടു്. ഈ വിദ്യാലയങ്ങളിലെ ഒരു പ്രധാന സംഗതി എട്ടു വയസ്സുവരെ പ്രായമുള്ള ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചു വായിക്കുന്നു എന്നുള്ളതാണു്. ഈ സമ്മിശ്രവിദ്യാഭ്യാസം ആദ്യമായി ഈജിപ്റ്റിൽ ആരംഭിച്ചതും അവർതന്നെയാണു്. അതിൽ അവർക്കു വളരെ വിശ്വാസമുണ്ടു്. സർവ്വകലാശാലകളിൽ കൂടി, പ്രായം ചെന്നിട്ടുള്ള ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരുന്നു വായിക്കുന്നതു കാണുവാൻ അവർ ആഗ്രഹിക്കുന്നു. എന്നാൽ സർവ്വകലാശാലകളിൽ അത്ര പെട്ടന്നു് ഈ സമ്മേളനരീതി ആരംഭിക്കുന്നതിനോടു് അവർക്കു തൃപ്തിയില്ല. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇതേവരെ പ്രത്യേകം ക്ലാസ്സുവച്ചിരുന്നതിനാൽ വർഗ്ഗവ്യത്യാസം ദൃഢീഭൂതമായിത്തീർന്നിട്ടുണ്ടെന്നും, പെട്ടന്നു ദ്രുതഗതിയിൽ ആ മാതിരിയിലുള്ള മാററം സൽഫലങ്ങളെ പ്രദാനം ചെയ്യാതിരുന്നേക്കാമെന്നുമാണു് അവരുടെ അഭിപ്രായം.

## ഈജിപ്റ്റിലെ വിദ്യാഭ്യാസം

വിദ്യാഭ്യാസവിഷയത്തിൽ അവരുടെ ഗവർമ്മെണ്ടിൻെറ നയമെന്തെന്നു ചോദിച്ചപ്പോൾ അവർ അഭിമാനപൂർവ്വം "ഞങ്ങൾക്കു് ഈജിപ്റ്റിൽ രാജകീയവിദ്യാഭ്യാസം ഉണ്ടു്" എന്നാണു പറഞ്ഞതു്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഗവർമ്മെണ്ടിൽനിന്നും എലിമെൻററിവിദ്യാഭ്യാസം പ്രതിഫലം കൂടാതെ നൽകുന്നു. വിദ്യാഭ്യാസത്തിനു നൽകുന്ന സാഹായികധനഹസ്തങ്ങൾ ഉദാരങ്ങളാണു്. വിദ്യാഭ്യാസമന്ത്രിയിൽനിന്നും അവർക്കു പരിപൂർണ്ണമായ സഹായം ലഭിക്കുന്നുണ്ടു്. വിദേശവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗവർമ്മെണ്ടു കഴിയുന്ന സഹായങ്ങൾ നൽകുന്നു. ഓരോ കൊല്ലവും ആൺകുട്ടികളേയും പെൺകുട്ടികളേയും ധാരാളം യൂറോപ്പിലേയ്ക്കും അമേരിക്കയിലേയ്ക്കും അയക്കുന്നുണ്ടു്. വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും ഈജിപ്റ്റിൽ മുഴുവനും ചുററിസ്സഞ്ചരിക്ക

ന്നതിനായിട്ടുതന്നെ ഈ കൊല്ലം ഗവർമ്മെണ്ടു 15000 പവൻ ചിലവാക്കിയെന്നു പറയുമ്പോൾ വിദ്യാഭ്യാസവിഷയത്തിൽ ഗവർമ്മെണ്ടിനുള്ള താല്പര്യത്തെ മനസ്സിലാക്കാവുന്നതാണ്.

### ഈജിപ്റ്റിലെ സ്ത്രീകളുടെ നില.

ഇൻഡ്യയിലെ മുസൽമാന്മാർ അവരുടെ സ്ത്രീകളെ പർദാ ഏർപ്പാടിൽ സൂക്ഷിക്കുന്നതുപോലെ ഈജിപ്റ്റിലെ സ്ത്രീകളെ സൂക്ഷിക്കുന്നില്ലെന്നാണു മിസ്സ് സാക്കിയസുലൈമാൻ പറയുന്നതു്. അറബികൾക്കു പർദാ ഏർപ്പാടില്ല. തുർക്കികളാണു ആദ്യം ഈജിപ്റ്റിൽ ഈ ഏർപ്പാടു കൊണ്ടുവന്നതു്. അവരുടെ 'യാഷ്മാക്ക്' രണ്ടു മൂടുപടങ്ങൾ ഒന്നിച്ചുള്ളതാണ്. കണ്ണുകൾ മാത്രമേ മൂടാതെയുള്ളു. അതു ധരിച്ചുകൊണ്ടു അവർക്കു സഞ്ചരിക്കാം. എന്നാൽ ഈയിടെ ഈജിപ്റ്റിൽ രാഷ്ട്രീയഉണർച്ചയോടുകൂടി ഉണ്ടായ സാമുദായികപുരോഗതി അവർണ്ണനീയമാണ്. കഴിഞ്ഞ യുദ്ധത്തിനും ദേശീയഉണർവ്വിനും ശേഷം അല്പം പർദാ ഉണ്ടായിരുന്നതുകൂടി അപ്രത്യക്ഷമായി. ഇന്നു ഈജിപ്റ്റു വനിതകൾ ദേശീയപ്രസ്ഥാനങ്ങളിൽ സ്വാതന്ത്ര്യമായി ഭാഗഭാക്കുകളാകുന്നു. അവിടെ ആദ്യമായി സ്ത്രീസ്വാതന്ത്ര്യപ്രസ്ഥാനം തുടങ്ങിയതു കാസിംഏമിൻ ആണെന്നാണു മിസ്സ് സാക്കിയസുലൈമാൻ പറയുന്നതു്.

### ഹിന്ദുമുസ്ലിം ഐക്യം

ഇന്നു ഭാരതത്തിൽ കാണുന്ന ഹിന്ദുമുസ്ലിം അനൈക്യത്തെപ്പററി അഭിപ്രായം ചോദിച്ചപ്പോൾ അവർക്കു വളരെ വേദനയും സങ്കടവും ഉണ്ടായി. "ഇൻഡ്യയിലെ മുസ്ലീമുകൾ ഇസ്ലാംമതസിദ്ധാന്തങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നു എങ്കിൽ മതത്തിൽനിന്നും യാതൊരു പീഡയും പാടില്ലെന്നു അവർ പഠിക്കും. ഇസ്ലാം സമാധാനവും വളർച്ചയുമുള്ള ഒരു മതമാണ്. അവർ കൊറാനിലെ സിദ്ധാന്തങ്ങൾ നല്ലപോലെ പഠിക്കുകയാണെങ്കിൽ യാതൊരു ഉപദ്രവവും ഉണ്ടാകയില്ല." എന്നാണ് അവർ പറഞ്ഞതു്.

മഹമ്മദൻ എന്ന പദപ്രയോഗത്തിൽതന്നെ അവർക്കു തീരെ ഇഷ്ടമുണ്ടായിരുന്നില്ല എന്നുള്ളതു വായനക്കാർ ശ്രദ്ധയോടുകൂടി മനസ്സിലാക്കേണ്ടതാണ്. അവർ മുസ്ലിം എന്നു വിളിക്കുന്നതിനെ നിർബ്ബന്ധിക്കയും മഹമ്മദൻ എന്നു വിളിക്കുന്നതിനെ പ്രതിഷേധിക്കയും ചെയ്യുന്നു.

ഈജിപ്റ്റിൽ ജനങ്ങൾ മതത്തിനു മുമ്പെ രാജ്യത്തെയാണു വച്ചിരിക്കുന്നതു്. ദേശീയഉണർച്ചക്കാലത്തു മഹമ്മദീയരും ക്രിസ്ത്യാനികളും ഒരേ കൊടിയുടെ— ചന്ദ്രക്കലയും കുരിശുമുള്ള കൊടിയുടെ— ഐക്യത്തെ കാണിക്കുന്ന ഒരു മുദ്രയുടെ— കീഴിൽ ജോലി ചെയ്തു. അതു ഈജിപ്റ്റു ആദ്യം, മതം അടുത്തതു് എന്നതിനെ വ്യക്തമാക്കുന്നു.

അവർക്കു ഇൻഡ്യയെപ്പററി അഭിപ്രായം പുറപ്പെടുവിക്കാനുള്ള സ

ഉദയം ആയി കഴിഞ്ഞിട്ടില്ല. ഇൻഡ്യയിൽ പ്രധാനമായി അവരെ ആകർഷിച്ചതെന്താണെന്നു ചോദിച്ചപ്പോൾ "വസ്ത്രധാരണത്തിലുള്ള വിവിധത്വം; നിങ്ങൾക്കു് ഒരു ദേശീയതലക്കെട്ടിന്റെ അഭാവം" എന്നാണു് ഉടനെ മറുപടി പറഞ്ഞതു്. മിസ്സ് സാക്കിയസുലൈമാൻ ഇൻഡ്യയുടെ നാനാഭാഗങ്ങളിലും ചുററിസ്സഞ്ചരിക്കുന്നതാണു്. അവരുടെ ഇവിടത്തെ താമസംമൂലം സ്ത്രീവിദ്യാഭ്യാസത്തിലും ശിശുവിദ്യാഭ്യാസത്തിലും എന്തെങ്കിലും ഗുണമുണ്ടാകാതിരിക്കയില്ല"

"ഇൻഡ്യൻ സോഷ്യൽ റിഫാർമർ."

# നമ്മുടെ വിദ്യാഭ്യാസം.

(പി. ആർ. നീലകണ്ഠൻനായർ.)

ആത്മമനശ്ശരീരങ്ങളുടെ കൂട്ടിച്ചേർപ്പാണു് മനുഷ്യൻ. ഇതിൽ ഒന്നിന്റെ അഭാവത്തിൽ മനുഷ്യത്വം നശിച്ചുപോകും. മാനുഷ്യകമായ സംസ്കാരമാണല്ലോ വിദ്യാഭ്യാസം. തന്മൂലം ശരിയായ വിദ്യാഭ്യാസം ആത്മമനശ്ശരീരങ്ങളുടെ സംസ്കാരമാണെന്നു വരുന്നു. വിദ്യാഭ്യാസത്തിന്റെ ഫലം സ്വകൃത്യനിർവ്വഹണപ്രാപ്തിയുമാണു്.

ആത്മീയസംസ്കാരത്തിൽ പുരാതന ഹിന്ദുക്കളും, മാനസികവളർച്ചയിൽ ജർമ്മൻകാരും, ശരീരസംസ്കാരത്തിൽ പുരാതന ഗ്രീക്കുകാരും സവിശേഷം ശ്രദ്ധിച്ചിട്ടുള്ളവരാണു്. എന്നാൽ ഇവരെല്ലാം വിദ്യാഭ്യാസത്തിന്റെ ഒരു വശം മാത്രം തുറന്നുനോക്കി പരിശ്രമിച്ചവരാകയാൽ പൂർണ്ണവളർച്ചയിൽ നിലനിന്നില്ല.

നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസം ആത്മമനശ്ശരീരങ്ങളുടെ ശരിയായ സംസ്കാരത്തിനു പര്യാപ്തമാവുന്നുണ്ടോ എന്നും, ഇല്ലെങ്കിൽ ഏതെല്ലാം ന്യൂനതകളാണു അതിനെ തടയുന്നതെന്നും അവയെ അകററി വിദ്യാഭ്യാസപദ്ധതിയെ തെളിക്കേണ്ടതെപ്രകാരമെന്നുമാണു് ഇവിടെ പ്രസ്താവിക്കുന്നതു്.

ഇന്നത്തെ വിദ്യാഭ്യാസം ആത്മസംസ്കാരത്തെ എത്രകണ്ടു സാധിക്കുന്നുണ്ടെന്നു നോക്കുന്നതായാൽ മുഴുവൻ അന്ധകാരമയമായ ഒരു സത്വത്തെയാണു ദർശിക്കുന്നതു്. ഇന്നത്തെ വിദ്യാർത്ഥികളുടെ ആത്മാവു് അധികം തമോമയവും അല്പം രജോമയവും ആയ വൃത്തിയുടെ സങ്കലനമാകുന്നു. ആത്മസംസ്കാരകമായ ഏതെങ്കിലും ഭാഗങ്ങൾ ഉരുവിട്ടന്നെങ്കിൽ അതിൽ ഉറപ്പോ വിശ്വാസമോ ഉണ്ടാകുന്നില്ല. പരസ്പരവിരോധവും വാശികൊണ്ടു അസഹ്യമായ ഒരു അശാന്തിയുമാണു സർവ്വത്ര കാണുന്നതു്. മഹാത്മാഗാന്ധിയുടെ സത്യാഗ്രഹപ്രസ്ഥാനം ആത്മീയസംസ്കാരത്തി

ന്റെ അത്യുന്നത സോപാനത്തിലേക്ക നമ്മെ ക്ഷണിക്കുന്നു. എന്നാൽ മാനസികവും കായികവുമായ സംസ്കാരക്കുറവിങ്കലാണ് ഇതിനെ അപേക്ഷിക്കേണ്ടതെന്നൊരു തെറ്റിദ്ധാരണ ചിലരുടെ ഇടയിൽ ഉണ്ട്. അത്യുന്നത മനസ്ഥിതിയും ശരിയായ കായബലവും ഉള്ളവൎക്ക് മാത്രം അനുഷ്ഠിക്കാവുന്ന ഒന്നാണ സത്യാഗ്രഹപ്രസ്ഥാനം.

മാനസികവളൎച്ചയെക്കുറിച്ചു ചിന്തിച്ചാൽ നമുക്ക സ്വന്തമായ മനസ്സില്ലെന്നു ലജ്ജാസമേതം സമ്മതിക്കണം. നമുക്കുള്ള മനസ്സ് അന്യന്റേതാകുന്നു. നാം പഠിച്ചിട്ടുള്ളതും പഠിക്കുന്നതുമെല്ലാം അന്യമനസ്സിനെ പകൎത്തിവയ്ക്കലാണ്. പഴയ ഗുരുകുലവാസവും മറ്റും ഇപ്പോൾ സ്മരിക്കണ്ട. കഴിഞ്ഞ ഒരു നൂറു വൎഷത്തിന്നിപ്പുറമുണ്ടായിട്ടുള്ള പഠിപ്പുകൊണ്ടു നാം എന്തു മനസ്സിലാക്കിയെന്നാലോചിക്കുക. പ്രകൃതിരമണീയമായ ഭാരതമാതാവിന്റെ അകൃത്രിമലാളനത്തെ ആസ്വദിച്ചാനന്ദിക്കാനുള്ള ഭാഗ്യം ഉപേക്ഷിക്കാൻ വേണ്ട മൂഢധൈൎയ്യം നാം അഭ്യസിച്ചു വശമാക്കി. നമ്മുടെ ദിനചൎയ്യകൾ പാശ്ചാത്യരീതിയെ അനുകരിച്ചു പരിഷ്കരിച്ചു. നമ്മുടെ ഭാഷയെ നാം വിലയില്ലാത്തതെന്നു കല്പിച്ചു. യഥാൎത്ഥജ്ഞാനരത്നങ്ങളുടെ പേടകങ്ങളെ ചിതലിനു ആഹാരമാക്കിത്തള്ളി. പൂൎവ്വന്മാരുടെ ആദൎശങ്ങളെ നോക്കിക്കാണ്മാനുള്ള നയനേന്ദ്രിയശക്തി മിക്കവാറും ക്ഷയിപ്പിച്ചു. ആശയവും ഭാവങ്ങളും നമുക്ക സ്വന്തമല്ലാത്ത ഭാഷയിൽ സംഭാഷണം ചെയ്യാനുള്ള പാടവംകൊണ്ടു തൃപ്തിപ്പെട്ടു. നാം രസതന്ത്രം പഠിക്കുന്നുണ്ട്. പ്രകൃതിവിജ്ഞാനീയം പഠിക്കുന്നുണ്ട്. ചരിത്രം പഠിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും നമ്മുടെ സ്വന്തമാകുന്നില്ല. നമ്മുടെ ഈ വക അറിവുകൾ നമ്മിൽനിന്നു വേറിട്ടു നില്ക്കുന്നു. ഇപ്പോഴത്തെ പ്രകൃതിപഠനംകൊണ്ടു തവളയെ പിടിച്ചു ഞെക്കിക്കൊല്ലാനും തുമ്പിയെ പിടിച്ചു ചിറകു പറിക്കാനുമുള്ള വാസനാസാമാന്യം വൎദ്ധിച്ചു കാണുന്നുണ്ട്. ചാടിപ്പോകുന്ന തവളയെ കല്ലെറിഞ്ഞു കൊല്ലാനുള്ള ബാലചാപല്യത്തെ ഈ പ്രകൃതിപഠനം ഒരുപക്ഷേ പോഷിപ്പിച്ചേക്കാം. തുമ്പിയെ പിടിച്ചു കല്ലെടുപ്പിക്കുന്ന ബാലന്മാൎക്ക് തങ്ങളുടെ പ്രവൃത്തിയെ സാധൂകരിക്കുന്നതിനും ഈ പ്രകൃതിപഠനം പോരാത്തതല്ല. ചരിത്രം ദുൎവ്വാസനകളേയും ദുശ്ചിന്തകളേയും ഏറക്കുറെ വളൎത്തുകയില്ലയോ എന്നു ഈ ലേഖകൻ ഭയപ്പെടുന്നു. ചരിത്രപുരുഷന്മാരിൽ മാതൃകാപുരുഷന്മാർ ചുരുങ്ങും. ചതിവും കൗശലവുംകൊണ്ടു ഓരോ ആപൽഘട്ടങ്ങളെ തരണം ചെയ്തു ഉയൎന്ന സ്ഥാനത്തെത്തിയിട്ടുള്ള ചരിത്രപുരുഷന്മാരുടെ മാതൃകയാണ കുട്ടികളെ അനുകരിപ്പിക്കുന്നത്. ഇതുകൊണ്ടു അവർ പഠിക്കുന്നതെന്തു? ഉന്നതപദപ്രാപ്തിക്കു ചതിവും കരുനരിപ്രയോഗവും ആവശ്യമാണെന്നുതന്നെ. നെപ്പോളിയന്റെ കഥ വധപ്രതാപത്തെക്കാൾ

ജാത്യകേതി നിഷ്ഠമാക്കി പഠിപ്പിക്കുന്നെങ്കിൽ നന്നായിരുന്നു. മാനുഷപ്രകൃതി അഥവാ ബാലമനസ്സ് അരയന്നത്തിൻേറതുപോലല്ല; പന്നിയുടേതുപോലെയാകുന്നു. ശുഭാശുഭങ്ങൾ ഇടകലർത്തി ആഖ്യാനം ചെയ്താൽ അശുഭത്തെ ഗ്രഹിക്കയും ശുഭത്തെ വിസ്മരിക്കയും ചെയ്യും. ചരിത്ര പാഠങ്ങളിൽ ചരിത്രപുരുഷന്മാരുടെ ദോഷാംശങ്ങളെ കഴിയുന്നതും മറയ്ക്കണം. അഥവാ പ്രദർശിപ്പിക്കുന്നെങ്കിൽ അങ്ങിനെയുള്ള ചരിത്രപുരുഷന്മാർക്കു അത്യനിഷ്ടഫലം നേരിട്ടതായി വിദ്യാർത്ഥികൾക്കു അനുഭവപ്പെടണം.

വിദ്യാലയങ്ങളിൽനിന്നു വെളിയിലിറങ്ങുമ്പോൾ ഏതെങ്കിലും ഒരു രോഗത്തെ കൂട്ടുപിടിക്കുന്ന കായികസംസ്കാരമാണു നമ്മുടെ വിദ്യാർത്ഥികൾക്കു ലഭിക്കുന്നതു്. പരീക്ഷാവിജയത്തിലുള്ള ഉൽക്കണ്ഠകൊണ്ടു ശരീരപ്രകൃതിയെ വിസ്മരിച്ചുള്ള അത്യദ്ധ്വാനം വിദ്യാർത്ഥികളെ അനാരോഗ്യത്തിനു സഹവിഹാരികളാക്കുന്നു. എത്രതന്നെ ശ്രമപ്പെട്ടാലും 35% കൊണ്ടു വിജയവും 34.5% കൊണ്ടു അപജയവും വരിക്കേണ്ടിവരുന്ന നിരാശക്കു യാതൊരു പരിഹാരവുമില്ല. ബീജഗണിതത്തിലെ ഫാർമല ഉരുവിട്ടും ശതവർഷയുദ്ധത്തിലെ സംഭവങ്ങളെ മനഃപാഠമാക്കിയും ഒരു പ്രകാരം 35% മാർക്കു വാങ്ങി ജയിച്ചു എന്നഭിമാനിച്ചു പുറത്തിറങ്ങുന്നവന് സർക്കാർ ഉദ്യോഗകവാടങ്ങൾ മിക്കവാറും അടഞ്ഞിരിക്കുന്ന ഇക്കാലത്തു നിരാശപ്പെട്ടല്ലാതെ വഴിയില്ല. ഒരുപക്ഷേ കിട്ടാവുന്ന ഗുമസ്തൻ പണിക്കോ ഉപജീവനാർത്ഥം തേടിപ്പിടിക്കുന്ന ഇതരതൊഴിലിനോ അതേവരെ പഠിച്ച വിഷയങ്ങളോടു യാതൊരു ബന്ധവും ഇല്ലാത്തതിനാൽ പരീക്ഷക്കുവേണ്ടി പഠിച്ചതു പരീക്ഷാർത്ഥമെങ്കിലും പിന്നീടുപയോഗിക്കേണ്ട ആവശ്യവുമില്ല. ഈ പരീക്ഷാമൂർത്തി എത്ര യുവാക്കളെയാണു യൗവ്വനവയസ്സിൽ വൃദ്ധരാക്കുന്നതു്. പരീക്ഷക്കു മുൻപും, പരീക്ഷാഫലം പരസ്യമാവുന്നതിനു മുൻപും ഇഹലോകവാസം വെടിയേണ്ടിവരുന്ന വിദ്യാർത്ഥികളുടെ ദയനീയാവസ്ഥ, അനാരോഗ്യശാലികളെ സൃഷ്ടിക്കുന്ന നവീന വിദ്യാഭ്യാസത്തിൻേറ ന്യൂനതയെ പ്രത്യക്ഷപ്പെടുത്തുന്നു.

പാഠശാലകളിലെ ഡ്രില്ലും കളികളുംമൂലം ശരീരത്തിനു വേണ്ടുവോളം വ്യായാമമുണ്ടാക്കി ശരീരസംസ്കാരവിഷയത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്നാണു് അഭിമാനം. പക്ഷേ ഇവ അരോഗദൃഢഗാത്രനാകുന്നതിനു പര്യാപ്തമാകുന്നില്ല. പെരുമാരി ചൊരിയുമ്പോൾ പാടത്തുനിന്നു ഉഴുന്ന കർഷകൻ, പാഠശാലയിൽനിന്നു വീട്ടിലേക്കു പോരുമ്പോൾ ചാറൽമഴയേററതിനാൽ ശീതജ്വരം ബാധിച്ച പ്രിയപുത്രൻേറ ആരോഗ്യത്തെക്കുറിച്ചു അഭിമാനിക്കയില്ലല്ലൊ. നമ്മുടെ വിദ്യാർത്ഥികൾ ശീതോഷ്ണബാധയെ സഹിക്കുന്നതിനു കെല്പില്ലാത്തവരും, ഒരു നേരത്തെ ആഹാരം തെററിയാൽ തളരുന്നവരും ആയിക്കാണുന്നതു അവർ അരോഗ്യശാലികളല്ലെന്നു തെളിയിക്കുന്നു.

മേൽകാണിച്ച കുറവുകളെ ഇല്ലായ്മ ചെയ്യുന്നതിന്നു നമ്മുടെ വിദ്യാഭ്യാസം നമ്മുടെ സ്വാധീനമാക്കുക അത്യാവശ്യമാകുന്നു. വിദ്യാഭ്യാസച്ചുമതല ഗവൎമ്മെണ്ടിൽനിന്നു നാട്ടുകാർ കൈയേല്ക്കണം. ഒരു ഗവൎമ്മെണ്ടിന്റെ ഭരണത്തിൽ പെട്ടവരെല്ലാം ഒരേ മതവിശ്വാസവും ആചാരമൎയ്യാദകളും അവലംബിച്ചു ജീവിക്കുന്ന ഏകസമുദായക്കാരായിരുന്നാൽ വിദ്യാഭ്യാസച്ചുമതല ഗവൎമ്മെണ്ടു വഹിക്കുന്നതുകൊണ്ടു ദോഷമില്ല. ഭിന്നസമുദായക്കാരും വിഭിന്നമതക്കാരുമായ ജനസംഘത്തിന്നു പൊതുവിൽ രുചിപ്രദവും ഉപയോഗകരവുമായ വിദ്യാഭ്യാസപദ്ധതി രൂപീകരിക്കുക അസാദ്ധ്യമാകുന്നു. അതിനാൽ നമ്മുടെ വിശ്വാസത്തിന്നു അനുരൂപമായ ആത്മസംസ്കാരലബ്ധിക്കു ഗവൎമ്മെണ്ടു നയിക്കുന്ന വിദ്യാഭ്യാസം പൎയ്യാപ്തമാകയില്ല. സന്മാൎഗ്ഗാംഗങ്ങളുടെ അനുവൎത്തനമാണ് ആത്മീയസംസ്കാരത്തിന്നുള്ള വഴി. മനുഷ്യരിൽ അധികപങ്കും ദുൎമ്മാൎഗ്ഗത്തിൽ കൂടി ചരിക്കുന്നതിന്നു ആസക്തിയുള്ളവരായിട്ടു കാണുന്നു. ജീവിതക്ലേശവും ലാഭേഛയും ഇതിലേക്കു പ്രേരകങ്ങളാകുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്നു വളരെയൊക്കെ ചെലവു വേണ്ടിവരുന്നതുകൊണ്ടു അങ്ങിനെ ചെലവായ പണത്തിന്റെ പലിശ കണക്കായെയുള്ള ആദായമെങ്കിലും ലാഭിക്കാനാഗ്രഹിക്കുന്നതു അസംഗതവുമല്ലല്ലോ. മതബോധംകൊണ്ടു ഈശ്വരവിശ്വാസവും തന്മൂലം സന്മാൎഗ്ഗപ്രസക്തിയും മനുഷ്യൎക്കുണ്ടാകുന്നു. മതാഭ്യസനംകൊണ്ടു മനശ്ശുദ്ധി വരുത്തുവാൻ ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടു സാധിക്കുന്നില്ല. ഹിന്ദുവും, ക്രിസ്ത്യാനിയും, മഹമ്മദീയനും ഒരുമിച്ചു പഠിച്ചുവരുന്ന പാഠശാലയിൽ മതാഭ്യസനം നടത്തുവാൻ കഴികയില്ല. എല്ലാവൎക്കും രുചിക്കുന്ന പൊതുതത്വങ്ങളെ ആധാരമാക്കി അഭ്യസിപ്പിക്കാമെന്നുവെച്ചാൽ അതു ഒന്നിലും പെടാത്ത ഒരു നൂതനമതമായി തീരും.

മാനസികമായ അഭിവൃദ്ധിക്കു ക്ലാസ്സുസിസ്റ്റം വലിയ പ്രതിബന്ധമാകുന്നു. 35 കുട്ടികളുള്ള ക്ലാസ്സിൽ അത്രയും മനഃസ്ഥിതിയും ഉണ്ടായിരിക്കുമെന്നു വിചാരിക്കണം. ഈ സമൂഹത്തിൽ അജങ്ങളും, അശ്വങ്ങളും, മാടപ്രാക്കളും, വ്യാഘ്രങ്ങളും കേസരികളും, പല്ലികളും, ഈച്ചകളും ഉണ്ടാകും. ഇവയെ എല്ലാം ഒന്നിച്ചിരുത്തി ഒരേ ആഹാരം കൊടുത്തു തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നതുപോലെയാണു വിവിധമനഃസ്ഥിതിയും രുചിയുമുള്ള വിദ്യാൎത്ഥികളെ ഒരേ തോതിൽ ഗണിച്ച് ഒരേ മുഴപ്പിലുള്ള ജ്ഞാനകബളങ്ങളുടെ വിതരണംകൊണ്ടു തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നതും. ഇത്രകാലംകൊണ്ട് ഇത്രയൊക്കെ പഠിച്ചുകൊള്ളണമെന്നുള്ള നിബന്ധവും പരീക്ഷാദേവതയുടെ ഉപാസനയും വേണ്ടെന്നുവെച്ചാൽ ഓരോ വിദ്യാൎത്ഥിയുടെ രുചിയും സാമൎത്ഥ്യവും അനുസരിച്ചു വേണ്ടതു് ഉപദേശിച്ചുകൊടുക്കാൻ സാധിക്കുമെന്നു തോന്നുന്നു.

ദേശീയാംശങ്ങളെ ആസ്പദമാക്കി മാതൃഭാഷയിൽ അഭ്യസനം നടത്തു

ന്നതുകൊണ്ടു മനഃപരിഷ്കാരം വരുത്താൻ എളുപ്പമുണ്ടു്. ഇംഗ്ലീഷുഭാഷാഭ്യസനത്തെ ദുഷിക്കുന്നതായി ആരും കരുതരുതെ. ജീവിതനിൎവ്വഹണത്തിലുള്ള പല പ്രയാസങ്ങളെ അറിയുന്നതിനും അവയ്ക്കു പരിഹാരമാൎഗ്ഗം കണ്ടെത്തുന്നതിനും, കേവലം കൂപമണ്ഡൂകാവസ്ഥവിട്ടു വിശാലമായ ലോകസ്ഥിതി അറിയുന്നതിനും ഇക്കാലസ്ഥിതിക്കു് ഇംഗ്ലീഷുഭാഷ പഠിക്കുക തന്നെ വേണം. എന്നാൽ അതുകൊണ്ടു ദേശീയാദൎശങ്ങളോടു് അവജ്ഞയുണ്ടാവാതേയും മാതൃഭാഷയെ പുഛിക്കാതേയും ഇരിക്കണമെന്നേ താല്പൎയ്യമുള്ളു.

ചിന്താശക്തി, സ്മരണശക്തി, ധാരണാശക്തി, വിഭാവനാശക്തി ഇങ്ങിനെ മനശ്ശക്തിക്കു പല വകുപ്പുകളുണ്ടു്. രസിച്ചു് ആനന്ദിച്ചുള്ള അഭ്യാസംകൊണ്ടാണു് ഈ ശക്തികൾ ഉണരുന്നതു്. ഇംഗ്ലീഷുഭാഷാമുഖേന ഉളവാകുന്ന ആശയങ്ങൾ നമ്മുടെ സ്വന്തമാകുന്നില്ല. തന്മൂലം രസിക്കാനൊ ആനന്ദിക്കാനൊ ഇടയാകാതെവരുന്നു. ബല്യാത്‌പ്രേട്ടി നമുക്കു വിദ്യാഭ്യാസത്തിൽ ആനന്ദമില്ല. ആനന്ദപ്രദമല്ലാത്ത അഭ്യാസത്തെ പിൻതുടരുന്നതു് ആശ ഒന്നുകൊണ്ടുമാത്രമാകുന്നു. മരിക്കത്തക്ക രോഗമാണെങ്കിലും ശമിച്ചേക്കുമെന്ന ആശയാൽ കയ്പുള്ള കഷായവും സേവിക്കാറുണ്ടല്ലൊ. സൎക്കാരുദ്യോഗം കിട്ടുവാനുള്ള മോഹമാണു നമ്മെ ബാധിച്ചിരിക്കുന്ന പൊറുക്കാത്ത ദീനം. ഈ മോഹത്താൽ ആനന്ദവിഹീനമായ വിദ്യാഭ്യാസത്തെ കിരിയാത്തുസത്തുപോലെ ഉള്ളിലേക്കു പകരുന്നു.

ദേശീയകലകളെ പോഷിപ്പിക്കുന്ന വിദ്യാഭ്യാസമാണു നമുക്കു് ആവശ്യം. പുതിയ വിദ്യാഭ്യാസം ഭാരതീയസംഗീതത്തിനു വില കുറച്ചു. മോടിയും പകിട്ടുമുള്ള യന്ത്രനിൎമ്മിതപദാൎത്ഥങ്ങളെയാണല്ലൊ ഇപ്പോൾ അധികം പേരും പ്രിയപ്പെടുന്നതു്. അതുകൊണ്ടാണിവൎക്കു സംഗീതവും പെട്ടിക്കകത്തുള്ള യന്ത്രങ്ങളെ ശരണം പ്രാപിച്ചുകളഞ്ഞതു്. നമ്മുടെ പഴയ ശില്പകലക്കും നാൾക്കുനാൾ അധഃപതനമാണു്. ഭാരതപ്പുഴയുടെ വക്കത്തു നിരക്കുന്ന ആലിൻമുകളിൽ തറച്ചിട്ടുള്ള വിളക്കിൽ കത്തുന്ന ദീപം എത്ര വലിയ കാററും പിശറും ഉണ്ടായാലും കെട്ടുപോകാത്തതിൻെറ കാരണം ആലോചിക്കുന്നവൎക്കു ശില്പവിദ്യയിൽ നമ്മുടെ പൂൎവ്വന്മാൎക്കുണ്ടായിരുന്ന നൈപുണ്യത്തെ അഭിമാനപൂൎവ്വം സ്മരിക്കാം.

വ്യായാമത്തിനും കളികൾക്കും വേണ്ടടത്തോളം സമയം അനുവദിക്കാതെ കുട്ടികളെ നിയന്ത്രിച്ചിരുത്തി പഠിപ്പിക്കുന്ന സമ്പ്രദായം മാറേറണ്ടതിന്നു് ഒട്ടും താമസിച്ചുകൂടാ. പാഠശാല, വിദ്യാൎത്ഥികളുടെ വിഹാരരംഗമായിരിക്കണം. അതു് ഒരു ജയിൽമുറിയാവരുതു്. മണിയടിച്ചുകഴിഞ്ഞാൽ കുട്ടികൾ ക്ലാസിൽ പ്രവേശിച്ചു നിശ്ശബ്ദരായി വൎത്തിക്കണമെന്നാണല്ലൊ ഇപ്പോഴത്തെ മുറ. അഥവാ അവരുടെ ചലനങ്ങളും ഗതാഗതങ്ങളും സ്കൂൾ

ക്കുറ അനുസരിച്ചായിരിക്കണം. ഏതാണ്ടൊരുതരം പട്ടാളമുറപോലെയാണു് കായികസംസ്കാരത്തെസംബന്ധിച്ചുള്ള സ്കൂൾചട്ടങ്ങൾ. നിമിഷംപ്രതി വളൎന്നുകൊണ്ടിരിക്കുന്ന ബാലശരീരത്തിനു ഇതു് എത്രമാത്രം ഹാനികരമാണെന്നു് ആലോചിക്കാൻകൂടിവയ്യ. ഇങ്ങിനെ അടക്കിഒതുക്കിയിരുത്തിയില്ലെങ്കിൽ പരീക്ഷാവിജയം കുന്തമായേക്കാം. അതിനുവേണ്ട കബളങ്ങളെ വിഴുങ്ങുന്നതിനു കളിക്കാനും ഓടാനും മരത്തിൽ കയറാനും നീന്താനും പുറപ്പെട്ടാൽ സമയം മതിയാകയില്ല. കളിച്ചുനടക്കുന്ന ബാലവാസനയെ വെറുക്കാത്ത മാതാപിതാക്കന്മാരും അധ്യാപകന്മാരും ഇപ്പോൾ ദുൎല്ലഭമാണു്. അവരുടെ ഉദ്ദേശ്യവും പരീക്ഷാവിജയമാണല്ലോ.

ദരിദ്രന്മാരായ രക്ഷാകൎത്താക്കന്മാരുടെ കുട്ടികളെ സംബന്ധിച്ചു് ആഹാരക്കുറവിനാൽ ശരീരസംസ്കാരം കേവലം അസാധ്യമെന്നു പറയേണ്ടിയിരിക്കുന്നു. ഉച്ചപ്പട്ടിണിയോടെ 10 മണിമുതൽ 4 മണിവരെ കഴിഞ്ഞുകൂടുന്ന വിദ്യാൎത്ഥികളെ ഭരിക്കാനുള്ള പ്രയാസം അധ്യാപകന്മാരെ ബാധിക്കുന്നില്ല. പരീക്ഷാവിജയം ജന്മസാഫല്യമായി ഗണിച്ചിട്ടുള്ള രക്ഷാകൎത്താക്കന്മാർ ഏറക്കുറെ രോഗികളായ വിദ്യാൎത്ഥികളേയും പാഠശാലയിലേക്കു് അയക്കുക സാധാരണമാകുന്നു. പരീക്ഷാമുറിയിൽ പ്രവേശിക്കുന്നതിനു പഠിപ്പിനേക്കാൾ ഹാജർ പ്രധാനയോഗ്യതയായി കല്പിച്ചിരിക്കുമ്പോൾ ദീനം പിടിച്ചാലും പാഠശാലയിൽചെന്നു കിടക്കാതെ കഴിവില്ലല്ലോ. ശരീരാരോഗ്യം പോരെന്നു തോന്നുന്നവരെ പാഠശാലയിൽനിന്നു പിന്മാററാൻ അധ്യാപകന്മാർ ശ്രമിക്കേണ്ടതാകുന്നു. ഇംഗ്ലീഷുവിദ്യാലയങ്ങളിലെ വിദ്യാൎത്ഥികളെസ്സംബന്ധിച്ചു ഒരുതരം ആരോഗ്യപരിശോധന തിരുവിതാംകൂർ ഗവൎമ്മെന്റു നടത്തിപ്പോരുന്നുണ്ടു്. മലയാളവിദ്യാലയങ്ങളിലെ വിദ്യാൎത്ഥികളുടെ അനാരോഗ്യം രാജ്യക്ഷേമത്തിനു ബാധകമാകയില്ലെന്നുള്ളതുകൊണ്ടായിരിക്കാം അവിടെ ഈ ഏൎപ്പാടു കടക്കാതിരിക്കുന്നതു്. ചുമതലബോധക്കുറവു മലയാളവിദ്യാൎത്ഥികളുടെ രക്ഷാകൎത്താക്കന്മാൎക്കാകയാൽ ഈ ഏൎപ്പാടു നിൎബ്ബന്ധമാക്കേണ്ടതു് അവിടെയാകുന്നു.

വിദ്യാൎത്ഥികളുടെ ഗൃഹ്യപത്രികകളെ നോക്കി ഗ്രഹിക്കുന്നതിനും രക്ഷാകൎത്താക്കന്മാൎക്കു യഥാവസരം വേണ്ട ഉപദേശം കൊടുക്കുന്നതിനുമായി അധ്യാപകന്മാർ ഒഴിവുദിവസങ്ങളിൽ സഞ്ചരിക്കുന്നതും രക്ഷാകൎത്താക്കന്മാരുമായി അഭിമുഖസംഭാഷണം ചെയ്യുന്നതും നന്നായിരിക്കും. എന്നാൽ ഈ ജോലി നിൎവ്വഹിക്കുന്ന അധ്യാപകന്മാർ പരിപക്വജീവിതം നയിക്കുന്നവരായിരിക്കണമെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല. നമ്മുടെ വിദ്യാഭ്യാസം നമുക്കു ആവശ്യമുള്ള ഗുരുനാഥന്മാരെ ഉണ്ടാക്കിത്തരുന്നില്ല. പ്രാഥമികവിദ്യാഭ്യാസച്ചുമതല കൈയേററിട്ടുള്ള സാധുക്കളായ അധ്യാപകന്മാൎക്കു മാനമായി കാലക്ഷേപം ചെയ്യുന്നതിനുവേണ്ട വേതനം ലഭിക്കാത്തതുകൊണ്ടു് അവർ ഉദരക്ഷുത്തിനും ഗൃഹബാധകൾക്കും അധീനരായി കുഴങ്ങുന്ന

വങ്കമാണ്. ഇതിന്റെ ഒക്കെ ഫലമെന്തു്? നമുക്കു യഥാർത്ഥവിദ്യാഭ്യാസം ചെയ്യുന്നതിനു മോഹവും സൗകര്യവുമുണ്ടെങ്കിലും വെള്ളത്തിൽ കിടക്കുന്ന മത്സ്യം ദാഹംകൊണ്ടു വലയുന്നതുപോലെ നമ്മളും വലയുന്നു.

---

# പുസ്തകാഭിപ്രായം.

---

ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനവന്റെ കൃതികൾ പുസ്തകം 1

പ്രസാധകൻ:— പി. വി. കൃഷ്ണവാരിയർ, ലക്ഷ്മീസഹായം അച്ചുക്കൂടം കോട്ടയ്ക്കൽ. വില 1—0—0

“കഥ എഴുത്തുകാരൻ” എന്ന നിലയിൽ കേരളീയർക്കു സുപരിചിതനായ ഒരു ദേഹമായിരുന്നു ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനവനവർകൾ. ഗദ്യസാഹിത്യത്തിലെന്നപോലെതന്നെ പദ്യസാഹിത്യത്തിലും അസാമാന്യമായ വാസനയും തഴക്കവും അദ്ദേഹത്തിനുണ്ടായിരുന്നു എന്നുള്ളതിലേക്കു് ഈ കൃതികൾ ലക്ഷ്യം വഹിക്കുന്നുണ്ടു്. എന്നു മാത്രമല്ല, “കവിജാതനാണു്, സൃഷ്ടനല്ല” എന്ന മഹത്തത്വം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം എത്രയോ പരമാർത്ഥമായിരിക്കുന്നു. “വള്ളത്തോളൊരു പാവമായിരുന്ന കാലത്തുതന്നെ നടുവത്തച്ഛൻനമ്പൂരി മുതൽപേരുടെ കൂട്ടത്തിൽ “ഒടുവിനും” മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. വെണ്മണി പ്രസ്ഥാനത്തിന്റെ ശുദ്ധിയും, സന്ദർഭാനുസൃതമായ രസവും, സമയോചിതമായ വർണ്ണനയും, അദ്ദേഹത്തിന്റെ കൃതിയിൽ എവിടെയും കാണാം. ദേവീസ്തവം, വിനോദിനി, അജാമിളമോക്ഷം എന്നിങ്ങിനെ 14 കൃതികളാണു് ഈ ഗ്രന്ഥത്തിൽ അടങ്ങീട്ടുള്ളതു്.

“കഷ്ടമഹന്തനിമിഷംപ്രതിജീവിതാംശം
കൂടുന്നപാപവുമതിൻക്രമമൊത്തുതന്നെ,
വീടുംനതാംഗിധനധാന്യവുമസ്തു!കുന്നു
മൂടുന്നനേരമവിടന്നരികത്തുവേണം.”

എന്നിങ്ങിനെ ദേവീസ്തവത്തിൽപോലും രസം പിടിച്ച പല പദ്യങ്ങളും കാണുന്നുണ്ടു്.

“തടിച്ചുപിടിയാനയോടെത്തൊരുമൃതുക്കിയാൾതന്റെകൈ
പിടിക്കില്ലൊരുവെരുപ്പമാംധരവരൻ ചാപ്പാൻപടി
തൊടിച്ചുനിലവിട്ടപൂങ്കന്നെ ചാരിഞ്ഞുമുപ്പാരിടം
മുടിച്ചുകൊലകൊമ്പനാരുടെപണിത്തരംമെത്തരം.”

മദിരാശികടൽക്കരയിൽ ഇപ്രകാരമുള്ള പല കാഴ്ചകളും അദ്ദേഹം കണ്ടിട്ടുണ്ടു്; മഹാകവികളുടെ കൃതികൾ കഴിയുന്നിടത്തോളം ശേഖരിച്ചു് പ്രസിദ്ധപ്പെടുത്തുന്നതു് ഒരു ജീവിതാദർശമായി സ്വീകരിച്ചിട്ടുള്ള പി. വി. കൃഷ്ണവാരിയരവർകൾ താമസംവിനാ ഈ “കൃതികളുടെ” അനന്തരഭാഗങ്ങളും

പ്രസിദ്ധപ്പെടുത്തുമെന്നു വിശ്വസിക്കുന്നു. ഭാഷാഭിമാനികളും സാഹിത്യരസികന്മാരുമായ കേരളീയർ, പ്രസാധകന്റെ പരിശ്രമത്തെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

### നവഗ്രഹസ്തോത്രങ്ങൾ.

പ്രസാധകൻ:— പി. വി. കൃഷ്ണവാരിയർ, ലക്ഷ്മീസഹായം അച്ചുക്കൂടം കോട്ടയ്ക്കൽ. വില 0—8—0

പ്രാചീനകാലം മുതൽക്കുതന്നെ ഹിന്ദുക്കൾ നവഗ്രഹങ്ങളെ ദേവതകളായി സങ്കല്പിച്ച് അർച്ചനാദികൾ ചെയ്തുവരുന്നു. തദവസരങ്ങളിൽ "സ്തോത്രമന്ത്ര"ങ്ങളുടെ ആവശ്യം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണല്ലോ. പ്രസ്തുത ആവശ്യത്തിലേക്ക് ഈ ഗ്രന്ഥം വളരെ ഉപകരിക്കുമെന്നുള്ളതിനാൽ പ്രസാധകൻ മിസ്റ്റർ വാരിയരുടെ ഈ വിഷയത്തിലുള്ള പരിശ്രമം അസ്ഥാനത്തിലായിരുന്നില്ല. ഒരു നല്ല വ്യാഖ്യാനംകൂടി കൂടാതെ മലയാളഭാഷയിൽ മാത്രം അച്ചടിച്ചതുകൊണ്ടു പ്രസാധകൻ വിചാരിക്കുന്നിടത്തോളം പ്രചാരം ഇതിനുണ്ടാകുമെന്നു വിചാരിക്കാൻ ന്യായവുമില്ല. ആ വക കുറവും അടുത്ത പതിപ്പിൽ പരിഹരിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു.

## കുറിപ്പുകൾ

### അദ്ധ്യാപകന്മാർ ജോലിയിൽനിന്ന് എപ്പോൾ പിരിയണം?

അദ്ധ്യാപകന്മാർ ജോലിയിൽനിന്നു പിരിയേണ്ടതു് എപ്പോഴാണെന്നുള്ള ചോദ്യം നാനാഭാഗങ്ങളിൽനിന്നും നാം കേൾക്കുന്നു. വാർദ്ധക്യനിമിത്തം അശക്തരായവരെ പിരിച്ചു നല്ല സാമർത്ഥ്യവും ശക്തിയുമുള്ള അദ്ധ്യാപകന്മാരെ നിയമിക്കുവാൻ ഉത്സുകരായ മാനേജർമാരിൽനിന്നും ഈ ചോദ്യം കേൾക്കാറുണ്ടു്. ജോലിയിൽനിന്നും പിരിഞ്ഞാൽ തങ്ങളുടെ അല്പശമ്പളത്തിൽ കുറവു വരുമല്ലോ എന്നു ഭയപ്പെടുന്ന അദ്ധ്യാപകന്മാരും ഈ ചോദ്യം ചോദിക്കാറുണ്ടു്. അദ്ധ്യാപകവൃത്തിക്കു വെളിയിലിറങ്ങി അധികം പ്രവൃത്തിയെടുക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ടു് അദ്ധ്യാപകന്മാർക്കു പെൻഷൻ കൂടാതെ വളരെനാൾ ജീവിച്ചിരിക്കാമെന്നുള്ള ധാരണ തെറ്റാണു്. അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവർക്കു വളരെ ജോലി ചെയ്യുവാനുണ്ടു്. ബുദ്ധി നല്ലപോലെ ഉപയോഗിക്കണം; എപ്പോഴും നല്ല ഉന്മേഷം കാണിക്കണം; ജോലിചെയ്യുവാനുള്ള മിടുക്കും വേണം; വാർദ്ധക്യദശയിൽ ഇവയെല്ലാം ശരിയായി ഉണ്ടായിരിക്കുവാൻ പ്രയാസമാകുന്നതുകൊണ്ടു് ഈ ജോലിയിലും പെൻഷൻ അനുവദിക്കുന്ന കാര്യത്തിൽ നല്ല ചിട്ടയും നിഷ്ഠയും ആവശ്യമാണു്. ഓക്സ്ഫോർഡും കേംബ്രിഡ്ജും സർവ്വകലാശാലകളെ സംബന്ധിച്ചു ചില വിഷയങ്ങളെപ്പറ്റി ആലോചിക്കുവാൻ കൂടിയ ഇംഗ്ലണ്ടിലെ രാജകീയകമ്മീഷൻ, പെൻഷൻകാര്യത്തെപ്പറ്റി ചിന്തിക്കുകയും

ഒരു ക്ലിപ്തവയസ്സിനു മേലുള്ളവരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനെ പ്രതികൂലിക്കയും ചെയ്യുന്നു. സെനററ് സിൻഡിക്കേററ് മുതലായ സംഘങ്ങളിൽകൂടി ഒരു ക്ലിപ്തവയസ്സിനുമേലുള്ളവർ അംഗങ്ങളായിരുന്നുകൂടാ എന്നും കമ്മിഷൻ അഭിപ്രായപ്പെട്ടു. അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവരോട് ഇവിടെ ഇതിനെപ്പററി പറഞ്ഞതു മുകളിലെ നിലയിലുള്ള പുസ്തകശാലയിൽ പോകുന്നതിനു കാലുകളിന്റെ കോണിപ്പടി ചാടിക്കയറുവാൻ എന്നു വയ്യാതാകുന്നുവോ അന്ന് ഉദ്യോഗത്തിൽനിന്നും പിരിയും എന്നാണ്. നമ്മുടെയിടയിൽ ഉമ്മറപ്പടിയിൽനിന്നും നീങ്ങാനോ നിരങ്ങാനോ കഴിയാതായാൽപോലും അധ്യാപകവൃത്തിയിൽനിന്നും പിരിയാത്തതല്ലേ ആശ്ചര്യം.

## തൊഴിലില്ലായ്മ.

മദ്രാസിലെ തൊഴില്ലായ്മയെപ്പററി അന്വേഷിക്കുന്നതിനായി ഒരു കമ്മററിയെ നിയോഗിച്ചിരിക്കുന്നു. ആ കമ്മററിയുടെ അധ്യക്ഷൻ മിസ്റ്റർ പാഡിസൺ ഐ സി എസ്സ് ആണ്. അവരുടെ ശ്രമത്താൽ എന്തെങ്കിലും ഗുണമുണ്ടാകുമെന്നുവേണം വിചാരിക്കുവാൻ. അവരുടെ ചോദ്യങ്ങൾക്കു ഉത്തരം നൽകുവാനായി വിദ്യാഭ്യാസപ്രവർത്തകന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചിട്ടുമുണ്ട്. ഈ വിഷയത്തെപ്പററി അധ്യാപകന്മാർക്ക് പ്രത്യേകം അവകാശത്തോടുകൂടി സംസാരിക്കാം. എന്തുകൊണ്ടെന്നാൽ മദ്രാസ്പ്രസിഡൻസിയിലെ വിദ്യാഭ്യാസസ്ഥിതിയും തൊഴിലില്ലാത്തവരുടെ സംഖ്യയും അവർക്ക് നല്ലപോലെ അറിയാമല്ലോ. വിദ്യാഭ്യാസത്തിനുശേഷം അവരുടെ കൈവിട്ടുപോകുന്ന യുവാക്കൾക്ക് എന്തു സംഭവിക്കുന്നു എന്നുള്ളതിനെപ്പററി അവർക്ക് നല്ല അറിവുണ്ടായിരിക്കും. കമ്മററിക്കാർ ചോദ്യങ്ങൾ പല വിദ്യാഭ്യാസപ്രവർത്തകന്മാർക്കും അയച്ചിട്ടുണ്ട്. ഇൻഡ്യയിൽ മററുള്ള ഭാഗങ്ങളിലെപ്പോലെ മദ്രാസിലെ തൊഴിലില്ലായ്മ ഭയങ്കരം തന്നെയാണ്. എല്ലാവരും അവരുടെ റിപ്പോർട്ടിനെ കാത്തിരിക്കുന്നു. ഈ മഹാരോഗത്തിന് അവർ ഒരു നല്ല ഔഷധം കണ്ടുപിടിക്കുമെന്നുവേണം വിചാരിക്കുവാൻ. തിരുവിതാംകൂറിലെ തൊഴില്ലായ്മയെപ്പററി ഞങ്ങൾ പല പ്രാവശ്യവും പറഞ്ഞിട്ടുണ്ട്. ആ കാര്യത്തെപ്പററി അന്വേഷിക്കുന്നതിന് ഒരു കമ്മററിയെ ഏർപ്പെടുത്തുന്നതു നന്നായിരിക്കും.

## കൊച്ചിനിയമസഭയിലെ ചില ചോദ്യങ്ങൾ.

കഴിഞ്ഞ കൊച്ചി നിയമസഭയിൽ, മിസ്റ്റർ അപ്പൈപ്രാം അമ്പൂക്കൻ (എം. എൽ. സി.) അവിടത്തെ വിദ്യാലയങ്ങളിൽ ഗവമ്മെണ്ടിൽനിന്നും വരുത്തിക്കൊടുക്കുന്ന മാസികകളെക്കുറിച്ചും 'ഗുരുനാഥൻ' മാസികയെക്കുറിച്ചും വിലയേറിയ ചില ചോദ്യങ്ങൾ ചോദിച്ചുകാണുന്നതിൽ ഞങ്ങൾ [illegible] അഭിനന്ദിക്കുന്നു. വായനക്കാരുടെ അറിവിലേക്കായി ആ ചോദ്യങ്ങളും അവയുടെ ഉത്തരവും ചുരുക്കമായി അടിയിൽ ചേർക്കുന്നു.

## ചോദ്യങ്ങൾ

1. വിദ്യാലയങ്ങളിലെ ഉപയോഗത്തിനായി ഏതെങ്കിലും മാസികകൾ വരുത്തിക്കൊടുക്കുന്നുണ്ടോ എന്നു പറയുവാൻ ഗവൎമ്മെണ്ടിനു ദയവുണ്ടാകുമൊ?

2. ഉണ്ടെങ്കിൽ അവ ഏതെല്ലാം?

3. പറവൂരിൽനിന്നും മിസ്റ്റർ ആർ ഈശ്വരപിള്ള ബി. ഏ. യുടെ ആധിപത്യത്തിൽ നടത്തിവരുന്ന ഗുരുനാഥൻമാസിക അദ്ധ്യാപകന്മാരുടെ ഉപയോഗത്തിനുകൊള്ളാമെന്നു വിദ്യാഭ്യാസഡയറക്ടരുടെ ദൃഷ്ടിക്കു വിഷയീഭവിച്ചിട്ടുണ്ടോ എന്നു് ഗവൎമ്മെണ്ടു പറയുമൊ?

4. ഉണ്ടെങ്കിൽ അതു വരുത്തി എല്ലാ വിദ്യാലയങ്ങളിലും ഓരോ പ്രതി കൊടുക്കുന്നതിനു വേണ്ട ഏൎപ്പാടു ഗവൎമ്മെണ്ടു ചെയ്യുമൊ?

## ഉത്തരങ്ങൾ.

ഡയറക്ടർ മിസ്റ്റർ മത്തായി.

I. ഉണ്ട്.

II. താഴെ പറയുന്ന മാസികകൾ വരുത്തുന്നുണ്ട്. കൈരളി, സ്ത്രീധൎമ്മം, സൌത്തു് ഇൻഡ്യൻ ബോയിസ്കൌട്ട്, മഹാരാജാസ് കാളേജുമാസിക, സഹൃദയ, എഡ്യൂക്കേഷൻറവ്യൂ, ഇൻഡ്യൻ എഡ്യൂക്കേറ്റർ, ജയമിനിയാശ്വമേധം, സദ്ഗുരു, ലക്ഷ്മീബായി, ഗേൾസ്കൌട്ട്, സെന്തോമസ്സുകാളേജുമാസിക, അവ്വർ ലിറ്റിൽ ഫ്രെൻറ്.

III&IV. ഗവൎമ്മെണ്ടിൽനിന്നും മാസിക എടുക്കാൻ ഗുരുനാഥൻ മാനേജർ ആവശ്യപ്പെട്ടിരുന്നു. ഗവൎമ്മെണ്ടിനു മാസിക വരുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മേൽ കാണിച്ചിരിക്കുന്ന മാസികകളുടെ പേരുകൾ നോക്കിയാൽ ഡയറക്ടർക്കു വിദ്യാലയങ്ങളിലേക്കു വരുത്തിക്കൊടുക്കേണ്ട മാസികകളുടെ വകതിരിവു് ഇല്ലെന്നു വായനക്കാൎക്കു തോന്നാനിടയുണ്ട് എന്നാൽ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽ ഇരുന്നു് ഒരു നല്ല പേരു സമ്പാദിച്ചിട്ടുള്ള ഡയറക്ടർ മിസ്റ്റർ മത്തായി ആ വിഷയത്തിൽ തീരെ അജ്ഞനാണെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. മേൽപറഞ്ഞ മാസികകളും ഗുരുനാഥനുംകൂടി വായിച്ചു നോക്കിയാൽ വിദ്യാലയങ്ങളിലേയ്ക്കു കൊടുക്കുവാൻ ഗുരുനാഥനു യോഗ്യത കുറവില്ലെന്നു് നിൎമ്മത്സരന്മാർ സമ്മതിക്കുന്നതാണു്. തിരുവിതാംകൂറിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടുകാർ വിദ്യാലയങ്ങളിലേയ്ക്കു ഗുരുനാഥൻ വരുത്തിക്കൊടുക്കുന്നതുകൊണ്ടു തന്നെ ആ കാൎയ്യം സ്പഷ്ടമാകുന്നതാണല്ലൊ. ഈ സംഗതി കൊച്ചിയിലെ വിദ്യാഭ്യാസഡയറക്ടരും, ഗവൎമ്മെണ്ടും പുനരപി ആലോചിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. "സേവാബലം സൎവ്വബലാൽ പ്രധാനം" എന്ന രീതിയിൽ വൎത്തിക്കുന്നതു് — വിശേഷിച്ചും വിദ്യാഭ്യാസപ്രവൎത്തകന്മാൎക്കു — തീരെ പോരായ്മയാണെന്നു പറയേണ്ടതില്ലല്ലൊ.